പഞ്ചായത്ത്‌രാജ്

പുസ്തകം 49 ◆ ലക്കം 5 പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം ആഗസ്റ്റ് 2009

അധികാര കൈമാറ്റ സൂചികയുടെ പരിമിതികൾ

ശ്വാനസംരക്ഷണം

ഗ്രാമപഞ്ചായത്തുകളിലെ അക്കൗണ്ടന്റ്

ചുമതലകളും ഉത്തരവാദിത്വങ്ങളും

'നമ്മുടെ പഞ്ചായത്ത്
ശുചിത്വത്തിന്റെ പാതയിൽ

പഞ്ചായത്തിന്റെ ശുചിത്വം
നമ്മുടെ കൈകളിൽ'

- പകർച്ചവ്യാധികളെ അകറ്റി നിർത്തുക
- പരിസര ശുചിത്വ പ്രവർത്തനങ്ങൾക്ക് മുൻകൈ എടുക്കുക

നമ്മുടെ ലക്ഷ്യം
മാലിന്യമുക്ത കേരളം

പബ്ലിസിറ്റി വിഭാഗം, പഞ്ചായത്ത് വകുപ്പ്

ഉള്ളടക്കം

5 എഡിറ്ററുടെ പേജ്

6 അധികാര കൈമാറ്റ സൂചികയുടെ പരിമിതികൾ
പ്രൊഫ. എം. എ. ഉമ്മൻ

9 കില സോഷ്യൽ ഓഡിറ്റിംഗിലേയ്ക്ക്
പ്രൊഫ. എൻ. രമാകാന്തൻ

12 ശ്വാനസംരക്ഷണം
എൻ.സുരാജ്

14 ഗ്രാമപഞ്ചായത്തുകളിലെ അക്കൗണ്ടന്റ്: ചുമതലകളും ഉത്തരവാദിത്വങ്ങളും
ഉദയഭാനു കണ്ടേത്ത്

19 ഫ്രണ്ട് ഓഫീസ് സംവിധാനം വ്യാപിക്കുന്നു
പഞ്ചായത്ത് ന്യൂസ് സർവ്വീസ്

21 വികസനത്തിന് ഒരുങ്ങുന്ന ജമ്മുകാശ്മീർ ഗ്രാമങ്ങൾ
ഡോ.പി.പി. ബാലൻ

24 ഓണം : കാർഷിക കേരളത്തിന്റെ വിളവെടുപ്പ് ഉത്സവം
ഡോ. എം.എസ്. രാധാകൃഷ്ണപിള്ള

26 പൂക്കളവും പൂത്തുമ്പിയും (കവിത)
ഡോ. എഴുമറ്റൂർ രാജരാജവർമ്മ

27 അധികാര വികേന്ദ്രീകരണ ചർച്ചാ വേദിയിൽ നിന്ന്
ഡോ. ജോയ് ഇളമൺ

28 മഞ്ഞൾ പ്രസാദവുമായി ഹരിപ്പാട്ടെ കുടുംബശ്രീക്കാർ
ജെസി നാരായണൻ

30 അറിയപ്പെടാത്ത നായകന്മാർ
കെ.കെ. ഖുള്ളർ

34 തേഞ്ഞുമാഞ്ഞുപോകുന്ന ഗ്രാമീണമൊഴിമുത്തുകൾ
മുരളീധരൻ തഴക്കര

35 ഗ്രാമമൊഴികൾ
ഭാനുമതി മേനോൻ പള്ളിയാളി

36 വടക്കഞ്ചേരി - മുന്നൊരുക്ക പ്രവർത്തനങ്ങളിലെ അനുകരണീയ മാതൃക
അജിത് വെണ്ണിയൂർ

39 തമിഴ്നാട്ടിലെ ഗ്രാമക്കാഴ്ചകൾ
റോയ് ചാക്കോ ഇളമണ്ണൂർ

42 വാർത്തകൾ വിശേഷങ്ങൾ

കത്തുകൾ

വീടില്ലാത്തവർക്ക് വീട്

പഞ്ചായത്ത് രാജ് മാസികയുടെ ജൂലൈ ലക്കത്തിൽ പ്രസിദ്ധീകരിച്ച പതിനൊന്നാം പദ്ധതിയിലുൾപ്പെടുത്തി കേരള സർക്കാർ നടപ്പാക്കുന്ന വീടില്ലാത്ത മുഴുവൻ പേർക്കും വീട് നൽകാനുദ്ദേശിച്ചുകൊണ്ടുള്ള ഇ.എം.എസ് സമ്പൂർണ്ണഭവന പദ്ധതിയെക്കുറിച്ചുള്ള കവർ സ്റ്റോറി പദ്ധതിയെക്കുറിച്ച് പൂർണ്ണമായി മനസ്സിലാക്കാനുതകുന്നതായിരുന്നു. അടിസ്ഥാന വർഗ്ഗത്തിന്റെ ഉന്നമനത്തിനായി എന്നും നിലകൊണ്ട മഹാനായ ഇ.എം.എസിന്റെ പേര് തന്നെയാണ് മഹത്തായ ഈ പദ്ധതിക്ക് ഏറ്റവും ഉചിതമായത്. ചിക്കുൻഗുനിയ, കോളറ രോഗങ്ങൾ പകരുന്ന വിധവും അവയുടെ ലക്ഷണങ്ങളും ചികിത്സാരീതിയും വിശദമാക്കുന്ന ലേഖനം വിജ്ഞാനപ്രദവും കാലികപ്രസക്തിയുള്ളതുമായിരുന്നു. അപകടങ്ങളും അപകട മരണങ്ങളും നാൾക്കുനാൾ വർദ്ധിച്ചുവരുന്ന ഈ കാലഘട്ടത്തിൽ 'അപകടനിയന്ത്രണ വർഷാചരണം 2009' എന്ന ഭരണിക്കാവ് ഗ്രാമപഞ്ചായത്തിന്റെ പദ്ധതി ഏറെ ശ്രദ്ധേയമാണ്. എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും ഇത് മാതൃകയാക്കി പദ്ധതികൾ നടപ്പാക്കിയാൽ അപകടങ്ങൾ വലിയൊരളവുവരെ കുറച്ചുകൊണ്ടുവരാൻ കഴിയും. ഇത്തരത്തിലുള്ള വ്യത്യസ്തമായ പദ്ധതികൾ കണ്ടെത്തി അവയെക്കുറിച്ചുള്ള ലേഖനങ്ങൾ എല്ലാ ലക്കത്തിലും ഉൾപ്പെടുത്താൻ ശ്രദ്ധിക്കണമെന്നഭ്യർത്ഥിക്കുന്നു.

രാജീവ്
കാർട്ടേഴ്സ് നംപർ 45/561
ആർ.ജി.എച്ച്.എസ്
പൂജപ്പുര, തിരുവനന്തപുരം

മഴക്കാല രോഗങ്ങൾ

പഞ്ചായത്ത് രാജ് മാസികയുടെ സ്ഥിരം വായനക്കാരനാണ് ഞാൻ. കഴിഞ്ഞ മൂന്ന് ലക്കങ്ങളായി പ്രസിദ്ധീകരിച്ചുവരുന്ന മഴക്കാല രോഗങ്ങളും പ്രതിവിധിയുമെന്ന ലേഖനം വളരെ പ്രയോജനകരമായിരുന്നു. സാധാരണക്കാരന് വായിച്ചു മനസ്സിലാകത്തക്ക വിധത്തിൽ ലളിതമായ ഭാഷയിൽ എഴുതിയിരുന്നതിനാൽ ഏറെ സഹായകരമായി. ഇത്തരം ലേഖനങ്ങൾ ഇനിയും പ്രസിദ്ധീകരിക്കുമെന്ന് കരുതട്ടെ. കൂടാതെ തൊഴിലുറപ്പ് പദ്ധതിയെപ്പറ്റിയും കുടുംബശ്രീയുടെ വിജയകരമായ മുന്നേറ്റത്തെപ്പറ്റിയുമുള്ള ലേഖനങ്ങളും മികവ് പുലർത്തുന്നുണ്ട്.

ഷിബു കെ.കെ.
കുടജാദ്രി, കല്പറ്റ, വയനാട്.

അപകടനിയന്ത്രണം

ജൂലൈ ലക്കം പഞ്ചായത്ത് രാജിൽ പ്രസിദ്ധീകരിച്ച അപകട നിയന്ത്രണത്തിനുള്ള പുതിയ കാൽവെയ്പ് എന്ന ലേഖനം ഏവരേയും ചിന്തിപ്പിക്കുന്നതാണ്. പത്രവാർത്തകളിൽ നിറഞ്ഞുനിൽക്കുന്ന റോഡപകട വാർത്തകൾ-ഉറ്റവരുടേയും ഉടയവരുടേയും തേങ്ങലുകൾ ഇതിനൊരു അവസാനമുണ്ടാക്കുവാൻ ഭരണിക്കാവ് പഞ്ചായത്തിന്റെ രീതി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഏറ്റെടുത്തെങ്കിൽ എന്നാഗ്രഹിക്കുന്നു.

രാജു കാവിൽ
കാവിൽ വീട്, മായാപുരി
ഇടുക്കി

അപേക്ഷ ക്ഷണിക്കുന്നു

ശ്മശാനങ്ങൾക്കും അറവുശാലകൾക്കും സഹായധനം

2009-10 സാമ്പത്തിക വർഷം സംസ്ഥാന പ്ലാനിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ ശ്മശാനങ്ങളും, അറവുശാലകളും നിർമ്മിക്കുന്നതിനായി പ്രോത്സാഹന സഹായധനം നൽകുന്നതിന് ഗ്രാമപഞ്ചായത്തുകളിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. ശ്മശാന നിർമ്മാണത്തിന് 10 ലക്ഷം രൂപ വീതം 17 ഗ്രാമ പഞ്ചായത്തുകൾക്കും, അറവുശാല നിർമ്മാണത്തിന് 5 ലക്ഷം രൂപ വീതം 45 ഗ്രാമപഞ്ചായത്തുകൾക്കുമാണ് സഹായധനം നൽകുന്നത്. നിലവിൽ സ്വന്തമായി ഭൂമിയുള്ള ഗ്രാമപഞ്ചായത്തുകൾക്കും, പദ്ധതി നടത്തിപ്പ് ചെലവിന്റെ 50% പഞ്ചായത്ത് വിഹിതമായി ഉൾപ്പെടുത്തുന്ന ഗ്രാമപഞ്ചായത്തുകൾക്കും മുൻഗണന നൽകുന്നതാണ്. മുൻകാലങ്ങളിൽ ഈ പദ്ധതി പ്രകാരം സഹായധനം ലഭിച്ചിട്ടുള്ള ഗ്രാമപഞ്ചായത്തുകളുടെ അപേക്ഷ പരിഗണിക്കുന്നതല്ല. അപേക്ഷകൾ 2009 ആഗസ്റ്റ് 31 ന് മുമ്പായി പഞ്ചായത്ത് ഡയറക്ടർക്ക് ലഭിക്കേണ്ടതാണ്.

ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി: ഗ്രാമപഞ്ചായത്തുകൾക്ക് അവാർഡ്

ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി ഏറ്റവും മാതൃകാപരമായി നടപ്പാക്കുന്ന മൂന്നു ഗ്രാമപഞ്ചായത്തുകൾക്ക് അവാർഡ് നൽകാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചു. എല്ലാ വർഷവും ഫെബ്രുവരി രണ്ടിന് അവാർഡ് വിതരണം ചെയ്യും. ട്രോഫിയും സർട്ടിഫിക്കറ്റും അടങ്ങുന്നതാണ് അവാർഡ്. മാർച്ച് 31ന് അവസാനിച്ച മുൻ ധനകാര്യ വർഷത്തെ പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിലായിരിക്കും പഞ്ചായത്തുകളെ അവാർഡിനായി തിരഞ്ഞെടുക്കുക. സംസ്ഥാനതല അവാർഡിനായി ജില്ലാതലത്തിൽ ഏറ്റവും നല്ല മൂന്നു ഗ്രാമപഞ്ചായത്തുകളെ കണ്ടെത്തണം. ഇതിനായി ജില്ലാ പ്രോഗ്രാം കോ-ഓർഡിനേറ്ററുടെ ശുപാർശയോടെ ഗ്രാമ വികസന കമ്മീഷണർക്ക് അപേക്ഷ നൽകണം. ഗ്രാമ പഞ്ചായത്ത് നിർവ്വഹിച്ചിട്ടുള്ള പ്രവൃത്തികൾ, ഏറ്റെടുത്ത സാഹചര്യം, പദ്ധതി കൊണ്ടുണ്ടാകുന്ന ഗുണഫലങ്ങൾ, ദേശീയ തൊഴിലുറപ്പു പദ്ധതിയുടെ നടത്തിപ്പിൽ പ്രവൃത്തികൾ എപ്രകാരം മാതൃകയായി തീർന്നു, പ്രവൃത്തിയുടെ സാമൂഹ്യ പശ്ചാത്തലം എന്നീ വിവരങ്ങളടങ്ങുന്ന വിശദാംശങ്ങൾ അപേക്ഷയോടൊപ്പം വയ്ക്കണം. അവസാന തീയതി സെപ്റ്റംബർ 30.

പഞ്ചായത്ത് രാജ്
പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

ആഗസ്റ്റ് 2009
പുസ്തകം 49
ലക്കം 5
വാർഷിക വരിസംഖ്യ: 120 രൂപ
www.lsg.kerala.gov.in

ഉപദേശക സമിതി

ചെയർമാൻ
പാലോളി മുഹമ്മദ്കുട്ടി
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി

അംഗങ്ങൾ
എസ്.എം. വിജയാനന്ദ്, ഐ.എ.എസ്.
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണവകുപ്പ്

എം. നന്ദകുമാർ ഐ.എ.എസ്.
ഡയറക്ടർ
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

കെ. നാരായണൻ
പ്രസിഡന്റ്
കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ

സി. എസ്. ബിജു
സെക്രട്ടറി, പ്രസ് ക്ലബ്, തിരുവനന്തപുരം

ജി. ഹരികൃഷ്ണൻ
പബ്ലിസിറ്റി ഓഫീസർ, പഞ്ചായത്ത് വകുപ്പ്

കൺവീനർ
ഡോ. വി. എം. ഗോപാലമേനോൻ, ഐ.എ.എസ്.
പഞ്ചായത്ത് ഡയറക്ടർ

എഡിറ്റർ
ഡോ. വി. എം. ഗോപാലമേനോൻ, ഐ.എ.എസ്.
e-mail: directorofpanchayat@gmail.com
Ph: 0471-2323286

അസിസ്റ്റന്റ് എഡിറ്റർ
ജി. ഹരികൃഷ്ണൻ
e-mail: pub.off@gmail.com
Ph: 0471-2321054

കവർ ഡിസൈൻ & ലേ ഔട്ട്
എ.ബി.സി. കളർ സിസ്റ്റംസ്

ലേഖകരുടെ അഭിപ്രായം
സർക്കാരിന്റേതായിരിക്കണമെന്നില്ല.
അവയുടെ പൂർണ്ണമായ ഉത്തരവാദിത്വം
ലേഖകർക്ക് മാത്രമായിരിക്കും.

മേൽവിലാസം
എഡിറ്റർ
പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.
തിരുവനന്തപുരം - 695033.

എഡിറ്ററുടെ പേജ്

കണക്കെഴുത്തിൽ കാര്യക്ഷമത ഉറപ്പാക്കണം

ഗ്രാമപഞ്ചായത്തുകളുടെ അക്കൗണ്ടിംഗ് സമ്പ്രദായവും ധനമാനേജ്മെന്റും കുറ്റമറ്റതാക്കുന്നതിനുവേണ്ടി സർക്കാർ അനുവദിച്ച അക്കൗണ്ടന്റ് തസ്തികയിലേയ്ക്ക് നിയമിക്കപ്പെട്ടവർക്കുള്ള പരിശീലന പരിപാടി നടന്നുവരികയാണ്.ഇ.റ്റി.സി (തളിപ്പറമ്പ്), കില (തൃശ്ശൂർ), എസ്.ഐ.ആർ.ഡി (കൊട്ടാരക്കര), തിരുവനന്തപുരം എന്നീ നാലുകേന്ദ്രങ്ങളിൽ മൂന്ന് ബാച്ചുകളിലായാണ് പരിശീലനം നൽകുന്നത്.

ഭരണഘടനയുടെ 73-ാം ഭേദഗതിയെ തുടർന്ന് നടപ്പാക്കിയ അധികാരവികേന്ദ്രീകരണം ഗ്രാമപഞ്ചായത്തുകളുടെ ജോലിഭാരം പലമടങ്ങ് വർദ്ധിപ്പിച്ചിരുന്നു. എന്നാൽ ഇതിനനുസൃതമായി ജീവനക്കാരുടെ എണ്ണത്തിൽ വർദ്ധനവുണ്ടായില്ല. 1995ൽ വിവിധ വകുപ്പുകളുടെ നിയന്ത്രണത്തിലായിരുന്ന ചില സ്ഥാപനങ്ങളും ഉദ്യോഗസ്ഥരും പഞ്ചായത്തുകൾക്ക് കൈമാറ്റം ചെയ്തിരുന്നു. 1999ൽ എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഒരു ക്ലറിക്കൽ തസ്തിക സൃഷ്ടിച്ചിരുന്നു. ഇതിനുപുറമേ സെൻ കമ്മിഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 2000ൽ പുനർവിന്യാസം വഴി മറ്റ് വകുപ്പുകളിൽ നിന്നും ജീവനക്കാരെ ഗ്രാമപഞ്ചായത്തുകളിൽ നിയമിച്ചിരുന്നു. അധികാരങ്ങൾക്കൊപ്പം സമ്പത്തും കൂടി വികേന്ദ്രീകരിച്ചു നൽകിയപ്പോൾ പഞ്ചായത്തുകളുടെ ധനസ്ഥിതിയിലും മാറ്റമുണ്ടായി. വികസനഫണ്ട്, സംസ്ഥാനാവിഷ്കൃത ഫണ്ട്, കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിഹിതം, മെയിന്റനൻസ് ഗ്രാന്റ്, പൊതു ആവശ്യഗ്രാന്റ്, തനത് ഫണ്ട് തുടങ്ങിയ വിവിധങ്ങളായ ധനസ്രോതസുകളിലൂടെ കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ഒരു സാമ്പത്തിക വർഷം ശരാശരി 1.5 കോടിയിലധികം രൂപയുടെ വിനിമയം നടത്തേണ്ടിവരുന്നുണ്ട്. മുൻ വർഷങ്ങളിൽ നിന്ന് വ്യത്യസ്തമായി ധനസംബന്ധമായ ജോലിഭാരം പതിന്മടങ്ങ് വർദ്ധിച്ച സാഹചര്യത്തിൽ അക്കൗണ്ടിംഗ് സമ്പ്രദായം ശക്തിപ്പെടുത്തണമെന്ന് അക്കൗണ്ടന്റ് ജനറലും മൂന്നാം ധനകാര്യ കമ്മിഷനും സർക്കാരിനോട് നിർദ്ദേശിച്ചിരുന്നു. കണക്കുകൾ കൈകാര്യം ചെയ്യുന്നതിന് പ്രത്യേകം നിയുക്തനായ ജീവനക്കാരനില്ലാതിരുന്നത്, കണക്കുകൾ ആഡിറ്റിന് തയ്യാറാക്കി നൽകുന്നതിനും, ഒമ്പതും പത്തും പദ്ധതിക്കാലത്ത് കൈവരിച്ച നേട്ടങ്ങൾ ഉയർത്തിപ്പിടിക്കുന്നതിനും തടസ്സമായി. ഈ സാഹചര്യങ്ങളെല്ലാം കണക്കിലെടുത്തുകൊണ്ടാണ് ഗ്രാമപഞ്ചായത്തുകളിൽ അക്കൗണ്ടന്റ് തസ്തിക സൃഷ്ടിച്ച് സർക്കാർ ഉത്തരവായത്.

ഗ്രാമപഞ്ചായത്തുകളിലെ അക്കൗണ്ടന്റിന്റെ ചുമതലയും ഉത്തരവാദിത്വങ്ങളും നിർവചിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അക്കൗണ്ട് തയ്യാറാക്കുന്നതിനും, ഇതു സംബന്ധിച്ച രജിസ്റ്ററുകളും രേഖകളും എഴുതി പരിപാലിക്കുന്നതിന്റേയും സൂക്ഷിക്കുന്നതിന്റേയും ഉത്തരവാദിത്വം അക്കൗണ്ടന്റിനാണ്. പ്രതിമാസ അക്കൗണ്ട്, വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റ്, കണക്കുമായി ബന്ധപ്പെട്ട മറ്റു സ്റ്റേറ്റ്മെന്റുകൾ തുടങ്ങിയവയും അക്കൗണ്ടന്റ് തയ്യാറാക്കണം. ഉത്തരവിൽ നിർവചിച്ചിട്ടുള്ള ചുമതലകൾ നിർവഹിക്കുന്നതിൽ വീഴ്ച വരുത്തുന്നതുകൊണ്ടുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് അക്കൗണ്ടന്റ് ഉത്തരവാദിയായിരിക്കും. ചുമതലകൾ കാര്യക്ഷമമായി നിർവഹിക്കുന്നതിന് അക്കൗണ്ടന്റുമാരെ പ്രാപ്തമാക്കുന്നതിനുള്ള പരിശീലന പരിപാടിയാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. ആദ്യഘട്ടത്തിൽ അക്കൗണ്ടന്റുമാരുടെ ചുമതലകൾ, ഉത്തരവാദിത്വങ്ങൾ, ധനമാനേജ്മെന്റ്, ആഫീസ് മാനേജ്മെന്റ്, ഫയലുകളുടേയും റിക്കാർഡുകളുടേയും പരിപാലനം അക്കൗണ്ട് കോഡ്, ട്രഷറി കോഡ്, ഫിനാൻഷ്യൽ കോഡ് തുടങ്ങിയ വിഷയങ്ങൾക്കൊപ്പം കംപ്യൂട്ടർ പരിശീലനവും പരിശീലന പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അക്രൂവൽ അടിസ്ഥാനത്തിലുള്ള ഡബിൾഎൻട്രി സമ്പ്രദായം പഞ്ചായത്തുകളിൽ നടപ്പാക്കുന്നതിന് മുന്നോടിയായി രണ്ടാംഘട്ട പരിശീലനം നൽകും.

കഴിഞ്ഞ രണ്ട് പഞ്ചവത്സര പദ്ധതികളിൽ പ്രാദേശിക സർക്കാരുകൾ നേരിട്ട പ്രധാന വിമർശനം വികസനപ്രവർത്തനങ്ങളുടെ ഭാഗമായി കൈവരിക്കുന്ന ഭൗതിക നേട്ടങ്ങൾ, ആസ്തികൾ, അവയുടെ ചെലവ് എന്നിവ സംബന്ധിച്ച കണക്കുകൾ തയ്യാറാക്കുന്നതിൽ വന്ന വീഴ്ചയായിരുന്നു. എന്നാൽ കഴിഞ്ഞ മൂന്നു വർഷത്തെ നിരന്തര പരിശ്രമത്തിന്റെ ഫലമായി കണക്കുകൾ എഴുതുന്നതിലും തയ്യാറാക്കി സൂക്ഷിക്കുന്നതിലും വളരെയധികം മുന്നോട്ടുപോകുവാൻ കഴിഞ്ഞിട്ടുണ്ട്. ഇക്കാര്യത്തിൽ ഇനിയും നിലനില്ക്കുന്ന ആക്ഷേപങ്ങളും വിമർശനങ്ങളും പരിഹരിക്കുവാനും വിടവുകൾ നികത്തി ഗ്രാമപഞ്ചായത്തുകളുടെ അക്കൗണ്ടിംഗ് സമ്പ്രദായവും ധനവിനിയോഗവും കൂടുതൽ കാര്യക്ഷമവും സുതാര്യവുമാക്കുന്നതിനും അക്കൗണ്ടന്റുമാരുടെ നിയമനം സഹായകരമാകുമെന്ന് പ്രതീക്ഷിക്കുന്നു.

അധികാര കൈമാറ്റ സൂചികയുടെ പരിമിതികൾ

പഞ്ചായത്തീരാജ് സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിൽ സംസ്ഥാന സർക്കാരുകളുടെ പ്രവർത്തന മികവ് വിലയിരുത്തുന്നതിന് 2008-09 ലേയ്ക്ക് നാഷണൽ കൗൺസിൽ ഓഫ് അപ്ലൈഡ് ഇക്കണോമിക്സ് റിസർച്ചും (NCAER) പഞ്ചായത്തീരാജ് മന്ത്രാലയവും ചേർന്ന് തയ്യാറാക്കിയ അധികാര കൈമാറ്റസൂചിക (ഡെവല്യൂഷൻ ഇൻഡക്സ്) (DI) യെക്കുറിച്ചുള്ള ചില നിരീക്ഷണങ്ങളാണ് ഇവിടെ അവതരിപ്പിക്കുന്നത്. നിശ്ചിത സൂചികകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന്റെ മികവ് രേഖപ്പെടുത്തുന്ന പട്ടിക ആദ്യമായി പ്രസിദ്ധീകരിച്ചത് 2009 മാർച്ച് 2 നാണ്. മുൻനിരയിലെത്തിയ ആദ്യനാലു സംസ്ഥാനങ്ങളിൽ ഒന്നാമത് മദ്ധ്യപ്രദേശ്. തൊട്ടു പിന്നിൽ പശ്ചിമ ബംഗാൾ, പിന്നെ തമിഴ്നാട്, കേരളം.

പ്രൊഫ. എം.എ. ഉമ്മൻ

സംസ്ഥാന സർക്കാരുകൾ പഞ്ചായത്തീരാജ് ശാക്തീകരണത്തിലും പഞ്ചായത്തീരാജ് സ്ഥാപനങ്ങൾ അവരുടെ ചുമതലാ നിർവഹണത്തിലും പുലർത്തുന്ന ശുഷ്കാന്തി വിലയിരുത്താൻ 2005-06 ലാണ് പഞ്ചായത്തീരാജ് മന്ത്രാലയം പഞ്ചായത്ത് എംപവർമെന്റ് ആൻഡ് അക്കൗണ്ടബിലിറ്റി ഇൻസെന്റീവ് സ്കീം (PEAIS) എന്നപേരിൽ ഒരു സംവിധാനം ഏർപ്പെടുത്തിയത്.

പ്രാദേശിക ജനാധിപത്യവും വികസനവും മെച്ചപ്പെടുത്തുന്നതിനുള്ള ചവിട്ടുപടിയായി വേണം പഞ്ചായത്തീരാജ് സംവിധാനം ശക്തിപ്പെടുത്തുന്നതിന് നൽകുന്ന ഏതു പ്രോത്സാഹനത്തേയും നോക്കികാണേണ്ടത്. ഇവിടെ രണ്ട് ചോദ്യങ്ങൾ നിർണായകമാണ്.

1. പഞ്ചായത്തീരാജ് ശാക്തീകരണം എന്നതുകൊണ്ട് അർഥമാക്കുന്നത് എന്താണ്?
2. എങ്ങനെയാണ് അത് അളക്കുന്നത്?

അധികാരവികേന്ദ്രീകരണത്തിന്റെ പശ്ചാത്തലത്തിൽ ശാക്തീകരണമെന്നാൽ പഞ്ചായത്തീരാജ് സ്ഥാപനങ്ങളുടെ ശാക്തീകരണത്തിലൂടെ ജനങ്ങളെ ശാക്തീകരിക്കുക എന്നതാണ് (ഉമ്മൻ 2004,2008). അതുകൊണ്ടുതന്നെ അധികാര കൈമാറ്റ സൂചിക (Devolution Index) യും അതുപ്രകാരം സംസ്ഥാനങ്ങളുടെ റാങ്ക്ലിസ്റ്റ് തയ്യാറാക്കാൻ ഉപയോഗിച്ച മാനദണ്ഡങ്ങളും (criteria) പ്രാധാന്യമർഹിക്കുന്നു.

അധികാരം, ധനം, ഉദ്യോഗസ്ഥർ എന്നിവ അനുയോജ്യമായ തോതിൽ കൈമാറി പ്രാദേശിക സർക്കാരുകളെ തങ്ങളുടെ ഉത്തരവാദിത്വങ്ങളും ചുമതലകളും നിർവഹിക്കുന്നതിന് ശക്തമാക്കുക വഴി സംസ്ഥാന ഭരണകൂടത്തിനു താഴെ സ്വയംഭരണ സർക്കാരുകൾ സൃഷ്ടിക്കുകയാണ് 73,74 ഭരണഘടനാഭേദഗതിയുടെ അടിസ്ഥാന ലക്ഷ്യം. ലോകത്തിന്റെ മറ്റേതൊരു ഭാഗത്തുമുള്ള സമാനസ്ഥാപനങ്ങളിൽ നിന്നു വ്യത്യസ്തമായി ഇന്ത്യയിൽ പ്രാദേശിക സർക്കാരുകൾക്ക് സാമ്പത്തിക വികസനം, സാമൂഹിക നീതി എന്നിവയ്ക്കുവേണ്ട ആസൂത്രണവും നിർവഹണവും സാധ്യമാക്കേണ്ടതുണ്ട്. അതുകൊണ്ടുതന്നെ അധികാരകൈമാറ്റം സംബന്ധിച്ച ലക്ഷ്യങ്ങളുടെ വ്യാപ്തി സാരവത്തും നിർണായകവുമാണ്. ഇക്കാര്യത്തിൽ 2001 ലെ ഒരു ടാസ്ക്ഫോഴ്സ് റിപ്പോർട്ട് ഇങ്ങനെ നിരീക്ഷിക്കുന്നു:

"പഞ്ചായത്തുകളുടെ കാര്യത്തിൽ അധികാരകൈമാറ്റമെന്നാൽ, ഒരു നിശ്ചിത പ്രവൃത്തിയുടെ ആസൂത്രണം, നിർവഹണം എന്നിവയിൽ തീരുമാനമെടുക്കാനും നടപ്പാക്കാനുമുള്ള അധികാരം സംസ്ഥാന സർക്കാരിൽ നിന്ന് പ്രാദേശിക സർക്കാരിലേയ്ക്ക് കൈമാറുകയെന്നതാണ്. പഞ്ചായത്തുകളിൽ നിക്ഷിപ്തമായ അധികാരവും ഉത്തരവാദിത്വവും നിർവഹിക്കാൻ ചുമതലകൾ, പണം, നിർവഹണോദ്യോഗസ്ഥർ എന്നിവയും കൈമാറുകയെന്നത് പരസ്പരബന്ധിതമായ കാര്യമാണ് " (GO I 2001:5)

മുകൾതട്ടിൽ നിന്ന് പ്രാദേശിക സർക്കാരുകളിലേയ്ക്ക് രാഷ്ട്രീയാധികാരം കൈമാറ്റം ചെയ്യുക എന്ന ലക്ഷ്യം പൂർത്തീകരിക്കുന്നതിന് ചുമതലകൾ, ധനം, ഉദ്യോഗസ്ഥർ എന്നിങ്ങനെ അവശ്യം വേണ്ട ഘടകങ്ങൾ കൂടി സമാന്തരമായി കൈമാറ്റം ചെയ്യേണ്ടതുണ്ടെന്ന് ടാസ്ക് ഫോഴ്സ് എടുത്തുപറയുന്നു. അതിലൊക്കെ ഉപരിയായി സാമ്പത്തികവികസനത്തിനും സാമൂഹിക നീതിക്കും സഹായകമായ ആസൂത്രണം, നിർവഹണം എന്നിവയ്ക്കും ഊന്നൽ നൽകുന്നു. അധികാരകൈമാറ്റം അളക്കുന്ന സൂചികകളിൽ, അത് ആരു തയ്യാറാക്കിയതായാലും, ഈ അടിസ്ഥാന തത്വങ്ങൾ അവഗണിക്കാൻ പാടില്ല.

അധികാരകൈമാറ്റ സൂചിക

പഞ്ചായത്ത് രാജ് മന്ത്രാലയവും നാഷണൽ കൗൺസിൽ ഓഫ് അപ്ലൈഡ് ഇക്കണോമിക്സ് റിസർച്ചും ചേർന്നു തയ്യാറാക്കിയ സൂചികയിൽ മൂന്ന് "F" കൾക്കൊപ്പം (Functions, Finance and Functionaries) അക്കൗണ്ടബിലിറ്റിയും ഉൾപ്പെടുത്തിയിരിക്കുന്നു എന്നത് ശ്രദ്ധേയമാണ്. ആകെയുള്ള 34 സൂചികകളിൽ അഞ്ചെണ്ണം പഞ്ചായത്തുകൾ നിർവഹിക്കേണ്ട പ്രവൃത്തികൾ (functions) സംബന്ധിച്ചാണ്. പതിനെഞ്ചണ്ണം ധനസംബന്ധവും 14 എണ്ണം ഉദ്യോഗകൈമാറ്റവുമായി ബന്ധപ്പെട്ടവയുമാണ്. അക്കൗണ്ടബിലിറ്റി അംശം പ്രധാനമായും സാമ്പത്തികം, ഉദ്യോഗസ്ഥർ എന്നീ ഘടകങ്ങളിൽ അന്തർലീനമായിരിക്കുന്നു (പട്ടിക 1 ലെ 16,17,18,26,28 ഇനങ്ങൾ കാണുക.) വിശാലാർത്ഥത്തിൽ ഒരു പൊതുസ്ഥാപനത്തെ സംബന്ധിച്ച് "അക്കൗണ്ടബിലിറ്റി"

പട്ടിക 1

അധികാര കൈമാറ്റ സൂചിക - 2008 -09 ൽ സംസ്ഥാനങ്ങളുടെ മികവ് നിർണയിക്കുന്നതിന് ഉപയോഗിച്ചത്.

ചുമതലകൾ

1. പട്ടികയിൽ പറഞ്ഞിരിക്കുന്ന 29 ചുമതലകളുടെ കൈമാറ്റം.
2. മേല്പറഞ്ഞ 29 ചുമതലകളുടെയും വിശദമായ പ്രവർത്തനരൂപം
3. ജില്ലാ പ്ലാൻ തയ്യാറാക്കുന്നതിൽ ജില്ലാ ആസൂത്രണസമിതി (DPC) പങ്കാളിയായിരുന്നുവോ?
4. ഗ്രാമപഞ്ചായത്ത് പ്രധാനപ്പെട്ട 'ഫ്ളാഗ്ഷിപ്പ് പ്രോഗ്രാ'മുകൾ നടപ്പാക്കുന്നുണ്ടോ?
5. ധനവിനിയോഗത്തിനുള്ള പ്ലാൻ തയ്യാറാക്കുന്നതിന് ഗ്രാമപഞ്ചായത്ത് പൂർണമായും സജ്ജമാണോ?

ധനകാര്യം

6. നികുതികൾ, കരം, ചുങ്കം തുടങ്ങിയവ ശേഖരിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നല്കിയിട്ടുള്ള അധികാരം
7. തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ധനവിനിയോഗത്തിൽ തനതു വരുമാനത്തിന്റെ തോത് (ശതമാനം)
8. ഏറ്റവും ഒടുവിലത്തെ സംസ്ഥാന ധന കമ്മീഷന്റെ ശുപാർശകളിൻമേൽ യഥാസമയം കൈക്കൊണ്ട നടപടികൾ
9. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ ഉപാധിരഹിത (പ്ലാൻ) ഫണ്ടിന്റെ ശതമാനം
10. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ ഉപാധിരഹിത (നോൺ-പ്ലാൻ) ഫണ്ടിന്റെ ശതമാനം
11. 12-ാം ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരമുള്ള പണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറുന്നതിൽ പുലർത്തിയ നിഷ്കർഷ.
12. 'അപ്പോർഷൻമെന്റ് ഫോർമുല' അടിസ്ഥാനമാക്കി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് നീക്കിവച്ച പണം.
13. ചെലവുകൾ അനുവദിക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് പൂർണമായ അധികാരം ലഭിച്ചിട്ടുണ്ടോ?
14. 2007-08ലെ സംസ്ഥാന ബജറ്റിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടി ഒരു പ്രത്യേക ബജറ്റ് രേഖയുണ്ടോ?
15. ചുമതലകൾക്കനുസൃതമായി ധന കൈമാറ്റം നടന്നിട്ടുണ്ടോ?
16. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ അക്കൗണ്ട്സ് ഓഡിറ്റ് നടന്നവയുടെ ശതമാനം (ഗ്രാമപഞ്ചായത്ത്)
17. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ അക്കൗണ്ട്സ് ഓഡിറ്റ് നടന്നവയുടെ ശതമാനം (ബ്ലോക്ക് പഞ്ചായത്ത്)
18. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ അക്കൗണ്ട്സ് ഓഡിറ്റ് നടന്നവയുടെ ശതമാനം (ജില്ലാപഞ്ചായത്ത്)
19. ഗ്രാമപഞ്ചായത്തുകളുടെ കണക്കുകൾ എഴുതിപൂർത്തിയാക്കിയ രജിസ്റ്ററുകൾ
20. ചുമതലാനിർവഹണവുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തിന് നേരിട്ട് പണം നൽകിയിട്ടുണ്ടോ?

ഉദ്യോഗങ്ങൾ

21. വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിൽ പഞ്ചായത്തീരാജ് സ്ഥാപനങ്ങളെ സഹായിക്കുന്ന വിദഗ്ദ്ധസ്ഥാപനങ്ങൾ
22. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് തിരഞ്ഞെടുക്കപ്പെട്ട ഭരണാധികാരികളുടെ ശേഷി വർധന, പരിശീലനം എന്നിവയിൽ സഹായിക്കുന്ന വിദഗ്ദ്ധ സ്ഥാപനങ്ങൾ
23. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് തിരഞ്ഞെടുക്കപ്പെട്ട ഭരണാധികാരികളുടെ പരിശീലനം, കാര്യശേഷി വികസനം എന്നിവയ്ക്കായി വകയിരുത്തിയ പണം
24. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരുടെ കാര്യശേഷി വികസനം പരിശീലനം എന്നിവയ്ക്ക് നീക്കിവച്ച പണം
25. ഏറ്റവുമൊടുവിൽ പ്രസിദ്ധീകരിച്ച വാർഷിക സാമ്പത്തിക റിപ്പോർട്ട്
26. തദ്ദേശ സ്വയംഭരണ സ്ഥാപനത്തോടുള്ള ഉദ്യോഗസ്ഥരുടെ അക്കൗണ്ടബിലിറ്റി (ഗ്രാമപഞ്ചായത്ത്)
27. തദ്ദേശ സ്വയംഭരണ സ്ഥാപനത്തോടുള്ള ഉദ്യോഗസ്ഥരുടെ അക്കൗണ്ടബിലിറ്റി (മധ്യതല പഞ്ചായത്തുകൾ)
28. തദ്ദേശ സ്വയംഭരണ സ്ഥാപനത്തോടുള്ള ഉദ്യോഗസ്ഥരുടെ അക്കൗണ്ടബിലിറ്റി (ജില്ലാ പഞ്ചായത്ത്)
29. തിരഞ്ഞെടുക്കപ്പെട്ട ഭാരവാഹികൾക്കു ലഭിച്ച പരിശീലനം ശരാശരി പരിശീലന ദിനങ്ങൾ (ഗ്രാമപഞ്ചായത്ത്)
30. ഉദ്യോഗസ്ഥർക്ക് ലഭിച്ച പരിശീലനം ശരാശരി പരിശീലന ദിനങ്ങൾ (ഗ്രാമപഞ്ചായത്ത്)
31. തിരഞ്ഞെടുക്കപ്പെട്ട ഭാരവാഹികൾക്കു ലഭിച്ച പരിശീലനം (മധ്യതല പഞ്ചായത്ത്)
32. ഉദ്യോഗസ്ഥർക്കു ലഭിച്ച പരിശീലനം (മധ്യതല പഞ്ചായത്ത്)
33. തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾക്കു ലഭിച്ച പരിശീലനം (ജില്ലാ പഞ്ചായത്ത്)
34. ഉദ്യോഗസ്ഥർക്കു ലഭിച്ച പരിശീലനം (ജില്ലാ പഞ്ചായത്ത്)

എന്നാൽ, അതിന്റെ എല്ലാ പ്രവൃത്തികൾക്കും നിഷ്ക്രിയതയ്ക്കും സ്ഥാപനം ജനങ്ങളോട് കണക്കും കാരണവും ബോധിപ്പിക്കാൻ ബാധ്യസ്ഥമാണ് എന്നർത്ഥം. ഓരോ സംസ്ഥാനത്തും പരമ്പരാഗതമായി പഞ്ചായത്തുകളുടെ കണക്കുകൾ ഓഡിറ്റുചെയ്യാനും പരിശോധിക്കാനും ലോക്കൽഫണ്ട് ഓഡിറ്റ്, അക്കൗണ്ടന്റ് ജനറലിന്റെ കീഴിൽ എക്സാമിനർ ഓഫ് ലോക്കൽ അക്കൗണ്ട് തുടങ്ങിയ സംവിധാനങ്ങളുണ്ട്. ഇത്തരത്തിൽ മുകൾതട്ടിലോട്ടുള്ള "അക്കൗണ്ടബിലിറ്റി" തുടരേണ്ടതുണ്ട്. എന്നിരുന്നാലും താഴേതട്ടിലേയ്ക്ക്, ജനങ്ങളോട് കണക്കും കാര്യങ്ങളും ബോധിപ്പിക്കാനുള്ള ഗ്രാമസഭയുടെ ഉത്തരവാദിത്തം അടിവരയിട്ടു പറയേണ്ടിയിരിക്കുന്നു. സോഷ്യൽ ഓഡിറ്റ്, ഓംബുഡ്സ്മാൻ, പൗരാവകാശ രേഖ, വിവരാവകാശം തുടങ്ങിയവയും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ജനങ്ങളോടുള്ള ഉത്തരവാദിത്തം ഉറപ്പാക്കുന്നതിനുള്ള ഉപാധികളായുണ്ട്. ഇത്തരത്തിൽ താഴേതട്ടിലേയ്ക്കുള്ള "അക്കൗണ്ടബിലിറ്റി"യുടെ കാര്യങ്ങൾ കണക്കിലെടുക്കുന്നതിൽ ഈ "അധികാര കൈമാറ്റ സൂചിക" പരാജയപ്പെട്ടു.

ചുമതലാ കൈമാറ്റം

അധികാര കൈമാറ്റത്തിൽ സംസ്ഥാനങ്ങളുടെ മികവ് വിലയിരുത്തുന്നതിന് പഞ്ചായത്ത് രാജ് മന്ത്രാലയവും നാഷണൽ കൗൺസിൽ ഓഫ് അപ്ലൈഡ് ഇക്കണോമിക് റിസർച്ചും ഉപയോഗിച്ച സൂചികാ മാനദണ്ഡങ്ങൾ പട്ടിക ഒന്നിൽ ചേർത്തിരിക്കുന്നു. ചുമതലകളുടെ കാര്യത്തിൽ അഞ്ചു മാനദണ്ഡങ്ങളാണ് കണക്കിലെടുത്തിരിക്കുന്നത്. അതിൽ മുന്നെണ്ണം (3,4,5) അതെ, അല്ലെങ്കിൽ അല്ല എന്ന ഉത്തരം പ്രതീക്ഷിച്ചുള്ളവയാണ്. ചുമതലാ കൈമാറ്റം സംബന്ധിച്ച് വളരെ കുറഞ്ഞ സാംഗത്യമേ അതിനുള്ളൂ. ജില്ലാപ്ലാൻ തയ്യാറാക്കുന്നതിൽ ജില്ലാ ആസൂത്രണസമിതി പങ്കാളിയാണോ എന്ന ചോദ്യത്തിന് (ഐറ്റം:3) ലഭിക്കുന്ന "അതെ" എന്ന ഉത്തരം അർത്ഥശൂന്യമായിരിക്കും. ഉദാഹരണത്തിന് മദ്ധ്യപ്രദേശത്തിന്റെ കാര്യമെടുക്കാം. അവിടെ ഒരു സംസ്ഥാന മന്ത്രിയാണ് ജില്ലാപ്ലാനിംഗ് കമ്മിറ്റിയുടെ ചെയർപേഴ്സൺ. ഇവിടെ പഞ്ചായത്തീരാജ് സ്ഥാപനഘടനയെതന്നെ തലതിരിച്ചുവയ്ക്കുകയാണ് സംസ്ഥാന സർക്കാർ. 'നെഗറ്റീവ് സ്കോർ' നൽകുന്നതിനുപകരം അതിനെ പ്രോത്സാഹിപ്പിക്കുന്ന സമീപനമാണ് പഞ്ചായത്തീരാജ് മന്ത്രാലയവും എൻ. സി.എ.ഇ.ആറും ഈ സൂചികയിൽ സ്വീകരിച്ചിരിക്കുന്നത്.

തമിഴ്നാട്ടിലെ മൂന്നാം സംസ്ഥാന ധനകമ്മിഷൻ പറയുന്നത് ശ്രദ്ധിക്കുക: "ജില്ലാ പ്ലാൻ കൂട്ടിയിണക്കുന്നതിൽ സുപ്രധാന കണ്ണിയാകേണ്ട ജില്ലാ ആസൂത്രണ കമ്മിറ്റി അതിനെ സന്നിഗ്ദ്ധാവസ്ഥയിലാക്കുന്ന കാഴ്ചയാണ് ഇന്ന് കാണുന്നത്" (Third TNSFC 2006 : 11)

മാനദണ്ഡം 4 ലെ 'ഗ്രാമപഞ്ചായത്തുകൾ പ്രധാനപ്പെട്ട 'ഫ്ളാഗ്ഷിപ്പ്' പരിപാടികൾ നടപ്പാക്കുന്നുണ്ടോ' എന്ന ചോദ്യത്തിന്റെ ഉത്തരം പഞ്ചായത്തിന്റെ സ്വയംഭരണ ശേഷി വിലയിരുത്താൻ ഒരുതരത്തിലും സഹായകമല്ല. 'ഫ്ളാഗ്ഷിപ്പ് പരിപാടികൾ' വെറുമൊരു നിർവഹണ ഏജൻസിയുടെ ചുമതലയാണ്. സൂചികയിലെ ഇനം അഞ്ച് നോക്കുക: "ധനവിനിയോഗത്തിനുള്ള പ്ലാൻ തയ്യാറാക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾ പൂർണമായും സുശക്തമാണോ" എന്നതാണ് ചോദ്യം. ഇതിന് സാംഗത്യമുണ്ടാകണമെങ്കിൽ ഇനിപ്പറയുന്ന ഉപചോദ്യങ്ങൾക്കുകൂടി ഉത്തരം കിട്ടണം: നിങ്ങൾ ഗ്രാമസഭയിൽ അത് ചർച്ചചെയ്യാറുണ്ടോ; ഗ്രാമസഭയിൽ ഉന്നയിക്കപ്പെടുന്ന യഥാർഥ ആവശ്യങ്ങൾ പദ്ധതിയാക്കി മാറ്റുന്നതിന് എന്ത് സംവിധാനമാണ് സ്വീകരിച്ചിട്ടുള്ളത്; ജനകീയാവശ്യങ്ങളെ പദ്ധതിരൂപത്തിലാക്കുന്നതിന് ഏതു തരത്തിലുള്ള സാങ്കേതിക സഹായ സംവിധാനമാണ് ലഭ്യമാക്കുന്നത്?

ഇത്തരം ധാരാളം ചോദ്യങ്ങൾ ഇനിയും അവശേഷിക്കുന്നു. ഇവയൊന്നും കേവലം സാങ്കല്പിക ചോദ്യങ്ങളല്ല. ജനകീയ പങ്കാളിത്തത്തിന്റെ വിശാലമായ തലങ്ങൾ വികസിപ്പിച്ചെടുത്ത് വിവിധ പ്രക്രിയകളിലൂടെ വികേന്ദ്രീകൃത ആസൂത്രണം ആവിഷ്ക്കരിച്ച് 'സാമ്പത്തിക വികസനത്തിനും സാമൂഹിക നീതിക്കും വേണ്ടിയുള്ള ആസൂത്രണം' സാധ്യമാണെന്ന് തെളിയിച്ച ഏക സംസ്ഥാനം കേരളമാണ്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സ്വയംഭരണ സ്വാതന്ത്ര്യം യാഥാർഥ്യമാവണമെങ്കിൽ വികസന - സേവന സ്ഥാപനങ്ങൾ ത്രിതല പഞ്ചായത്തിന്റെ അനുയോജ്യതലങ്ങളിലേയ്ക്ക് കൈമാറ്റം ചെയ്യപ്പെടണം. ഉദാഹരണത്തിന് കേരളത്തിൽ ആശുപത്രികൾ, സ്കൂളുകൾ, മൃഗസംരക്ഷണ സ്ഥാപനങ്ങൾ, കൃഷിഭവൻ തുടങ്ങിയ സ്ഥാപനങ്ങൾ അധികാരവികേന്ദ്രീകരണത്തിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറുകയുണ്ടായി. മറ്റൊരു ശ്രദ്ധേയമായ കാര്യം എവിടെയൊക്കെ ജില്ലാ ഗ്രാമവികസന ഏജൻസികൾ (DRDA) ശക്തമായി പ്രവർത്തിക്കുന്നുണ്ടോ, അവിടെയൊക്കെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സ്വയംഭരണ സ്വാതന്ത്ര്യം വളരെയധികം പരിമിതപ്പെട്ടിരിക്കുന്നു എന്നതാണ്. അതേസമയം പശ്ചിമബംഗാളും കേരളവും ഡി.ആർ.ഡി.എ.യെ ജില്ലാപഞ്ചായത്തിൽ ലയിപ്പിക്കുകയുണ്ടായി.

മികച്ച സംസ്ഥാനങ്ങളിൽ മൂന്നാമത്തേതായി പഞ്ചായത്തീരാജ് മന്ത്രാലയം തിരഞ്ഞെടുത്ത തമിഴ്നാട്ടിലെ അവസ്ഥയെക്കുറിച്ച് അതേ മന്ത്രാലയത്തിന്റെ തന്നെ ഒരു പ്രസിദ്ധീകരണത്തിൽ (2006)ൽ വന്ന ഒരു പരാമർശം രസകരവും ശ്രദ്ധേയവുമാണ്.

"ജില്ലാകളക്ടറുടെ അദ്ധ്യക്ഷതയിൽ പ്രത്യേകം പ്രവർത്തിക്കുന്ന ഡി.ആർ.ഡി.എകൾ സുശക്തമായ സ്ഥാപനങ്ങളാണ്. ചെയർമാനെന്ന നിലയിൽ ജില്ലാകളക്ടറാണ് എല്ലാവികസന പ്രവർത്തനങ്ങളുടേയും നിർവഹണം നിയന്ത്രിക്കുന്നത്. ജില്ലാപഞ്ചായത്ത് ചെയർമാൻ ഡി.ആർ.ഡി.എ.യുടെ വൈസ് ചെയർമാനാണെങ്കിലും ഗവേണിംഗ് ബോർഡ് യോഗങ്ങളിൽ വാർഷിക റിപ്പോർട്ട് വായിക്കാൻ മാത്രമേ ചെയർമാനെ ക്ഷണിക്കാറുള്ളൂ. ഡി.ആർ.ഡി.എ.യുടെ ദൈനംദിന പ്രവർത്തനങ്ങളിൽ ജില്ലാ പഞ്ചായത്ത് ചെയർമാന് യാതൊരു പങ്കുമില്ല. (MOPR 2006 : 775)

പഞ്ചായത്തീരാജ് മന്ത്രാലയം തന്നെ ചൂണ്ടിക്കാട്ടിയ ഈ യാഥാർഥ്യങ്ങൾ റാങ്കിംഗ് വേളയിൽ വിസ്മരിക്കപ്പെട്ടുവോ? ഈ പ്രക്രിയയിലെ ഏറ്റവും അതിശയജനകമായ കാര്യം സ്വയംഭരണാധികാര മാനദണ്ഡങ്ങളിൽ തമിഴ്നാടിനും പശ്ചിമബംഗാളിനും കർണാടകത്തിനും സിക്കിമിനും കിട്ടിയ അതേ സ്കോർ തന്നെയാണ് കേരളത്തിനും ലഭിച്ചത് എന്നതാണ്.

സാമ്പത്തിക കൈമാറ്റം

സാമ്പത്തിക കൈമാറ്റവുമായി ബന്ധപ്പെട്ട് 15 മാനദണ്ഡങ്ങൾ റാങ്കിംഗ് സൂചികയിൽ ഉൾപ്പെടുത്തിയിട്ടുള്ളതായി പട്ടികയിൽ കാണാം. ഒഴുക്കൻ മട്ടിൽ മാനദണ്ഡങ്ങൾ പറഞ്ഞുപോകുമ്പോൾ റാങ്കിംഗ് സ്കോർ സംശയാസ്പദമായ നിഗമനങ്ങളിൽ ചെന്നെത്തുക സ്വാഭാവികം. മദ്ധ്യപ്രദേശാണ് ഇക്കാര്യത്തിൽ ഏറ്റവുമധികം സ്കോർ നേടിയത്. മുന്നിലെത്തിയ നാലു സംസ്ഥാനങ്ങളിൽ കേരളം നാലാംസ്ഥാനത്തായി എന്നു മാത്രമല്ല, റാങ്കിംഗിനു വിധേയമായ 21 സംസ്ഥാനങ്ങളിൽ 11-ാമത്തേതായി വിലയിരുത്തപ്പെടുകയും ചെയ്തു. ഇന്ത്യയിലെ സാമ്പത്തിക വികേന്ദ്രീകരണത്തിന്റെ യഥാർഥ ചിത്രത്തെക്കുറിച്ച് ധാരണയുള്ള ഒരാൾക്കും ഇതിനോടു യോജിക്കാൻ കഴിയുമെന്ന് തോന്നുന്നില്ല. കേരളത്തിൽ പ്രതിശീർഷ സമ്പദ് കൈമാറ്റം 1996-97ൽ 210 രൂപയായിരുന്നത് റാങ്കിംഗിന് വിധേയമായ 2007-08 ൽ 910 രൂപയായി വർദ്ധിച്ചുവെന്ന കാര്യം ശ്രദ്ധേയമാണ്. തദ്ദേശഭരണസ്ഥാപനങ്ങളിലേയ്ക്ക് വിന്യസിച്ച ഉദ്യോഗസ്ഥരുടെ ശമ്പളം ഒഴികെ കേരളം 2007-08ൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയത് സംസ്ഥാനത്തിന്റെ മൊത്തം വരുമാനത്തിന്റെ 20.37 ശതമാനമാണ്.

ശേഷം പേജ് 32

പ്രൊഫ. എൻ. രമാകാന്തൻ

കില സോഷ്യൽ ഓഡിറ്റിംഗിലേയ്ക്ക്

അധികാരവികേന്ദ്രീകരണവുമായും പ്രാദേശിക ഭരണനിർവ്വഹണവുമായും ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിശീലനത്തിനും പഠനഗവേഷണ പ്രവർത്തനങ്ങൾക്കും ചുമതലപ്പെട്ട കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (KILA) സാമൂഹ്യ വിലയിരുത്തലിന് വിധേയമാവുന്നതിന് തയ്യാറെടുക്കുകയാണ്. ഇന്ത്യയുടെ ചരിത്രത്തിൽ ആദ്യമായാണ് ഒരു പരിശീലന സ്ഥാപനം സാമൂഹ്യ വിലയിരുത്തലിന് (Social Audit) വിധേയമാവുന്നതിനുള്ള പരിശ്രമം നടത്തുന്നത്. തദ്ദേശഭരണസ്ഥാപനങ്ങളുടെ പ്രവർത്തനക്ഷമത ഉയർത്തുന്നതിനും ജനാധിപത്യവത്കരണത്തിനും സാമൂഹ്യ ഉത്തരവാദിത്വം ഉറപ്പാക്കുന്നതിനും സഹായകമായ കാര്യപ്രാപ്തി വികസനത്തിന് ചുമതലപ്പെട്ട പരിശീലന സ്ഥാപനം തന്നെ ഇക്കാര്യത്തിൽ സ്വയം മാതൃക കാട്ടുകയാണ് ഈ ഉദ്യമത്തിലൂടെ എന്നത് ഏറെ ശ്രദ്ധേയമാണ്. കേരളത്തിലെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ സാമ്പത്തിക സഹായത്തോടെ തുടക്കം കുറിച്ച കില രൂപീകൃതമായിട്ട് 18 വർഷം പിന്നിടുകയാണ്. 1996 ൽ കേരളത്തിൽ ആരംഭിച്ച ജനകീയാസൂത്രണത്തോടെ കിലയുടെ പ്രവർത്തനം പുതിയൊരു ഘട്ടത്തിലേയ്ക്ക് കടക്കുകയും ഇന്ത്യയുടെ പരിശീലന ചരിത്രത്തിൽ തന്നെ കിലയ്ക്ക് ശ്രദ്ധേയമായൊരു സ്ഥാനം കൈവരിക്കുന്നതിന് ഇടയാക്കുകയുമുണ്ടായി. ഇന്ന് ദേശീയതലത്തിലും ദക്ഷിണേന്ത്യൻ രാജ്യങ്ങളിലും അധികാരവികേന്ദ്രീകരണവുമായി ബന്ധപ്പെട്ട പരിശീലനത്തിന് പ്രഥമസ്ഥാനം അവകാശപ്പെ

ടാൻ കഴിയുന്ന നിലയിലേയ്ക്ക് കില മാറിയിട്ടുണ്ട്.

കിലയുടെ പ്രവർത്തനങ്ങൾ സാമൂഹ്യ വിലയിരുത്തലിന് വിധേയമാക്കുന്നത് കൂടുതൽ സാമൂഹ്യ ഉത്തരവാദിത്വത്തോടെയും സുതാര്യമായും പ്രവർത്തിക്കുന്നതിന് സഹായകമാവും എന്ന് തിരിച്ചറിയുന്നു. പരിശീലനങ്ങളുടെ ആസൂത്രണവും നിർവ്വഹണവും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ പ്രയോജനകരമാക്കുന്നതിനും ഉയർന്ന പ്രവർത്തന ക്ഷമത കൈവരിക്കുന്നതിനും കാര്യക്ഷമതയോടെയും കരുതലോടെയും മുന്നോട്ടുപോകുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ ലഭിക്കുന്നതിനും ഇത്തരമൊരു സാമൂഹ്യ വിലയിരുത്തലിലൂടെ കഴിയും. കിലയുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട എല്ലാ വിഭാഗം ആളുകളുടേയും പ്രതിനിധികൾ അടങ്ങിയ ഒരു സോഷ്യൽ ഓഡിറ്റ് ടീമിനെയാണ് ഇതിനായി നിയോഗിച്ചിട്ടുള്ളത്. കിലയുടെ സോഷ്യൽ ഓഡിറ്റ് ടീമിൽ പ്രധാനമായും താഴെപ്പറയുന്ന വിഭാഗങ്ങളുമായി ബന്ധപ്പെട്ട പ്രതിനിധികളാണ് ഉൾപ്പെട്ടിട്ടുള്ളത്:

- ഗ്രാമപഞ്ചായത്ത് അസോസിയേഷൻ.
- ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ.
- ജില്ലാ പഞ്ചായത്ത് ചേമ്പർ.
- മുനിസിപ്പൽ ചേമ്പർ.
- സന്നദ്ധ സംഘടനകൾ.
- പഠന ഗവേഷണ സ്ഥാപനങ്ങൾ.
- കിലയിലെ ജീവനക്കാർ.
- തദ്ദേശഭരണസ്ഥാപനങ്ങൾക്ക് വിട്ടുകിട്ടിയ വകുപ്പുകളിലെ ഉദ്യോഗസ്ഥർ.
- തദ്ദേശഭരണസ്ഥാപനങ്ങളിലെ ജീവനക്കാർ.
- കിലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന പരിശീലകർ.
- കഴിഞ്ഞകാല ജനപ്രതിനിധികൾ.

സോഷ്യൽ ഓഡിറ്റ് എന്തിന്?

ഒരു സ്ഥാപനത്തിന്റെ പ്രവർത്തനം എത്രത്തോളം ലക്ഷ്യാധിഷ്ഠിതമാണ് എന്ന് വിലയിരുത്തുന്നതിനുള്ള ഏറ്റവും ഫലപ്രദമായ ഉപാധിയാണ് സോഷ്യൽ ഓഡിറ്റ്. മാത്രവുമല്ല പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനം ബന്ധപ്പെട്ട ഗുണഭോക്താക്കളുടെ പ്രതിനിധികളുടെ പങ്കാളിത്തത്തോടെ വിലയിരുത്തലിന് വിധേയമാക്കുക വഴി ഉയർന്ന സാമൂഹ്യ ഉത്തരവാദിത്വത്തോടെ പ്രവർത്തിക്കുന്നതിനുള്ള ബാദ്ധ്യത കൈവരിക്കുന്നതിനും കഴിയും. തികച്ചും സുതാര്യമായും ജനാധിപത്യപരമായും നടത്തുന്ന ഇത്തരമൊരു വിലയിരുത്തൽ ഉയർന്ന പ്രവർത്തനക്ഷമത കൈവരിക്കുന്നതിന് പ്രചോദനമായി മാറുകയും ചെയ്യും. ഏതൊരു സ്ഥാപനത്തിന്റേയും ഉടമസ്ഥതയ്ക്ക് അവകാശമുള്ളവരുമായി കടപ്പെട്ട് പ്രവർത്തിക്കുക എന്ന ഉയർന്ന ജനാധിപത്യ

മൂന്നാം വാർഷിക പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി വിവിധ വികസന മേഖലകളിലെ വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾക്ക് പരിശീലനം നൽകുന്ന പരിശീലകരുടെ പരിശീലനം കിലയിൽ പി.കെ ബിജു എം.പി ഉദ്ഘാടനം ചെയ്യുന്നു.

ബോധം കൂടുതൽ ഉത്തരവാദിത്വബോധം വളർത്തുന്നതിനും ഉയർന്ന ജാഗ്രത പുലർത്തുന്നതിനും വഴിയൊരുക്കുമെന്നുറപ്പാണ്. അതുവഴി നിലവിലുള്ള ദൗർബല്യങ്ങൾ തിരിച്ചറിയുന്നതിനും പിഴവുകൾ തിരുത്തുന്നതിനും മെച്ചപ്പെട്ട പ്രവർത്തനത്തിനാവശ്യമായ നിർദ്ദേശങ്ങൾ ലഭിക്കുന്നതിനും സോഷ്യൽ ഓഡിറ്റിംഗിലൂടെ കഴിയുന്നു. പരമ്പരാഗതമായ ധനവിനിയോഗത്തിലെ വിലയിരുത്തലിനപ്പുറം പ്രതീക്ഷിത സാമൂഹ്യ ലക്ഷ്യങ്ങൾ കൈവരിക്കാൻ കഴിഞ്ഞോ എന്ന് വ്യത്യസ്ത വിശകലന രീതിശാസ്ത്രത്തോടെ വിലയിരുത്താനുള്ള അവസരം സോഷ്യൽ ഓഡിറ്റിലൂടെ ലഭിക്കുന്നു. ബന്ധപ്പെട്ട എല്ലാ സാമൂഹ്യവിഭാഗങ്ങളുടേയും പങ്കാളിത്തത്തോടെയുള്ള ഇത്തരമൊരു വിലയിരുത്തൽ ഏതൊരു സ്ഥാപനത്തിന്റേയും സാമൂഹ്യ ഉടമസ്ഥത ഉറപ്പാക്കുന്നതിനും പുതിയൊരു പ്രവർത്തന സംസ്കാരം വളർത്തുന്നതിനും വഴിതെളിക്കുമെന്നുറപ്പാണ്.

സാമൂഹ്യ ഓഡിറ്റിംഗിന്റെ പ്രവർത്തനതലം

ഏതൊരു സ്ഥാപനത്തിന്റേയും സാമൂഹ്യ ഓഡിറ്റിംഗിൽ പ്രധാനമായും ഉൾപ്പെടുത്തേണ്ടത് പ്രസ്തുത സ്ഥാപനത്തിന്റെ വിവിധ പ്രവർത്തനമേഖലകളെയാണ്. അടിസ്ഥാനപരമായി ഒരു പരിശീലന സ്ഥാപനം എന്ന നിലയിൽ കിലയിൽ നിക്ഷിപ്തമായിരിക്കുന്ന ഉത്തരവാദിത്വങ്ങൾ താഴെപ്പറയുന്നവയാണ്.

- തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുമായി ബന്ധപ്പെട്ട ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, ജനകീയ സാമൂഹ്യ സംഘടനാ പ്രതിനിധികൾ എന്നിവരുടെ കാര്യപ്രാപ്തി വികസനത്തിനാവശ്യമായ പരിശീലനം സംഘടിപ്പിക്കുക.
- തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് സഹായകമായ പഠനഗവേഷണങ്ങൾ നടത്തുക.
- അധികാരവികേന്ദ്രീകരണവുമായും പ്രാദേശിക വികസനവുമായും ബന്ധപ്പെട്ട നയരൂപീകരണത്തിനും നിയമനിർമ്മാണത്തിനും സഹായകമായ വിദഗ്ദ്ധോപദേശങ്ങളും നിർദ്ദേശങ്ങളും സമർപ്പിക്കുക.
- തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ നേരിടുന്ന പ്രായോഗിക പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനാവശ്യമായ സഹായങ്ങൾ ലഭ്യമാക്കുക.

മുകളിൽ സൂചിപ്പിക്കപ്പെട്ട ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് കഴിയും വിധം കിലയ്ക്ക് എത്രമാത്രം പ്രവർത്തിക്കാൻ കഴിഞ്ഞിട്ടുണ്ട് എന്ന വിലയിരുത്തൽ തന്നെയാണ് കിലയുടെ സാമൂഹ്യ ഓഡിറ്റിംഗിലൂടെ പ്രധാനമായും വിലയിരുത്തേണ്ടത്. അതോടൊപ്പം കിലയുടെ ദൈനംദിന ഭരണനിർവ്വഹണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും, ഭരണസംസ്കാരവും വിലയിരുത്തേണ്ടതുണ്ട്. അതുവഴി ഉയർന്ന പ്രവർത്തനമികവിലേയ്ക്കും മേന്മയേറിയ പ്രവർത്തന സംസ്കാരത്തിലേയ്ക്കും കിലയെ നയിക്കാൻ കഴിയും. കിലയുടെ പ്രവർത്തന ലക്ഷ്യങ്ങൾ എത്രമാത്രം കൈവരിക്കാൻ കഴിയുന്നു എന്ന സാമൂഹ്യ വിശകലനം പ്രധാനമായും താഴെപ്പറയുന്ന പ്രവർത്തനമേഖലകളെ അടിസ്ഥാനമാക്കിയാണ് നടത്തുക.

1. പരിശീലനം
2. വിഭവസമാഹരണം, ധനവിനിയോഗം
3. ഭരണനിർവ്വഹണം
4. പഠനഗവേഷണം
5. കിലയും തദ്ദേശഭരണസ്ഥാപനങ്ങളും തമ്മിലുള്ള പരസ്പരബന്ധം

ഇവ ഓരോന്നുമായും ബന്ധപ്പെട്ട് അവലോകനം ചെയ്യേണ്ട ഘടകങ്ങൾ താഴെ കൊടുത്തിട്ടുണ്ട്.

I. പരിശീലനം

a. പരിശീലനത്തിന്റെ വ്യാപ്തിയും വിവിധ വിഭാഗം ആളുകൾക്കുള്ള ലഭ്യതയും.
b. തുടർ പരിശീലനത്തിനുള്ള സംവിധാനം.
c. പരിശീലനാനന്തരം ലഭ്യമാക്കുന്ന പിന്തുണാസഹായ സംവിധാനം
d. പരിശീലനം എത്രമാത്രം അവശ്യാധിഷ്ഠിതമാണ്.
e. പരിശീലനത്തിന്റെ ഉപയോഗക്ഷമതയും പ്രായോഗിക പ്രസക്തിയും
f. പങ്കാളിത്ത രീതിശാസ്ത്രത്തിന്റെ ഉപയോഗം.
g. പഠനക്ഷമതയും പഠന നേട്ടത്തിന്റെ പ്രയോഗക്ഷമതയും.
h. പരിശീലകരുടെ കാര്യശേഷി.
i. പഠനാന്തരീക്ഷം സജ്ജമാക്കുന്നതിലെ മികവ്.
j. പഠന സാമഗ്രികളുടേയും ബോധന സാമഗ്രികളുടേയും ഉപയോഗക്ഷമത.
k. അനുഭവ പഠനത്തിനുള്ള സാധ്യതകളെ പ്രയോജനപ്പെടുത്തൽ.
l. കൈപ്പുസ്തകങ്ങളുടെ ഉപയോഗം.
m. പരിശീലനത്തിന്റെ സ്ത്രീസൗഹൃദപരത.
n. പരിശീലന വിലയിരുത്തൽ പ്രക്രിയയും തുടർനടപടികളും.
o. ബന്ധപ്പെട്ട വിഭാഗങ്ങളുടെ പങ്കാളിത്തം പരിശീലനാവശ്യങ്ങൾ തിട്ടപ്പെടുത്തുന്നതിൽ പ്രയോജനപ്പെടുത്തൽ.



p. പഠിതാക്കൾക്ക് ലഭ്യമാക്കുന്ന ഭൗതിക സൗകര്യങ്ങൾ, പരിഗണന, താമസം, ഭക്ഷണം എന്നിവയുടെ ഗുണമേന്മ.
q. പഠിതാക്കളോടുള്ള പരിശീലകരുടെ പെരുമാറ്റത്തിലേയും സമീപനത്തിലേയും ഹൃദ്യത.
i. വികേന്ദ്രീകൃത പരീശീലന നിർവ്വഹണത്തിന്റെ കാര്യക്ഷമത.

II. വിഭവ സമാഹരണം ധനവിനിയോഗം

- ബജറ്റ് തയ്യാറാക്കുന്നതിലെ പങ്കാളിത്തം.
- ബജറ്റ് അംഗീകാരം.
- ബജറ്റിന് വിധേയമായ ധനവിനിയോഗം.
- കണക്കുകൾ തയ്യാറാക്കി സമർപ്പിക്കൽ.
- ധനവിനിയോഗത്തിലെ സുതാര്യത.
- ഓഡിറ്റ് പ്രവർത്തനം.
- ഓഡിറ്റ് റിപ്പോർട്ടിന്മേലുള്ള തുടർനടപടികൾ.
- വാങ്ങൽ പ്രക്രിയയുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ പാലിക്കൽ
- ധനവിനിയോഗത്തിലെ കാര്യക്ഷമത.
- വിഭവസമാഹരണ സാധ്യതകളുടെ പ്രയോജനപ്പെടുത്തൽ.
- ധനവിനിയോഗ റിപ്പോർട്ട് സമർപ്പിക്കൽ.

III. ഭരണനിർവ്വഹണം

- ഓരോരുത്തരുടേയും ചുമതലകളുടേയും ഉത്തരവാദിത്വങ്ങളുടേയും വിനിയോഗം.
- നയരൂപീകരണ സമിതി യോഗങ്ങൾ വിളിച്ചുചേർക്കൽ, തീരുമാനങ്ങളിന്മേലുള്ള തുടർനടപടികൾ.
- ജീവനക്കാരുടെ പ്രവർത്തനക്ഷമത, അർപ്പണമനോഭാവം, അച്ചടക്കം, പെരുമാറ്റം.
- ലൈബ്രറി പ്രവർത്തനം, സമയക്രമം
- ഭൗതിക സൗകര്യങ്ങളുടെ ലഭ്യതയും ഗുണമേന്മയും.
- ഫയൽ സൂക്ഷിക്കൽ, രേഖകൾ തയ്യാറാക്കി സൂക്ഷിക്കൽ.
- വിവരങ്ങളുടെ ലഭ്യത ഉറപ്പാക്കൽ
- ലഭ്യമായ ഭൗതിക സൗകര്യങ്ങളുടെ ഉപയോഗക്ഷമത.
- ശാസ്ത്രസാങ്കേതികവിദ്യയുടെ ഉപയോഗം, ഓഫീസ് ഭരണത്തിൽ.
- ആസ്തികളുടെ സംരക്ഷണം, ഉപയോഗക്ഷമത.

IV. പഠനഗവേഷണ പ്രവർത്തനങ്ങൾ

- പരിശീലനത്തിന് സഹായകമായ പഠനഗവേഷണ പ്രവർത്തനങ്ങൾ.
- പഠന ഗവേഷണ പ്രവർത്തനങ്ങൾ സംബന്ധിച്ച റിപ്പോർട്ട്.
- ഗവേഷണ പ്രബന്ധങ്ങളുടെ പ്രസിദ്ധീകരണം.
- ഗവേഷണ ഫലങ്ങളുടെ ഉപയോഗം
- പ്രാദേശിക വികസന ഭരണ അനുഭവങ്ങളുടെ ഡോക്കുമെന്റേഷൻ.
- പ്രസക്തമായ ഗവേഷണ വിഷയങ്ങൾ തെരഞ്ഞെടുക്കൽ.
- പഞ്ചായത്തുകളുടെ നേതൃത്വത്തിലുള്ള പ്രവർത്തനോന്മുഖ പഠനങ്ങൾ പ്രോത്സാഹിപ്പിക്കൽ.
- മറ്റ് സംസ്ഥാനങ്ങളിലെ അധികാര വികേന്ദ്രീകരണ അനുഭവങ്ങളുടെ ഡോക്കുമെന്റേഷൻ.
- ഇതര പഠനഗവേഷണ സ്ഥാപനങ്ങളുമായുള്ള ബന്ധം.
- സെമിനാറുകൾ, ശില്പശാലകൾ എന്നിവയിലുള്ള കിലയുടെ പങ്കാളിത്തം.
- അധികാരവികേന്ദ്രീകരണവുമായി ബന്ധപ്പെട്ട പഠനങ്ങൾക്ക് കില നൽകുന്ന സഹായം.

V. പരസ്പരബന്ധം

- തദ്ദേശഭരണസ്ഥാപനങ്ങളുടെ യഥാർത്ഥ സഹായിയായി മാറാനുള്ള കിലയുടെ കഴിവ്.
- തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പ്രായോഗിക പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനും പരിഹാരം കണ്ടെത്തുന്നതിനുമുള്ള ശേഷി.
- തദ്ദേശഭരണസ്ഥാപനങ്ങളുടെ അസോസിയേഷൻ പ്രവർത്തനങ്ങളിലുള്ള സഹായം, പങ്കാളിത്തം.
- സംശയനിവാരണത്തിലുള്ള കാര്യക്ഷമത, വിശ്വാസ്യത.
- ഹെൽപ്പ് ഡസ്ക് സംവിധാനത്തിന്റെ പ്രവർത്തന മികവ്.
- വിവിധ പഞ്ചായത്തുകളുടെ/നഗരസഭകളുടെ അനുഭവങ്ങൾ കൈമാറുന്നതിനുള്ള അവസരം സൃഷ്ടിക്കൽ.

സമഗ്രമായ ഈയൊരു വിലയിരുത്തൽ കിലയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും സുതാര്യമാക്കുന്നതിനും സഹായിക്കുമെന്നുറപ്പാണ്. മാത്രവുമല്ല പ്രാദേശിക ഭരണനിർവ്വഹണം ജനാധിപത്യപരമാക്കി മാറ്റുന്നതിനാവശ്യമായ കാര്യപ്രാപ്തി വികസനത്തിനത് ചുമതലപ്പെട്ട സ്ഥാപനം തന്നെ സ്വയം മാതൃക സൃഷ്ടിക്കുന്നു എന്നത് തദ്ദേശഭരണസ്ഥാപനങ്ങൾക്ക് കിലയിലുള്ള വിശ്വാസ്യത വളർത്താനും വിപുലമായ സാമൂഹ്യ ഉടമസ്ഥത കൈവരിക്കാനും സഹായകമാവും. ഒരു സ്ഥാപനത്തിന്റെ പ്രവർത്തന മികവ് സാമൂഹ്യ പങ്കാളിത്തത്തോടെ വിലയിരുത്തുന്നതിനും മെച്ചപ്പെടുത്തുന്നതിനും സോഷ്യൽ ഓഡിറ്റിനെ എങ്ങനെ പ്രയോജനപ്പെടുത്താം എന്ന പുതിയൊരനുഭവവും ഇതിലൂടെ സൃഷ്ടിക്കാൻ കഴിയും. ■

ലേഖകൻ കില ഡയറക്ടറാണ്

ശ്വാനസംരക്ഷണം

Animal Birth Control (Dogs) Rules 2001

നടപ്പാക്കുന്നത് സംബന്ധിച്ച്

എൻ. സുരാജ്

ഇന്ത്യൻ ഭരണഘടനയുടെ അനുഛേദം 51 എ പ്രകാരം ജീവി വർഗ്ഗങ്ങളോട് അനുതാപമുണ്ടായിരിക്കുക എന്നത് ഓരോ ഇന്ത്യൻ പൗരന്റേയും കർത്തവ്യമാണ്. ദൗർഭാഗ്യമെന്നു പറയട്ടെ സഹജീവികളായ ജന്തുക്കളോട് ഏറ്റവും ക്രൂരത പുലർത്തുന്ന ജനസമൂഹങ്ങളുടെ കൂട്ടത്തിലാണ് നമ്മുടെ സ്ഥാനം. മൃഗങ്ങളെ വളർത്തുമ്പോഴും ഒരു സ്ഥലത്ത് നിന്നും മറ്റൊരു സ്ഥലത്തേയ്ക്ക് കൊണ്ടുപോകുമ്പോഴും രോഗാവസ്ഥയിൽ ശുശ്രൂഷിക്കുമ്പോഴും മാംസത്തിനായും അല്ലാതെയും കശാപ്പു ചെയ്യുമ്പോഴും നിഷ്ഠൂരമായ രീതികൾ വെച്ചു പുലർത്തുന്നു എന്നത് അഹിംസയുടെ നാടായ ഭാരതത്തെ ലോകമാധ്യമങ്ങളിൽ പലപ്പോഴും ചെറുതാക്കി കാട്ടുവാൻ അവസരമുണ്ടാക്കിയിട്ടുണ്ട്.

ക്രൂരത തടയൽ നിയമം

മൃഗങ്ങളോടുള്ള ക്രൂരത തടയുന്നതിനുവേണ്ടി 1960 ലാണ് Prevention of Cruelty to Animals Act ഇന്ത്യൻ പാർലമെന്റിൽ പാസ്സാക്കിയത്. ഈ നിയമത്തിന്റെ കീഴിൽ അനവധി ചട്ടങ്ങളും കേന്ദ്ര സർക്കാർ തയ്യാറാക്കി. ഇവ പ്രകാരം മൃഗങ്ങളെ തല്ലുക, അമിതഭാരം വലിപ്പിക്കുക, അമിത ജോലി ചെയ്യിക്കുക, ഭക്ഷണം നൽകാതിരിക്കുക, വിനോദത്തിനായി തമ്മിലടിപ്പിക്കുക, നിഷ്ഠൂരമായ രീതിയിൽ കൊലപ്പെടുത്തുക തുടങ്ങിയവയെല്ലാം കുറ്റകരമായി പ്രഖ്യാപിച്ചിട്ടുണ്ട്. ഈ ആക്ടിന്റെ 38-ാം വകുപ്പു പ്രകാരം തയ്യാറാക്കിയ മറ്റൊരു പ്രധാന ചട്ടമാണ് 2001 ലെ പട്ടികളുടെ പ്രജനന നിയന്ത്രണ ചട്ടങ്ങൾ (Animal Birth Control (Dogs) Rules 2001).

ചട്ടത്തിന്റെ സവിശേഷതകൾ

Animal Birth Control (Dogs) Rules 2001 പ്രകാരം പട്ടികളെ രണ്ടായി തരം തിരിച്ചിട്ടുണ്ട്. വളർത്തു പട്ടികളും തെരുവ് പട്ടികളും. ഇതിൽ വളർത്തു പട്ടികളുടെ സംരക്ഷണവും പ്രജനന നിയന്ത്രണവും വന്ധ്യംകരണവും മറ്റും ഉടമസ്ഥന്റെ ചുമതലയാണ്. തെരുവു പട്ടികളെ സംബന്ധിച്ചിടത്തോളം ഈ ചുമതലകൾ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഈ ആക്ടിന്റെ ഫലപ്രദമായ നടത്തിപ്പിനായി മൃഗക്ഷേമ സംഘടനകൾ (Animal Welfare Organisation), സ്വകാര്യ വ്യക്തികൾ എന്നിവരുടെ പങ്കാളിത്തവും ആവശ്യമാണ്. ഈ പ്രവർത്തനങ്ങളുടെ മോണിറ്ററിംഗിനായി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ മേധാവി അധ്യക്ഷനായി ഒരു കമ്മിറ്റി രൂപീകരിക്കണം. ഇതിൽ താഴെ പറയുന്നവർ അംഗങ്ങളായിരിക്കണം.

1. പൊതുജനാരോഗ്യ വകുപ്പ് പ്രതിനിധി
2. മൃഗസംരക്ഷണ വകുപ്പ് പ്രതിനിധി
3. മൃഗ ഡോക്ടർ
4. മൃഗങ്ങളോടുള്ള ക്രൂരത തടയുന്നതിനുള്ള സൊസൈറ്റിയുടെ ജില്ലാതല സമിതിയുടെ പ്രതിനിധി
5. ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിനുള്ളിൽ പ്രവർത്തിക്കുന്ന ആനിമൽ വെൽഫെയർ ഓർഗനൈസേഷന്റെ രണ്ടിൽ കുറയാത്ത പ്രതിനിധികൾ.

സമിതിയുടെ ചുമതലകൾ

ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റേയും പ്രദേശത്തുള്ള പട്ടികളുടെ നിയന്ത്രണം സംബന്ധിച്ച പ്രോജക്ടുകളുടെ ആസൂത്രണവും നടത്തിപ്പും ഈ സമിതിയുടെ ചുമതലയിൽ ആയിരിക്കേണ്ടതാണ്. പട്ടികളെ പിടിക്കുക, കൊണ്ടു പോവുക, പാർപ്പിക്കുക, വന്ധ്യംകരിക്കുക, പ്രതിരോധ കുത്തിവെയ്പ്പ് നടത്തുക, ചികിത്സിക്കുക തുടങ്ങിയ കാര്യങ്ങളിൽ നിർദ്ദേശം നൽകേണ്ട ചുമതലയും ഈ കമ്മിറ്റിക്കുണ്ട്. മാരക രോഗം പിടിപെട്ട പട്ടികളേയും പേവിഷബാധയേറ്റതോ, അപകടത്തിൽ പെട്ട് മൃതപ്രായമായതോ ആയ പട്ടികളേയും മരണം വരെ ബോധം കെടുത്തുന്നതിന് സോഡിയം പെന്റത്തോൾ (Sodium Pentathol) കുത്തിവെയ്ക്കേണ്ടതിന്റെ ആവശ്യകത ഓരോ കേസിന്റെയും നിലവിലയിരുത്തി നിർദ്ദേശിക്കുക എന്നതും സമിതിയുടെ ചുമതലയാണ്. ഇപ്രകാരമല്ലാതെ മറ്റേതൊരു മാർഗ്ഗത്തിലൂടേയും ജീവനൊടുക്കുന്നത് നിരോധിച്ചിട്ടുണ്ട്. തെരുവുപട്ടികളോട് കാരുണ്യപൂർവ്വം പെരുമാറേണ്ടത് സംബന്ധിച്ച് പൗരബോധവൽക്കരണം നടത്തുക, വളർത്തു പട്ടികളുടെ ഉടമസ്ഥർക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുക, തെരുവു പട്ടികളുടെ കണക്കെടുപ്പ് നടത്തുക, മനുഷ്യർക്ക് തെരുവു പട്ടികളിൽ നിന്നുണ്ടാകുന്ന ഉപദ്രവങ്ങൾ സംബന്ധിച്ച് അന്വേഷണം നടത്തി നടപടി സ്വീകരിക്കുക, തെരുവുപട്ടികളെ സംബന്ധിച്ച് അന്താരാഷ്ട്രതലത്തിൽ ഉണ്ടാകുന്ന പുതിയ കണ്ടെത്തലുകളും ഗവേഷണ ഫലങ്ങളും പ്രാദേശികമായി പ്രയോജനപ്പെടുത്തുന്നതിന് പരിശ്രമിക്കുക തുടങ്ങിയവയെല്ലാം ഈ സമിതിയുടെ ചുമതലകളായി ചട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ചുമതലകൾ

തെരുവു പട്ടികളുടെ നിയന്ത്രണത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് നിർണ്ണായകമായ കർത്തവ്യമാണ് ചട്ടപ്രകാരം നിറവേറ്റാനുള്ളത്. ഇവയിൽ പ്രധാനമായവ.

- മൃഗക്ഷേമ സംഘടനകളുടെ ആഭിമുഖ്യത്തിൽ ആവശ്യമായ പട്ടിസംരക്ഷണ കേന്ദ്രങ്ങൾ (Dog Pounds) സ്ഥാപിക്കണം.
- തെരുവു പട്ടികളെ പിടികൂടി പൗണ്ടിൽ എത്തിക്കുന്നതിനായി റാമ്പ് സൗകര്യത്തോടുകൂടിയ വാഹനങ്ങൾ (Dog Vans) വാങ്ങണം.
- ഓരോ വാഹനത്തിനും ഡ്രൈവറേയും പരിശീലനം സിദ്ധിച്ച രണ്ടു വീതം പട്ടി പിടുത്തക്കാരേയും (Dog Catchers) ഏർപ്പെടുത്തണം.
- വന്ധ്യംകരണത്തിനും ചികിത്സയ്ക്കും പ്രതിരോധ കുത്തിവെയ്പ്പിനുമായി ഒരു മൊബൈൽ ക്ലിനിക്ക് (Ambulance cum Clinical Van) വാങ്ങണം.
- മരണമടയുന്ന മൃഗങ്ങളുടെ ശരീരം സംസ്ക്കരിക്കുന്നതിനായി ചൂളകൾ (Incinerator) നിർമ്മിക്കണം.

തെരുവുപട്ടികളെ സംബന്ധിച്ച് ഒറ്റപ്പെട്ടതോ, പൊതുവായതോ ആയ പരാതി ലഭിക്കുമ്പോഴോ, തെരുവുപട്ടികളുടെ സംഖ്യ ക്രമാതീതമായി ഉയരുന്നു എന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ബോധ്യപ്പെടുമ്പോഴോ, അവയുടെ പ്രജനനം നിയന്ത്രിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ആയതിലേയ്ക്ക് വാഹനവും പട്ടി പിടുത്തക്കാരും യഥാസ്ഥാനങ്ങളിൽ എത്തുകയും മൃദുവായ ഉപകരണങ്ങൾ ഉപയോഗിച്ച് പട്ടികളെ പിടികൂടുകയും അവയുടെ വിവരങ്ങൾ ബന്ധപ്പെട്ട രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ചെയ്യണം. ഇപ്രകാരം പിടിക്കുന്ന പട്ടികളെ ഡോഗ് പൗണ്ടിൽ കൊണ്ടുപോയി മൃഗഡോക്ടറുടെ മേൽനോട്ടത്തിൽ പരിശോധിക്കുകയും വന്ധ്യംകരിക്കുകയും പ്രതിരോധ കുത്തിവെയ്പ് നടത്തുകയും ചെയ്തശേഷം എവിടെ നിന്നാണോ പിടിച്ചത് അതേ സ്ഥലത്ത് തിരികെ കൊണ്ടു വിടുകയും ചെയ്യേണ്ടതാണ്. പട്ടികളെ പിടികൂടുകയും വന്ധ്യംകരിച്ചശേഷം അതേ സ്ഥലത്ത് തിരികെ കൊണ്ടുവിടുകയും ചെയ്യുന്നതാണ്, എന്നത് സംബന്ധിച്ച് ആ പ്രദേശത്ത് മൈക് അനൗൺസ്മെന്റ് നടത്തേണ്ടതും പിടികൂടുന്ന അവസരത്തിലും, തുടർന്നുള്ള നടപടികളിലും ആനിമൽ വെൽഫയർ ഓർഗനൈസേഷന്റെ പ്രതിനിധിയുടെ സാന്നിധ്യം ഉറപ്പു വരുത്തേണ്ടതാണ്. ഇപ്രകാരം വന്ധ്യംകരിച്ച പട്ടികളെ തിരിച്ചറിയുന്നതിനായി അടയാളം നൽകണമെന്നും ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

പേ വിഷബാധയേറ്റ പട്ടികൾ

പേവിഷ ബാധയുള്ളതെന്ന് സംശയിക്കുന്ന പട്ടികളെ പിടികൂടിയ ശേഷം ഒറ്റയ്ക്ക് പാർപ്പിക്കുകയും (Isolation) പരിശോധനയ്ക്ക് വിധേയമാക്കുകയും ചെയ്യണം. പേവിഷബാധയുണ്ടെന്ന് ബോധ്യപ്പെട്ടാൽ സ്വാഭാവിക മരണം സംഭവിക്കുന്നത് വരെ ഒറ്റയ്ക്ക് പാർപ്പിക്കണം. സാധാരണ ഗതിയിൽ പത്തു ദിവസത്തിനുള്ളിൽ മരണം സംഭവിക്കും. അതിനാൽ സംശയകരമായ കേസുകളിൽ മുൻകൂട്ടി കൊല്ലുന്നത് യഥാർത്ഥ പേവിഷബാധ സംബന്ധിച്ച വിവരം ലഭിക്കുന്നതിന് തടസ്സമുണ്ടാക്കും എന്നതാണ് ചട്ടത്തിലെ വിവക്ഷ.

സുപ്രീം കോടതിയുടെ വിധിന്യായം

സുപ്രീം കോടതി അതിന്റെ SLP691/09 വിധിന്യായ പ്രകാരം തെരുവുപട്ടികളെ കൊല്ലുന്നത് നിരോധിച്ചിട്ടുണ്ട്. അതിനെതിരെ പ്രവർത്തിക്കുന്നത് കോടതി അലക്ഷ്യവും അതുകൊണ്ടുതന്നെ കുറ്റകരവുമാണ്. നിയമത്തിന്റെ പാവനതയും പ്രാധാന്യവും ഉയർത്തിക്കാട്ടിയ കോടതി, തെരുവുപട്ടികളെ നിയന്ത്രിക്കുന്നതിന് ആനിമൽ ബെർത്ത് കൺട്രോൾ/ആന്റി റാബിസ് (ABC/AR Programme) പ്രോഗ്രാം നടപ്പിൽ വരുത്തേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഈ പരിപാടി നടപ്പിൽ വരുത്തുന്നതിന് AWBI (Animal Welfare Board of India) ൽ നിന്നും 50% ധനസഹായവും ലഭിക്കുന്നതാണ്. AWBI യുമായി ധാര

ണപത്രം ഒപ്പുവെയ്ക്കുന്നതിന് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും സംസ്ഥാന സർക്കാർ അനുമതി നൽകിയിട്ടുണ്ട്, (08-05-2009 ലെ 21992/ആർസി 3/09/തസ്വഭവ നമ്പർ കത്ത്) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി ചെലവിന്റേയും വിശദവിവരങ്ങളുടേയും സംക്ഷിപ്തം തയ്യാറാക്കി അതത് വകുപ്പ് ഡയറക്ടർ മുഖേന സർക്കാരിലേയ്ക്ക് അയക്കേണ്ടതാണെന്നും പ്രസ്തുത കത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്. അലഞ്ഞുതിരിയുന്ന തെരുവുനായ്ക്കളെ പിടികൂടുന്നതിന് ഓരോന്നിനും 50 രൂപ നിരക്കിൽ തനത് ഫണ്ടിൽ നിന്ന് ചെലവാക്കുന്നതിന് 31.12.2008 ലെ സ.ഉ.(സാധാ) 4468/08/തസ്വഭവ ഉത്തരവ് മുഖേന സർക്കാർ അനുമതിയും നിലവിലുണ്ട്.

പ്രാചീന കാലം മുതൽ മനുഷ്യന്റെ സന്തതസഹചാരിയും വഴികാട്ടിയും കാവൽക്കാരനുമായ ഈ ഓമന മൃഗത്തോട് അനുതാപവും കാരുണ്യവും ഉണ്ടാകണമെന്ന് നിയമനിർമ്മാണസഭകളും നീതിപീഠങ്ങളും ശഠിക്കുമ്പോഴും അതിന്റെ അന്തഃസത്ത ഉൾക്കൊള്ളാനും ഉണർന്നു പ്രവർത്തിക്കാനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉദാസീനത കാട്ടുന്നത് ആശങ്കാജനകമാണ്. ഇതിനാവശ്യമായ കർമ്മപദ്ധതികൾ ഭാവനാപൂർവ്വം ആവിഷ്ക്കരിക്കുവാനും ഫലപ്രദമായി നിർവ്വഹിക്കുവാനും ആവശ്യമായ അടിയന്തരമായ നടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭാഗത്ത് നിന്നും ഉണ്ടാകേണ്ടതാണ്.

കർമ്മ പദ്ധതി

- പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ തലത്തിൽ മോണിറ്ററിങ്ങ് സമിതി രൂപീകരിക്കണം.
- തെരുവുപട്ടികളെ സംബന്ധിച്ച് കണക്കെടുപ്പ് നടത്തണം.
- Dog Pound, Dog Van, Ambulance cum Clinical Van, incinerator എന്നിവയ്ക്കുള്ള ചെലവ് തിട്ടപ്പെടുത്തണം.
- തെരുവു പട്ടികളെ പിടികൂടുന്നതിനും വന്ധ്യംകരണം, ചികിത്സ, പ്രതിരോധ കുത്തിവെയ്പ്പ് എന്നിവ നടത്തുന്നതിനുള്ള ചെലവ് തിട്ടപ്പെടുത്തണം.
- വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കണം.
- Animal Welfare Board of India യുമായി ധാരണാ പത്രത്തിൽ ഏർപ്പെടുന്നതിന് നടപടി സ്വീകരിക്കണം.
- ചെലവിന്റേയും വിശദവിവരങ്ങളുടേയും സംക്ഷിപ്തം തയ്യാറാക്കി പഞ്ചായത്ത്/നഗരകാര്യ ഡയറക്ടർ മുഖേന തദ്ദേശസ്വയംഭരണ വകുപ്പിന് സമർപ്പിക്കണം. ■

ലേഖകൻ കോഴിക്കോട് ജില്ല പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാണ്.

ധനകാര്യ ഇടപാടുകളെ രേഖപ്പെടുത്തി, ഇനംതിരിച്ച്, സംഗ്രഹിക്കുന്ന കല - ഇതാണ് അക്കൗണ്ടിംഗിന്റെ സാമ്പ്രദായിക നിർവചനം (Accounting is the art of recording, classifying and summarizing financial transactions). ഈ കല കൈകാര്യം ചെയ്യുന്ന വ്യക്തി അതിനുള്ള പാടവം നേടിയിരിക്കണം. പഞ്ചായത്തുകളുടെ അക്കൗണ്ടിംഗ് ചുമതല, അതിനായി നിയോഗിക്കപ്പെട്ട ഒരു പ്രത്യേക ഉദ്യോഗസ്ഥനെ ഏല്പിക്കണമെന്ന നിർദ്ദേശം കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറലും മൂന്നാം സംസ്ഥാനധനകാര്യ കമ്മീഷനും ഉൾപ്പെടെയുള്ള കേന്ദ്രങ്ങൾ ഉന്നയിക്കാനുള്ള കാരണവും ഇതു തന്നെ. ഈ പശ്ചാത്തലത്തിലാണ് ഗ്രാമപഞ്ചായത്തുകളിൽ അക്കൗണ്ടന്റ് തസ്തിക സൃഷ്ടിച്ചുകൊണ്ടുള്ള ഉത്തരവ് (2009 ജൂൺ 26-ാം തീയതിയിലെ ജി.ഒ (എംഎസ്) 118/09/എൽഎസ് ജി ഡി - നമ്പർ സർക്കാർ ഉത്തരവ്) സർക്കാർ പുറപ്പെടുവിച്ചത്. പഞ്ചായത്ത് ഡിപ്പാർട്ട്മെന്റിന്റെ മേൽനോട്ടത്തിൽ, ഇൻഫർമേഷൻ കേരളമിഷന്റെ സാങ്കേതിക സഹായത്തോടെ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില), പുതിയ അക്കൗണ്ടന്റുമാർക്ക് വിപുലമായ തോതിൽ പരിശീലനം നൽകണമെന്നും സർക്കാർ ഉത്തരവായിട്ടുണ്ട്.

അക്കൗണ്ടന്റിന്റെ ചുമതലകളും ഉത്തരവാദിത്തങ്ങളും

ഗ്രാമപഞ്ചായത്തിലെ അക്കൗണ്ടന്റിന്റെ ചുമതലകളും ഉത്തരവാദിത്തങ്ങളും കൃത്യമായി നിർവചിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (2009 ഓഗസ്റ്റ് -1ലെ ജിഒ(എംഎസ്)150/2009/എൽഎസ്ജിഡി-നമ്പർ സർക്കാർ ഉത്തരവ്). പ്രസ്തുത ഉത്തരവിലെ പ്രധാനകാര്യങ്ങൾ പരിശോധിക്കാം.

അക്കൗണ്ട് തയ്യാറാക്കി സൂക്ഷിക്കുന്നതിന്റെ ഉത്തരവാദിത്തം ഗ്രാമപഞ്ചായത്തിലെ അക്കൗണ്ടന്റിനായിരിക്കും. അതുപോലെ തന്നെ അക്കൗണ്ട് സംബന്ധിച്ച രജിസ്റ്ററുകളും മറ്റുരേഖകളും അക്കൗണ്ടന്റ് ഭദ്രമായി സൂക്ഷിക്കണം.

അക്കൗണ്ടന്റ് കാഷ് സ്വീകരിക്കാൻ പാടില്ല; കാഷ് വിതരണം ചെയ്യാനും പാടില്ല. കാഷ് കൈകാര്യം ചെയ്യുന്ന വ്യക്തിയും കാഷ് ബുക്ക് എഴുതുന്ന വ്യക്തിയും വ്യത്യസ്തരായിരിക്കണം എന്ന, അന്താരാഷ്ട്രതലത്തിൽ അംഗീകൃതമായ, തത്വമാണ് ഈ നിർദ്ദേശത്തിലൂടെ ഇവിടെ പാലിക്കപ്പെടുന്നത്. എന്നാൽ കാഷിയർ, അല്ലെങ്കിൽ കാഷ് കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥൻ, അക്കൗണ്ടന്റിന്റെ സൂപ്പർവിഷനു കീഴിലായിരിക്കും പ്രവർത്തിക്കുന്നത് എന്നും സർക്കാർ വ്യക്തമായി നിർദ്ദേശിച്ചിട്ടുണ്ട്.

കാഷിയർ, ഫ്രണ്ട് ഓഫീസിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥനിൽ നിന്ന് കാഷ് ഏറ്റുവാങ്ങണം. ഔട്ട്ഡോർ കളക്ഷന് നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്ന് കാഷ് ഏറ്റുവാങ്ങേണ്ടതും കാഷിയർ തന്നെയാണ്. കാഷ് സ്വീകരിക്കുവാൻ ഓഫീസ് ഉത്തരവിനാൽ നിയോഗിക്കപ്പെട്ടവരല്ലാതെ, മറ്റൊരുദ്യോഗസ്ഥനും, കാഷോ, ചെക്കോ, ഡിമാൻഡ് ഡ്രാഫ്റ്റോ, പോസ്റ്റൽ ഓർഡറോ, മറ്റേതെങ്കിലും വിലപിടിപ്പുള്ള വസ്തുക്കളോ ഗ്രാമപഞ്ചായത്ത് ഓഫീസിൽ സ്വീകരിക്കുവാൻ പാടില്ല.

കാഷ് ചെസ്റ്റ്

കാഷ് ചെസ്റ്റിന്റെ ചുമതല അക്കൗണ്ടന്റിനായിരിക്കും. കാഷ് ചെസ്റ്റ് ചുമരിലോ തറയിലോ ഉറപ്പിച്ചതായിരിക്കണം. (ഇതുവരെ കാഷ് ചെസ്റ്റ് സ്ഥാപിച്ചിട്ടില്ലാത്ത പഞ്ചായത്തുകൾ ശ്രദ്ധിക്കുക. കാഷ് ചെസ്റ്റ് വാങ്ങേണ്ട ആവശ്യകത 2006 ഏപ്രിൽ 12ലെ ജിഒ(പി)177/2006/ഫിൻ-നമ്പർ സർക്കാർ ഉത്തരവിൽ സൂചിപ്പിച്ചിട്ടുണ്ട്. കാഷ് ചെസ്റ്റ് വാങ്ങുന്നതിനുള്ള തുക വികസനഫണ്ടിലോ തനതുഫണ്ടിലോ നിന്ന് കണ്ടെത്താം - ഖണ്ഡിക 21). കാഷ് ചെസ്റ്റിന് ഡബിൾ ലോക്ക് ഉണ്ടായിരിക്കണം. കാഷ് ചെസ്റ്റിന്റെ ഒരു താക്കോൽ അക്കൗണ്ടന്റിന്റെ കൈവശമായിരിക്കണം. മറ്റേ താക്കോൽ സെക്രട്ടറിയോ കാഷ് കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥനോ സൂക്ഷിക്കണം. (ആരായിരിക്കണം താക്കോൽ സൂക്ഷിക്കുന്നതെന്ന കാര്യം സെക്രട്ടറി ഓഫീസ് ഉത്തരവ് മുഖേന നിർദ്ദേശിക്കണം). കാഷ് ചെസ്റ്റിന്റെ ഡ്യൂപ്ലിക്കേറ്റ് താക്കോലുകൾ ബാങ്ക് ലോക്കറിൽ ഭദ്രമായി സൂക്ഷിക്കണം. കാഷ്, ചെക്ക്, ഡിമാൻഡ് ഡ്രാഫ്റ്റ്, പോസ്റ്റൽ ഓർഡർ തുടങ്ങിയവ മുഴുവൻ കാഷ് ചെസ്റ്റിൽ തന്നെ സൂക്ഷിച്ചിട്ടുണ്ടെന്ന് അക്കൗണ്ടന്റ് ഉറപ്പുവരുത്തണം.

അക്കൗണ്ടന്റിന്റെ മറ്റ് ഉത്തരവാദിത്തങ്ങളിൽ താഴെപ്പറയുന്നവ ഉൾപ്പെടുന്നു.

ചെക്ക്, മെമ്മോറാണ്ടം ഓഫ് പേയ്മെന്റ് എന്നിവ എഴുതൽ

ചെക്ക് എഴുതുക, വർക്ക് ബില്ലിലെ മെമ്മോറാണ്ടം ഓഫ് പേയ്മെന്റ് എഴുതുക, ബിൽ രജിസ്റ്ററും ട്രഷറി ബിൽ ബുക്കും സൂക്ഷിക്കുക തുടങ്ങിയവ അക്കൗണ്ടന്റിന്റെ ചുമതലകളാണ്. ഏത് സ്രോതസ്സിൽനിന്നുള്ള ചെലവായാലും റീഫണ്ട് ആയാലും, നിർദ്ദിഷ്ട ഫോറത്തിൽ ഗ്രാമപഞ്ചായത്തിൽ തയ്യാറാക്കിയ ബില്ലിന്റെ അടിസ്ഥാനത്തിൽ മാത്രമേ ചെയ്യാവൂ. ചെലവ് അഥവാ റീഫണ്ട്, പ്രസിഡന്റ് അധികൃതമാക്കിയിരിക്കണം. പേയ്മെന്റ് ബില്ലും റീഫണ്ട് ബില്ലും ആദ്യം ബിൽ രജിസ്റ്ററിൽ ചേർത്ത് ക്രമനമ്പർ നൽകണം. ചെലവ് ചെയ്യുന്നത് കാഷ് മുഖേനയായാലും

ഗ്രാമപഞ്ചായത്തുകളിലെ അക്കൗണ്ടന്റ്

ചുമതലകളും ഉത്തരവാദിത്വങ്ങളും

ഉദയഭാനു കണ്ടേത്ത്

ചെക്ക് മുഖേനയായാലും ട്രഷറിയിൽ സമർപ്പിച്ച ബിൽ മുഖേനയായാലും ഈ നിർദ്ദേശം ബാധകമാണ്. ട്രഷറിയിൽ സമർപ്പിക്കുന്ന ബില്ലുകളുടെ കാര്യത്തിൽ, അവ ട്രഷറി ബിൽ ബുക്കിൽ കൂടെ രേഖപ്പെടുത്തിയിരിക്കണം.

കാഷ്ബുക്ക്

കാഷ്ബുക്ക്, സബ്സിഡിയറി കാഷ് ബുക്ക്, ചെക്ക്/ഡ്രാഫ്റ്റ് രജിസ്റ്റർ, ബിൽ രജിസ്റ്റർ, ചെക്ക് ഇഷ്യൂ രജിസ്റ്റർ, ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ, ട്രഷറി/ബാങ്ക്/ഇൻവെസ്റ്റ്മെന്റ് ബാലൻസ് രജിസ്റ്റർ, വരവ് രജിസ്റ്റർ, ചെലവ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ തുടങ്ങി 2003 ജൂൺ 12ലെ ജിഒ(പി)319/2003/ഫിൻ നമ്പർ സർക്കാർ ഉത്തരവിന്റെ അനുബന്ധം വാല്യം 1-ൽ നിർദ്ദേശിച്ച എല്ലാ രജിസ്റ്ററുകളും സൂക്ഷിക്കേണ്ടതും കൈകാര്യം ചെയ്യേണ്ടതും അക്കൗണ്ടന്റിന്റെ ചുമതലയാണ്. ഗ്രാമപഞ്ചായത്തിന്റെ എല്ലാ വരവു - ചെലവുകളും, ഏതു സ്രോതസ്സിൽ നിന്നുള്ളതായാലും, അവ നടന്ന ക്രമത്തിൽ ഒരൊറ്റ കാഷ് ബുക്കിൽ അക്കൗണ്ടന്റ് രേഖപ്പെടുത്തേണ്ടതാണ്. ഒരു കാഷ്ബുക്കിൽ ഇപ്രകാരം രേഖപ്പെടുത്തേണ്ടതാണെന്ന കാര്യം 2003 ജൂൺ 12-ലെ ജിഒ(പി)319/2003/ഫിൻ-നമ്പർ സർക്കാർ ഉത്തരവിന്റെ 3.3-ാം ഖണ്ഡികയിൽ വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്. കേരള ട്രഷറി കോഡ് വാല്യം1 ചട്ടം 92(എ) (vi)-ലെ നിർദ്ദേശം അക്കൗണ്ടന്റ് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഇതുപ്രകാരം കാഷ് ബുക്കിൽ എഴുതിയത് മായ്ക്കുകയോ, എഴുത്തിനുമേൽ എഴുതുകയോ ചെയ്യാൻ പാടില്ല, തെറ്റ്

> **അക്കൗണ്ടന്റും കാഷും**
>
> അക്കൗണ്ടന്റ് കാഷ് സ്വീകരിക്കുകയോ വിതരണം ചെയ്യുകയോ ചെയ്യരുത്. എന്നാൽ കാഷിയർ, അല്ലെങ്കിൽ കാഷ് കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥൻ, അക്കൗണ്ടന്റിന്റെ സൂപ്പർവിഷനു കീഴിലായിരിക്കും പ്രവർത്തിക്കുക.

ശ്രദ്ധയിൽപെട്ടാൽ തെറ്റായ എൻട്രിയുടെ മേൽ പേനകൊണ്ട് വരയ്ക്കുകയും, വരികൾക്കിടയിൽ ചുമന്ന മഷികൊണ്ട് ശരിയായ എൻട്രിരേഖപ്പെടുത്തുകയുമാണ് ചെയ്യേണ്ടത്. ഇപ്രകാരമുള്ള ഓരോ തിരുത്തലും, ഗ്രാമപഞ്ചായത്ത് സെക്രട്ടറി, തീയതി വെച്ച് ഇനിഷ്യൽ മുഖേന സാക്ഷ്യപ്പെടുത്തേണ്ടതാണ്. ഓരോ ദിവസം വൈകുന്നേരവും കാഷ് ബുക്കും സബ്സിഡിയറി കാഷ് ബുക്കും ക്ലോസ് ചെയ്തിട്ടുണ്ടെന്നും ക്ലോസിംഗ് സെക്രട്ടറി ഒപ്പുവെച്ച് സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെന്നും അക്കൗണ്ടന്റ് ഉറപ്പുവരുത്തണം. ഇക്കാര്യം 2003 ജൂൺ 12ലെ ജിഒ(പി)319/2003/ഫിൻ-നമ്പർ സർക്കാർ ഉത്തരവിന്റെ 3.4, 3.5 ഖണ്ഡികകളിൽ നിർദ്ദേശിച്ചിട്ടുള്ളതാണ്.

കാഷ് അടയ്ക്കൽ, കാഷ് ബാലൻസ്, ട്രഷറി/ബാങ്ക് റിക്കൺസിലിയേഷൻ

2003 ജൂൺ 12-ലെ ജിഒ(പി)319/2003/ഫിൻ-നമ്പർ സർക്കാർ ഉത്തരവിന്റെ അനുബന്ധവാല്യം I, II, III, മറ്റ് സർക്കാർ ഉത്തരവുകൾ എന്നിവയിൽ അനുശാസിക്കുന്ന നിർദ്ദേശങ്ങൾ പാലിക്കാൻ അക്കൗണ്ടന്റ് ബാദ്ധ്യസ്ഥനാണ്.

കാഷിയർ, അല്ലെങ്കിൽ കാഷ് കൈകാര്യം ചെയ്യാൻ ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥൻ കാഷ്, ചെക്ക്, ഡിമാൻഡ് ഡ്രാഫ്റ്റ്, പോസ്റ്റൽ ഓർഡർ തുടങ്ങിയവ ലഭിച്ച ദിവസമോ, തൊട്ടടുത്ത പ്രവൃത്തിദിവസമോ ബന്ധപ്പെട്ട

പഞ്ചായത്ത് രാജ്

ട്രഷറിയിൽ/ബാങ്കിൽ അടയ്ക്കുന്നുണ്ടെന്ന കാര്യം അക്കൗണ്ടന്റ് ഉറപ്പുവരുത്തണം.

ഓരോ ദിനാന്ത്യത്തിലും, സെക്രട്ടറിയോ അല്ലെങ്കിൽ ചുമതലപ്പെടുത്തിയ മറ്റേതെങ്കിലും ഉദ്യോഗസ്ഥനോ, കാഷ് എണ്ണിതിട്ടപ്പെടുത്തി, കാഷ് ബുക്കിലെ ബാലൻസുമായി പരിശോധിച്ച്, വിവരം കാഷ്ബുക്കിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതാണ്. ഇക്കാര്യം കേരള ട്രഷറി കോഡ് വാല്യം I 131 (എ) ചട്ടത്തിൽ നിർദ്ദേശിച്ചിട്ടുള്ളതാണ് (ഇപ്രകാരം കാഷ് എണ്ണിതിട്ടപ്പെടുത്തുന്നത് അക്കൗണ്ടന്റ് ഒഴികെയുള്ള മറ്റേതെങ്കിലും ഉദ്യോഗസ്ഥനായിരിക്കണം). ഇപ്രകാരം കാഷ് എണ്ണി സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെന്ന കാര്യം ഉറപ്പുവരുത്തേണ്ടത് അക്കൗണ്ടന്റിന്റെ ഉത്തരവാദിത്തമാണ്. കാഷ് എണ്ണുക, പരിശോധിക്കുക, സാക്ഷ്യപ്പെടുത്തുക എന്നിവ നിർവഹിക്കേണ്ടതിന്റെ ഉത്തരവാദിത്തം സെക്രട്ടറിക്കായിരിക്കും.

മാസാന്ത്യത്തിൽ ട്രഷറി/ബാങ്ക് റിക്കൺസിലിയേഷൻ നടത്തി, 2003 ജൂൺ 12ലെ ജിഒ(പി) 319/2003/ഫിൻ - നമ്പർ സർക്കാർ ഉത്തരവിന്റെ അനുബന്ധം വാല്യം -II ൽ നിർദ്ദേശിച്ച ഫോറത്തിൽ ട്രഷറി/ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കേണ്ട ചുമതല അക്കൗണ്ടന്റിനാണ്.

രസീതുകളും വൗച്ചറുകളും സൂക്ഷിക്കൽ, ഓഡിറ്റിന് ഹാജരാക്കൽ

കാഷ് ബുക്കിൽ രേഖപ്പെടുത്തിയ രസീതുകളുടെ കൗണ്ടർഫോയിലുകളും വൗച്ചറുകളും ഭദ്രമായി സൂക്ഷിക്കുകയും ഓഡിറ്റിന് ഹാജരാക്കുകയും ചെയ്യേണ്ടത് അക്കൗണ്ടന്റാണ്. കാഷ് ബുക്കിൽ രേഖപ്പെടുത്തിയപ്രകാരമുള്ള വൗച്ചർ നമ്പർ, ഓരോ വൗച്ചറിന്മേലും ചുമന്ന മഷിയിൽ രേഖപ്പെടുത്തണം. ഓരോ മാസത്തേയും വൗച്ചറുകൾ, ഏതു സ്രോതസ്സിൽ നിന്നുള്ളവയായാലും, ക്രമനമ്പർ പ്രകാരം അടുക്കി, തയ്ച്ച് ഒരു വാല്യമായി സൂക്ഷിക്കണം. വൗച്ചറുകളുടെ എണ്ണം കൂടുതലാണെങ്കിൽ ഒന്നിൽ കൂടുതൽ വാല്യമാകാം. വൗച്ചറുകളുമായി ബന്ധപ്പെട്ട എല്ലാ ഉള്ളടക്കങ്ങളും പണം ലഭിച്ച വ്യക്തി/സ്ഥാപനം നൽകിയ രസീതുകളും വൗച്ചറുകൾക്കൊപ്പം വെയ്ക്കണം. തയ്ച്ചുസൂക്ഷിച്ച ഫയലിലെ ഉള്ളടക്കത്തിന് പേജ് നമ്പരുകൾ നൽകി, ഫയലിന്റെ ഉള്ളടക്കം ഭദ്രമാണെന്നും, ഒരു രേഖപോലും നഷ്ടപ്പെട്ടിട്ടില്ലെന്നും ഉറപ്പുവരുത്തണം. ഒരു കാരണവശാലും ഒറ്റയൊറ്റയായോ, ഓരോ സ്രോതസ്സിനും പ്രത്യേകമായോ സൂക്ഷിക്കരുത്. വൗച്ചറുകൾ പ്രോജക്ട് ഫയലിനകത്തും സൂക്ഷിക്കരുത് (പ്രോജക്ട് ഫയലിനകത്ത്, വൗച്ചറിന്റെ ഫോട്ടോകോപ്പി സൂക്ഷിക്കാവുന്നതാണ്). ഒരു മാസത്തെ വൗച്ചർ ഫയൽ ഒരൊറ്റ റിക്കാർഡാണ്; അക്കാരണം കൊണ്ടുതന്നെ ഓഡിറ്റർമാർക്ക് നൽകാൻവേണ്ടി വൗച്ചറുകൾ വൗച്ചർ ഫയലിൽ നിന്ന് ഇളക്കിമാറ്റരുത്. ഓഡിറ്റർമാർ ഗ്രാമപഞ്ചായത്ത് ഫണ്ട് മുഴുവനായി ഓഡിറ്റ് ചെയ്യുന്നില്ലെങ്കിലും, ഗ്രാമപഞ്ചായത്ത് ഫണ്ടിന്റെ ഒരു ഭാഗംമാത്രമേ ഓഡിറ്റിന് വിധേയമാക്കുന്നുള്ളുവെങ്കിലും ഈ നിർദ്ദേശം ബാധകമാണ്.

വൗച്ചറുകളുടെ കൂടെയുള്ള സബ് വൗച്ചറുകളുടെ മദ്ധ്യത്തിൽ കൂടെ ചുമന്ന മഷിയിൽ വരച്ച് CANCELLED എന്ന് രേഖപ്പെടുത്തണം. ഒരു പ്രാവശ്യം ഉപയോഗിച്ച സബ്വൗച്ചർ ഉപയോഗിച്ച് വീണ്ടും വ്യാജമായി പണം പിൻവലിക്കുന്നതിനുള്ള അവസരം ഒഴിവാക്കലാണ് ഉദ്ദേശ്യം. കേരള ട്രഷറി കോഡ് വാല്യം 1, 435 (എ) ചട്ടത്തിൽ നിർദ്ദേശിച്ചിട്ടുള്ളതാണ് ഇക്കാര്യം.

പട്ടിക 1

മൂലധന ചെലവ്	റവന്യൂ ചെലവ്
1. ആസ്തികൾ സൃഷ്ടിക്കുന്നതിനോ, ആസ്തിയുടെ മൂല്യം വർദ്ധിപ്പിക്കുന്നതിനോ ഉള്ള ചെലവ്.	പതിവ് ചെലവ്
2. ആവർത്തിക്കാത്ത ചെലവ് (Non-recurring)	ആവർത്തിക്കുന്ന ചെലവ് (recurring)
3. ദീർഘകാലത്തെ ആവശ്യം മുൻനിർത്തിയുള്ള ചെലവ്	ഒരു വർഷം, അല്ലെങ്കിൽ ചുരുങ്ങിയ കാലത്തെ ആവശ്യം മാത്രം മുൻനിർത്തിയ ചെലവ്

അക്കൗണ്ടന്റുമാരുടെ പരിശീലനം തുടങ്ങി

അക്കൗണ്ടന്റുമാർ ഉത്തരവാദിത്വം നിറവേറ്റണം : പാലോളി മുഹമ്മദ്കുട്ടി

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജനങ്ങൾക്കുള്ള വിശ്വാസ്യത നിലനിർത്തുന്ന തരത്തിൽ അക്കൗണ്ടന്റുമാർ തങ്ങളിൽ അർപ്പിതമായ ഉത്തരവാദിത്വം നിറവേറ്റണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി പാലോളി മുഹമ്മദ്കുട്ടി പറഞ്ഞു. ഗ്രാമപഞ്ചായത്തുകളിൽ പുതിയതായി നിയമിക്കപ്പെട്ട അക്കൗണ്ടന്റുമാർക്കുള്ള പരിശീലന പരിപാടി തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഗ്രാമപഞ്ചായത്താഫീസുകളിൽ കണക്കുകളില്ലാത്തതല്ല പ്രശ്നം. അത് ക്രമമായി അടുക്കി സൂക്ഷിച്ചിട്ടില്ല എന്നതാണ് വാസ്തവം. അത് കൃത്യമായും കാര്യക്ഷമമായും എഴുതി സൂക്ഷിക്കുകയും പരിപാലിക്കുകയും ചെയ്യേണ്ടത് അക്കൗണ്ടന്റുമാരുടെ ചുമതലയാണ്. കണക്കുകളുടെ പരിശോധനാ വേളയിൽ ആർക്കുമുമ്പിലും ഏതും സമയത്തും കൃത്യമായി അവ ഹാജരാക്കുവാൻ കഴിയണം. കാര്യങ്ങൾ പഴയതുപോലെയാകുന്നത് അനുവദിക്കുവാൻ സർക്കാരിന് കഴിയില്ല, അദ്ദേഹം പറഞ്ഞു.

ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെട്ടതാണ്. തെറ്റ് കുറ്റങ്ങളില്ലായെന്നല്ല ഇതിനർത്ഥം. എന്നാൽ ജനകീയാസൂത്രണം ആരംഭിച്ചതുമുതൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം സംബന്ധിച്ച് പത്ര-ദൃശ്യ മാദ്ധ്യമങ്ങളിൽ ധാരാളം വിമർശനം ഉണ്ടായി. അടിസ്ഥാനമില്ലാത്തവയായിരുന്നു അവയിൽ പലതും. എന്നാൽ വികസനപ്രവർത്തനങ്ങളുടെ ഭാഗമായി കൈവരിക്കുന്ന ഭൗതികനേട്ടങ്ങൾ, ആസ്തികൾ, അവയുടെ ചെലവ് സംബന്ധിച്ച വിവരങ്ങളും കണക്കുകളും തയ്യാറാക്കുന്നതിൽ വരുത്തിയ വീഴ്ച കാരണം കൈവരിച്ച നേട്ടങ്ങൾ ഉയർത്തിപ്പിടിക്കുന്നതിന് പൂർണമായി കഴിഞ്ഞിരുന്നില്ല. ഇത് സർക്കാർ ഗൗരവമായി കാണുകയും നടപടികൾ കൈക്കൊള്ളുകയും ചെയ്തിരുന്നു. കഴിഞ്ഞ മൂന്നു വർഷക്കാലത്തെ സർക്കാരിന്റെ നിരന്തര ഇടപെടലിന്റെ ഫലമായി കണക്കെഴുതി സൂക്ഷിക്കുന്നതിലും അക്കൗണ്ട് ആഡിറ്റിന് നൽകുന്നതിലും വളരെയധികം മുന്നോട്ടുപോകുവാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്.

കേന്ദ്ര സംസ്ഥാന സർക്കാരുകളിൽ നിന്നും വ്യത്യസ്തമായി പ്രാദേശികമായി ജനങ്ങളുടെ താല്പര്യം കണക്കിലെടുത്ത് ജനപങ്കാളിത്തത്തോടെ സുതാര്യമായി വികസനപ്രവർത്തനം നടപ്പാക്കുകയാണ് തദ്ദേശഭരണ സ്ഥാപനങ്ങളുടെ കടമ. അത് യഥാവിധി നടപ്പുവരുത്തിയില്ലെങ്കിൽ ജനങ്ങളുടെ പ്രതീക്ഷ അസ്ഥാനത്താകും. ജനങ്ങളുടെ പ്രതീക്ഷയ്ക്കൊത്ത് പ്രവർത്തനം നടത്തുന്നതിന് ജനപ്രതിനിധികൾക്കൊപ്പം ഉദ്യോഗസ്ഥരും ആത്മാർത്ഥതയോടെ പ്രവർത്തിക്കണമെന്ന് മന്ത്രി പറഞ്ഞു.

അധികാരവികേന്ദ്രീകരണത്തിന്റെ ഫലമായി ഗ്രാമപഞ്ചായത്തുകളിലെ ധനസംബന്ധമായ ജോലിഭാരം പതിന്മടങ്ങ് വർദ്ധിച്ച സാഹചര്യത്തിൽ അക്കൗണ്ടന്റ് ജനറലും മൂന്നാം ധനകാര്യ കമ്മീഷനും അക്കൗണ്ടിംഗ് സമ്പ്രദായം ശക്തിപ്പെടുത്തണമെന്ന് സർക്കാരിനോട് നിർദ്ദേശിച്ചിരുന്നുവെന്നും ഈ നിർദ്ദേശം പരിഗണിച്ചുകൊണ്ട് പഞ്ചായത്തുകളിലെ ധനമാനേജ്മെന്റ് കുറ്റമറ്റതാക്കി മാറ്റുന്നതിനാണ് കേരളത്തിലെ 999 ഗ്രാമപഞ്ചായത്തുകളിലും അക്കൗണ്ടന്റിനെ നിയമിക്കാൻ സർക്കാർ ഉത്തരവായതെന്ന് ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ച തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി രാജേഷ് കുമാർ സിംഗ് പറഞ്ഞു. പുതിയതായി സൃഷ്ടിച്ച അക്കൗണ്ടന്റ് തസ്തിക ഹെഡ് ക്ലാർക്കിന്റെ 8390-13270 രൂപ ശമ്പള സ്കെയിലിലാണ്. 18 ഗ്രാമപഞ്ചായത്തുകളിലെ ഹെഡ്ക്ലാർക്ക് തസ്തിക അക്കൗണ്ടന്റായി മാറുകയും 642 പഞ്ചായത്തുകളിൽ യു.ഡി.ക്ലാർക്ക് തസ്തിക അപ്ഗ്രേഡ് ചെയ്യുകയും 339 ഗ്രാമപഞ്ചായത്തുകളിൽ ഹെഡ്ക്ലാർക്ക് തസ്തികയ്ക്ക് തുല്യമായ അക്കൗണ്ടന്റ് തസ്തിക പുതുതായി സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. വകുപ്പിലെ 1300 ലധികം ജീവനക്കാർക്ക് ഇതുമൂലം പ്രൊമോഷൻ ലഭിക്കുകയും ചെയ്യുമെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

ഗ്രാമപഞ്ചായത്തുകളിലെ ധനസംബന്ധമായ ജോലിഭാരം ലഘൂകരിക്കുന്നതിന് അക്കൗണ്ടന്റ് തസ്തിക അനുവദിച്ച തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രിയോടുള്ള പഞ്ചായത്തുവകുപ്പിന്റെ നന്ദി ചടങ്ങിൽ സ്വാഗതം ആശംസിച്ച അഡീഷണൽ പഞ്ചായത്ത് ഡയറക്ർ ഈപ്പൻ ഫ്രാൻസിസ് അറിയിച്ചു. ഇതിനുമുൻപ് 1999ലും ഗ്രാമപഞ്ചായത്തുകൾക്ക് പുതിയ തസ്തിക മന്ത്രി അനുവദിച്ചിരുന്ന കാര്യവും അദ്ദേഹം സ്മരിച്ചു. കണ്ണൂർ, കൊട്ടാരക്കര, കില, തിരുവനന്തപുരം എന്നീകേന്ദ്രങ്ങളിൽ മൂന്ന് ബാച്ചുകളിലായി നടത്തുന്ന പരിശീലന പരിപാടിയിൽ എല്ലാവരും അച്ചടക്കത്തോടെ പങ്കെടുക്കണമെന്നും അദ്ദേഹം നിർദ്ദേശിച്ചു.

സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ആഫീസർ എസ്. ദിവാകരൻപിള്ള പരിശീലന പരിപാടിയെക്കുറിച്ച് വിശദീകരിച്ചു. തിരുവനന്തപുരം പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ എഡ്വേർഡ് ചടങ്ങിന് നന്ദി രേഖപ്പെടുത്തി. ■

(പഞ്ചായത്ത് ന്യൂസ് സർവ്വീസ്)

തിരുവനന്തപുരത്ത് നടന്ന അക്കൗണ്ടന്റുമാർക്കുള്ള പരിശീലനപരിപാടി തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി പാലോളി മുഹമ്മദ്കുട്ടി ഉദ്ഘാടനം ചെയ്യുന്നു. അഡീഷണൽ പഞ്ചായത്ത് ഡയറക്ടർ ഈപ്പൻ ഫ്രാൻസിസ്, സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ആഫീസർ എസ്. ദിവാകരൻപിള്ള, പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ എഡ്വേർഡ് എന്നിവർ സമീപം.

ബജറ്റിനു വിധേയമായി ചെലവ്- അക്കൗണ്ടന്റിന്റെ പങ്ക്

ചെലവുകൾക്കുമേൽ പഞ്ചായത്തിന് സ്വയം നിയന്ത്രണം ഏർപ്പെടുത്താനുള്ളതാണ് ബജറ്റ്. പഞ്ചായത്തു തന്നെ തയ്യാറാക്കി, അംഗീകരിച്ചാണ് ബജറ്റ് നടപ്പാക്കുന്നത്. ബജറ്റ് തുകകളിൽ മാറ്റം വേണമെന്നുണ്ടെങ്കിൽ, ചെലവു ചെയ്യുന്നതിനു മുമ്പ് സപ്ലിമെന്ററി ബജറ്റ് അവതരിപ്പിച്ച്, മാറ്റം ബജറ്റിൽ ഉൾക്കൊള്ളിക്കാനും പഞ്ചായത്തിന് അധികാരമുണ്ട്. വിപുലമായ മാറ്റം വേണമെങ്കിൽ റിവൈസ്ഡ് ബജറ്റ് അവതരിപ്പിക്കാം. അപ്രതീക്ഷിതമായ അടിയന്തരഘട്ടത്തിൽ ബജറ്റിൽ തുകയില്ലെങ്കിലും ചെലവു ചെയ്യാം; അടുത്ത പഞ്ചായത്ത് യോഗത്തിൽ സപ്ലിമെന്ററി ബജറ്റ് അവതരിപ്പിച്ച് ചെലവ് ക്രമീകരിച്ചാൽ മതി. ഇക്കാര്യങ്ങളെല്ലാം 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 214-ാം വകുപ്പിൽ പ്രതിപാദിച്ചിട്ടുണ്ട്. എങ്കിലും സപ്ലിമെന്ററിയോ റിവൈസ്ഡോ ആയ ബജറ്റ് അവതരിപ്പിക്കാതെയാണ്, ബജറ്റിൽ ഉൾപ്പെടുത്താത്ത ചെലവുകൾ മിക്കപഞ്ചായത്തുകളും ചെയ്യുന്നത്.

ബജറ്റിനെ സ്വന്തം പ്രവർത്തനങ്ങൾക്കുതടയിടുന്ന ശല്യമായിക്കരുതാതെ, സ്വന്തം ചെലവുകൾക്കുമേലുള്ള കടിഞ്ഞാൺ കയ്യിൽ തരുന്ന ഒരുത്തമസഹായിയായിക്കാണാൻ പഞ്ചായത്തും, ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയും, സെക്രട്ടറിയും അക്കൗണ്ടന്റും തയ്യാറാകണം. ഏതുസമയത്തും, എത്രപ്രാവശ്യം വേണമെങ്കിലും, സപ്ലിമെന്ററി ബജറ്റോ, പുതുക്കിയ ബജറ്റോ അവതരിപ്പിച്ച്, അംഗീകരിക്കാൻ യാതൊരു നിയമതടസ്സവുമില്ലെന്ന കാര്യം ഉൾക്കൊള്ളണം. ഇപ്രകാരം ചെയ്തു കഴിഞ്ഞശേഷം മാത്രമേ, അതായത് ബജറ്റിൽ ആവശ്യത്തിനുള്ള തുക വകയിരുത്തിയശേഷം മാത്രമേ, ചെലവു ചെയ്യുകയുള്ളൂവെന്ന ദൃഢനിശ്ചയം സ്വീകരിക്കണം.

ഇപ്രകാരമുള്ള ദൃഢനിശ്ചയത്തിൽ പലപ്പോഴും തടസ്സമായി നില്ക്കുന്നത് 'പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റി'നെക്കുറിച്ചുള്ള തെറ്റായ സങ്കല്പമാണ്. എല്ലാ വർഷവും മാർച്ച് മാസത്തിൽ, അടുത്ത വർഷത്തെബജറ്റിനോടൊപ്പം അവതരിപ്പിക്കുന്ന "പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റ്", നേരത്തേ ചെയ്തുപോയ എല്ലാ ബജറ്റ് ലംഘനങ്ങളേയും സാധൂകരിക്കുന്നു എന്നതാണ് ആ തെറ്റായ ധാരണ. യാഥാർത്ഥ്യം എന്താണെന്നു മനസ്സിലാക്കാൻ കേരള ബജറ്റ് മാനുവലിന്റെ 20-ാം ഖണ്ഡിക പരിശോധിക്കാം.

"തന്നാണ്ടത്തെ പുതുക്കിയ എസ്റ്റിമേറ്റ്, പ്രഥമദൃഷ്ട്യാ, അടുത്തവർഷത്തെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള ഉത്തമ വഴികാട്ടിയാണ്... ഏറ്റവും അവസാനം ലഭിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ, എത്ര രൂപ ലാഭിക്കാനും ചെലവഴിക്കാനും ബാക്കിയുണ്ടെന്ന് തന്നാണ്ടിൽതന്നെ മനസ്സിലാക്കാൻ സഹായിക്കുന്ന ഒരു ധനകാര്യവിലയിരുത്തൽ മാത്രമാണ് പുതുക്കിയ എസ്റ്റിമേറ്റ്. ഈ അടിസ്ഥാനത്തിൽ തന്നാണ്ടിലെ നീക്കിയിരിപ്പ് എത്രയാണെന്ന് മനസ്സിലാക്കാനും കഴിയും; ഈ തുകതന്നെയായിരിക്കും അടുത്തവർഷത്തെ ബജറ്റിലെ പ്രാരംഭബാക്കി. പുതുക്കിയ എസ്റ്റിമേറ്റ്, ഒരുതരത്തിലും, നേരത്തേ നിയമസഭ പാസ്സാക്കിയ ബജറ്റിനെ റദ്ദ് ചെയ്യുകയോ ഭേദഗതി ചെയ്യുകയോ ചെയ്യുന്നില്ല; നേരത്തേ പാസ്സാക്കിയ ബജറ്റ് അതേപോലെ തുടരുന്നു. പുതുക്കിയ എസ്റ്റിമേറ്റ്, അതിന്റെ അടിസ്ഥാനത്തിൽ കൂടുതൽ ചെലവു ചെയ്യാൻ അധികാരം നൽകുന്നില്ല. ഉദാഹരണത്തിന് ജയിലുകൾക്കുള്ള ബജറ്റ് ഗ്രാന്റ് 100 ലക്ഷമാണെന്നു കരുതുക; പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം അത് 105 ലക്ഷമാണെന്നും കരുതുക; എന്നാൽ ബജറ്റ് ഗ്രാന്റിനുപരി 5 ലക്ഷം രൂപ ചെലവു ചെയ്യാൻ, പ്രിസൺ ഇൻസ്പെക്ടർ ജനറലിന് പുതുക്കിയ എസ്റ്റിമേറ്റ് അധികാരം നൽകുന്നില്ല.... കൂടുതൽ ചെലവ് പ്രതീക്ഷിക്കുന്നുണ്ടെങ്കിൽ സപ്ലിമെന്ററി ബജറ്റ് അവതരിപ്പിച്ചേ തീരൂ."

സംസ്ഥാന സർക്കാരിന്റെ ചെലവ്, ഓരോ ഹെഡ് ഓഫ് അക്കൗണ്ടിലും, ബജറ്റിനേക്കാൾ കൂടുതലോ കുറവോ ആണോ എന്ന് വിശകലനം ചെയ്ത് കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ നിയമസഭയ്ക്കു മുമ്പാകെ സമർപ്പിക്കുന്ന രേഖയാണ് ഓരോ വർഷത്തേയും 'അപ്രോപ്രിയേഷൻ അക്കൗണ്ട്.' അപ്രോപ്രിയേഷൻ അക്കൗണ്ടിൽ ബജറ്റ് അപ്രോപ്രിയേഷൻ ആയി കണക്കാക്കുന്നത്, ഒറിജിനൽ ബജറ്റ് തുക, സപ്ലിമെന്ററി ബജറ്റ് തുക, റീ അപ്രോപ്രിയേഷൻ തുക എന്നിവ മാത്രമാണ്. അടുത്തവർഷത്തെ ബജറ്റിന്റെ കൂടെ അവതരിപ്പിക്കുന്ന 'റിവൈസ്ഡ് എസ്റ്റിമേറ്റി'ലെ തുക കണക്കിലെടുക്കുകയില്ല (റീ അപ്രോപ്രിയേഷൻ എന്നത്, നിയമസഭയിലേയ്ക്കു പോകാതെ, കൺട്രോ

ളിംഗ് ഉദ്യോഗസ്ഥർക്ക്, ബജറ്റിൽ മാറ്റം വരുത്താനുള്ള നിയന്ത്രിതാധികാരമാണ്.) ഇപ്രകാരം ഒരധികാരം പഞ്ചായത്ത് സെക്രട്ടറിക്കില്ല. അതിനാൽ റീ അപ്രോപ്രിയേഷൻ ആവശ്യമായി വരുമ്പോൾ; സപ്ലിമെന്ററി ബജറ്റ് വഴി പഞ്ചായത്ത് ആയിരിക്കും റീ അപ്രോപ്രിയേഷൻ നടത്തുക.

ബജറ്റിനുവിധേയമായി ചെലവ് നിർവഹിക്കുന്ന കാര്യത്തിൽ അക്കൗണ്ടന്റിന് നിർണായകമായ പങ്കാണുള്ളത്. 2003 ജൂൺ 12ലെ ജിഒ(പി)319/2003/ഫിൻ-നമ്പർ സർക്കാർ ഉത്തരവിന്റെ അനുബന്ധം വാല്യം IIൽ നിർദ്ദേശിച്ച ഫോർമാറ്റിൽ കരടു ബജറ്റ് തയ്യാറാക്കി ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാന്റെ പരിഗണനയ്ക്ക് സെക്രട്ടറി വഴി അക്കൗണ്ടന്റ് സമർപ്പിക്കണം.

ബജറ്റിൽ വകയിരുത്താത്ത ഒരു ചെലവും നിർവഹിക്കുന്നില്ലെന്ന് അക്കൗണ്ടന്റ് ഉറപ്പുവരുത്തണം. ഏതെങ്കിലും ഒരു ബിൽവഴി ബജറ്റിൽ ഉൾപ്പെടുത്താത്ത ചെലവ് ചെയ്യേണ്ടിവരികയാണെങ്കിൽ അക്കാര്യം ഗ്രാമപഞ്ചായത്ത് സെക്രട്ടറി വഴി പ്രസിഡന്റിന്റേയും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാന്റേയും ശ്രദ്ധയിൽ അക്കൗണ്ടന്റ് കൊണ്ടുവരേണ്ടതാണ്. അത്തരം ചെലവ് ചെയ്യുന്നതിനു മുമ്പ് സപ്ലിമെന്ററി ബജറ്റോ റിവൈസ്ഡ് ബജറ്റോ പഞ്ചായത്ത് അംഗീകരിക്കേണ്ടതാണെന്ന കാര്യവും ശ്രദ്ധയിൽപെടുത്തണം. എന്നാൽ 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 214(5), (6) വകുപ്പുകൾ പ്രകാരം, അടിയന്തര സാഹചര്യത്തിൽ ചെലവു നിർവഹിച്ചു കഴിഞ്ഞശേഷം സപ്ലിമെന്ററിബജറ്റ് അംഗീകരിച്ചാൽ മതി. ബജറ്റിൽ വകയിരുത്താത്തചെലവ് ഒഴിവാക്കുന്നതിനായി കേരള ബജറ്റ് മാനുവലിന്റെ 20-ാം ഖണ്ഡികയിലേയ്ക്ക് ബന്ധപ്പെട്ട അധികാരികളുടെ ശ്രദ്ധ അക്കൗണ്ടന്റ് ക്ഷണിക്കേണ്ടതാണ്.

വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ്, പ്രതിമാസ അക്കൗണ്ട് മറ്റു സ്റ്റേറ്റ്മെന്റുകൾ

2003 ജൂൺ 12ലെ ജിഒ(പി)319/2003/ഫിൻ നമ്പർ സർക്കാർ ഉത്തരവിന്റെ രണ്ടാം അനുബന്ധവാല്യത്തിൽ നിർദ്ദേശിച്ച ഫോർമാറ്റുകളിൽ പ്രതിമാസ അക്കൗണ്ട്, വാർഷികധനകാര്യസ്റ്റേറ്റ്മെന്റ്, മറ്റു സ്റ്റേറ്റ്മെന്റുകൾ, റിപ്പോർട്ടുകൾ എന്നിവ അക്കൗണ്ടന്റ് തയ്യാറാക്കേണ്ടതാണ്.

നിർവഹണ ഉദ്യോഗസ്ഥരിൽ നിന്ന് പ്രതിമാസ ചെലവ് സ്റ്റേറ്റ്മെന്റ് ലഭിക്കുന്നുവെന്ന കാര്യവും 2006 ഏപ്രിൽ 12ലെ ജിഒ(പി) 177/2006/ഫിൻ നമ്പർ സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ച രീതിയിൽ പ്രസ്തുത സ്റ്റേറ്റ്മെന്റിലെ വിവരം അക്കൗണ്ടിൽ ഉൾക്കൊള്ളിക്കുന്നുവെന്ന കാര്യവും അക്കൗണ്ടന്റ് ഉറപ്പുവരുത്തണം.

2006 ഏപ്രിൽ 12ലെ ജിഒ(പി)177/2006/ഫിൻ നമ്പർ സർക്കാർ ഉത്തരവിന്റെ 17-ാം ഖണ്ഡികയിൽ നിർദ്ദേശിച്ച പ്രകാരം 'എ', 'സി', വിഭാഗം ഫണ്ടുകൾക്കുള്ള പ്രതിമാസ റിപ്പോർട്ട് തയ്യാറാക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക്, അടുത്ത മാസം 15-ാം തീയതിക്കകം അയച്ചുകൊടുക്കണം.

എ, ബി, സി വിഭാഗം ഫണ്ടുകൾക്കുള്ള അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, കൈമാറിക്കിട്ടിയ ആസ്തികളും സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട വരവ് - ചെലവ് രജിസ്റ്റർ, നിർവഹണ ഉദ്യോഗസ്ഥർക്കുള്ള അലോട്ട്മെന്റും വിനിയോഗവും രജിസ്റ്റർ, നോൺ ബാങ്കിംഗ് ട്രഷറി രജിസ്റ്റർ എന്നിവ അക്കൗണ്ടന്റ് സൂക്ഷിക്കണം.

വായ്പ തിരിച്ചടവ്, ക്ലാസിഫിക്കേഷൻ തുടങ്ങിയവ

ഗ്രാമപഞ്ചായത്ത് എടുത്തിട്ടുള്ള വായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുന്നുണ്ടെന്നും, ബില്ലുകളിൽ നിന്നുള്ള റിക്കവറി തുകകൾ യഥാസ്ഥാനത്ത് കൃത്യമായി അടയ്ക്കുന്നുണ്ടെന്നും ഉറപ്പുവരുത്തണം.

കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും പബ്ലിക് അക്കൗണ്ടിൽ നിന്നും പിൻവലിക്കുന്നതും തിരിച്ചടയ്ക്കുന്നതുമായ തുകകളുടെ കാര്യത്തിലും അവ വിതരണം ചെയ്യുന്ന കാര്യത്തിലും കേരള അക്കൗണ്ട് കോഡ് വാല്യം ഒന്നിൽ (അനുഛേദം 7) പ്രതിപാദിച്ച നടപടിക്രമങ്ങൾ പിന്തുടരണം.

ചെലവുകൾ ക്ലാസിഫൈ ചെയ്യുന്ന കാര്യത്തിൽ, മൂലധന ചെലവുകളും റവന്യൂ ചെലവുകളും തമ്മിലുള്ള വ്യത്യാസം കൃത്യമായി മനസ്സിലാക്കിയിരിക്കണം.(പട്ടിക-1)

നഷ്ടപ്പെട്ട കാഷ് എഴുതിതള്ളൽ, വ്യാജനോട്ടുകളോ നാണയങ്ങളോ സ്വീകരിക്കുന്നതുകൊണ്ടുള്ള നഷ്ടം, മറ്റു തരത്തിലുള്ള കാഷ് നഷ്ടം, ധനാപഹരണം, ക്രമവിരുദ്ധമോ പതിവിനുവിരുദ്ധമോ കൂടുതലോ ആയി പണം നൽകൽ തുടങ്ങിയ കാര്യങ്ങളിൽ കേരള അക്കൗണ്ട് കോഡ് വാല്യം ഒന്നിന്റെ 82ഉം 83ഉം അനുഛേദങ്ങളിൽ പ്രതിപാദിച്ച നടപടിക്രമങ്ങൾ സ്വീകരിക്കണം.

ഇടപാടുകളുടെമേൽ നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ധനകാര്യ ഇടപാടുകൾക്ക് ശരിയായ അക്കൗണ്ട് സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം. സർക്കാർ, അക്കൗണ്ടന്റ് ജനറൽ, ഡിപ്പാർട്ട്മെന്റൽ അധികൃതർ എന്നിവരാവശ്യപ്പെടുന്ന എല്ലാ അക്കൗണ്ടുകളും റിട്ടേണുകളും കൃത്യമായും താമസം കൂടാതെയും സമർപ്പിക്കണം. അക്കൗണ്ടുകൾ ഇടയ്ക്കിടെ പരിശോധിക്കണം - ധനാപഹരണം, വ്യാജ ഇടപാടുകൾ മറ്റു ക്രമക്കേടുകൾ എന്നിവ തടയുന്നതിനാണ് ഇത്.

അക്കൗണ്ടന്റിനെ ഭരമേൽപ്പിച്ച ചുമതലകളിൽ വീഴ്ച വരുത്തുന്നതുകൊണ്ടുള്ള നഷ്ടങ്ങൾക്ക് അക്കൗണ്ടന്റ് വ്യക്തിപരമായി ഉത്തരവാദിയായിരിക്കും. എല്ലാ സർക്കാർ ജീവനക്കാരും സർക്കാർ നിർദ്ദേശിച്ച ധനകാര്യ ചട്ടങ്ങളെപ്പറ്റി പരിചയം നേടിയിരിക്കണം. അക്കാരണംകൊണ്ട് തന്നെ തെറ്റിദ്ധരിപ്പിക്കപ്പെട്ടതാണെന്നോ, ചതിക്കു അടിമപ്പെട്ടുപോയതാണെന്നോ ഉള്ള വാദം അക്കൗണ്ടന്റിന്റെ വ്യക്തിപരമായ ഉത്തരവാദിത്തത്തിന് ഒരിളവും നേടിത്തരികയില്ല. കേരള ഫിനാൻഷ്യൽ കോഡ്, വാല്യം1, അനുഛേദം 8ന്റെ (1) മുതൽ (6) വരെയുള്ള ഉപവിഭാഗങ്ങളിൽ ശരിയായ രീതിയിൽ അക്കൗണ്ട്സ് സൂക്ഷിക്കേണ്ടതിനെപ്പറ്റി പ്രതിപാദിക്കുന്നുണ്ട്. ഇക്കാര്യങ്ങളെപ്പറ്റി അക്കൗണ്ടന്റ് ബോധവാനായിരിക്കണം.

ധനകാര്യ സംബന്ധിയായ ഉപദേശം

പൊതുവായ തത്ത്വങ്ങൾ (General Principles), ധനകാര്യ ഔചിത്യം സംബന്ധിച്ച മാനദണ്ഡങ്ങൾ (Standards of Financial Propriety), പ്രധാന ധനകാര്യതത്ത്വങ്ങൾ (Important Financial Principles) എന്നിവ ഏതെല്ലാമെന്ന് കേരള ഫിനാൻഷ്യൽ കോഡ്, വാല്യം1, അനുഛേദം 40-ൽ നിർദ്ദേശിച്ചിട്ടുണ്ട്. ഇവയെപ്പറ്റി അക്കൗണ്ടന്റ് ബോധവാനായിരിക്കണം. ഈ അറിവിന്റേയും പരിചയത്തിന്റേയും വെളിച്ചത്തിൽ, ആവശ്യപ്പെടുകയാണെങ്കിൽ പ്രസിഡന്റിനും, ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സണും, സെക്ര

ശേഷം പേജ് 33

പുതിയ അക്കൗണ്ടിംഗ് രീതി

പഞ്ചായത്തുകളിൽ താമസിക്കാതെ പുതിയ അക്കൗണ്ടിംഗ് രീതി നടപ്പാക്കുന്നതായിരിക്കും. പൂർണ്ണമായും കമ്പ്യൂട്ടറിലായിരിക്കും പുതിയ രീതിയിലുള്ള അക്കൗണ്ടിംഗ് നിർവഹിക്കുക. കമ്പ്യൂട്ടർ മുഖേനയുള്ള പ്രവർത്തനത്തിന്റെ പ്രധാന നേട്ടങ്ങൾ വേഗം, കൃത്യത, ആവർത്തിച്ച് ചെയ്യേണ്ട ജോലി ഒഴിവാക്കൽ എന്നിവയാണ്. ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ച 'സാംഖ്യ' എന്ന അക്കൗണ്ടിംഗ് സോഫ്റ്റ്വെയറിലായിരിക്കും അക്കൗണ്ടന്റ്, തന്റെ അക്കൗണ്ടിംഗ് ജോലികൾ നിർവഹിക്കുക. കമ്പ്യൂട്ടർ ഉപയോഗിച്ച് വൗച്ചറിൽ എൻട്രി രേഖപ്പെടുത്തുക എന്ന പ്രക്രിയ മാത്രമേ അക്കൗണ്ടന്റ് നിർവഹിക്കേണ്ടതുള്ളു. കാഷ് ബുക്ക്, ബാങ്ക് ബുക്ക്, ജേണൽ ബുക്ക്, ലെഡ്ജർ, ട്രയൽ ബാലൻസ്, ബാലൻസ് ഷീറ്റ്, ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, റസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റുമെന്റ് തുടങ്ങിയവ കമ്പ്യൂട്ടറിന്റെ ഭാഷയിൽ 'റിപ്പോർട്ടുകൾ' മാത്രമാണ്. ഇത്തരം റിപ്പോർട്ടുകൾ ലഭിക്കാൻ 'സാംഖ്യയിൽ' ഒരു മൗസ് ക്ലിക്ക് മാത്രം മതിയാകും. സെക്കന്റുകൾക്കുള്ളിൽ റിപ്പോർട്ട് കമ്പ്യൂട്ടറിൽ തയ്യാറായിരിക്കും.

ഫ്രണ്ട് ഓഫീസ് സംവിധാനം വ്യാപിക്കുന്നു

എല്ലാ ഗ്രാമ പഞ്ചായത്തുകളിലും ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തിയത് സംബന്ധിച്ച ജില്ലാതല പ്രഖ്യാപനങ്ങൾ ജൂലൈ മാസത്തിൽ നാല് ജില്ലകളിൽ നടന്നു. തൃശ്ശൂർ, ഇടുക്കി, പത്തനംതിട്ട, കോട്ടയം എന്നീ ജില്ലകളിലാണ് ഫ്രണ്ട് ഓഫീസ് സംവിധാനം നിലവിൽ വന്നത് സംബന്ധിച്ച ഔദ്യോഗിക പ്രഖ്യാപനങ്ങൾ നടന്നത്. ജില്ലാ തല പ്രഖ്യാപനങ്ങളുടെ ഭാഗമായി പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ ഓഫീസുകളുടെ പൗരാവകാശ രേഖകളുടെ പ്രകാശനവും നടന്നു.

തൃശ്ശൂർ

വയനാടിന് ശേഷം സംസ്ഥാനതലത്തിൽ രണ്ടാമതായി ഫ്രണ്ട് ഓഫീസ് സംവിധാനം ഫലപ്രദമായി നടപ്പിലാക്കിയ തൃശ്ശൂർ ജില്ലയിലെ പ്രഖ്യാപനം 2009 ജൂലൈ 18 ന് കില ഓഡിറ്റോറിയത്തിൽ വെച്ച് റവന്യൂ വകുപ്പ് മന്ത്രി കെ.പി രാജേന്ദ്രൻ നിർവ്വഹിച്ചു. ഫ്രണ്ട് ആഫീസ് സംവിധാനം ഏർപ്പെടുത്തിയതിലൂടെ ഏത് ഉത്തരവാദിത്തവും ഏറ്റെടുക്കാനും പ്രാവർത്തികമാക്കാനും കഴിവും ശേഷിയുമുള്ളവരാണ് പഞ്ചായത്തുകളിലെ ജനപ്രതിനിധികളും

"സേവനപ്രദാന മേഖലയിൽ ഗുണപരമായ മാറ്റം ഉണ്ടാകും"

ഫ്രണ്ട് ആഫീസുകൾ സ്ഥാപിക്കുന്നതിലൂടെ സേവനപ്രദാനമേഖലയിൽ ഗുണപരമായ മാറ്റം ഉണ്ടാക്കാൻ കഴിയുമെന്ന് തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി പാലോളി മുഹമ്മദ്കുട്ടി അഭിപ്രായപ്പെട്ടു. പത്തനംതിട്ട, കോട്ടയം ജില്ലകളിൽ നടന്ന ഫ്രണ്ട് ആഫീസ് ജില്ലാതല പ്രഖ്യാപന യോഗങ്ങളിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

പഞ്ചായത്താഫീസുകളിൽ അപേക്ഷ സ്വീകരിക്കുന്നതിനും ശാസ്ത്രീയമായി കൈകാര്യം ചെയ്യുന്നതിനുമുള്ള സംവിധാനത്തിന്റെ അഭാവം ധാരാളം ബുദ്ധിമുട്ടുകൾ സൃഷ്ടിച്ചിരുന്നു. പൊതുജനങ്ങൾക്കും ജീവനക്കാർക്കും ഉണ്ടാകുന്ന ഇത്തരം ബുദ്ധിമുട്ടുകൾ പരിഹരിച്ച് ഗുണകരവും ഫലപ്രദവുമായ രീതിയിൽ സേവനം ലഭ്യമാക്കുന്നതിനുവേണ്ടിയാണ് പഞ്ചായത്താഫീസുകളിൽ ഫ്രണ്ട് ആഫീസ് സംവിധാനം സ്ഥാപിക്കുവാൻ സർക്കാർ നിർദ്ദേശം നൽകിയത്. ആവശ്യക്കാരന്റെ അരികിൽ സേവനമെത്തിക്കുന്ന ഒരു നവസംസ്ക്കാരം വളർത്തിപൊതുസേവനങ്ങളുടെ മേന്മ വർദ്ധിപ്പിക്കുന്നതിനും സദ്ഭരണം ഉറപ്പുവരുത്തുന്നതിനുമാണ് പതിനൊന്നാം പദ്ധതിയിൽ സർക്കാർ മുൻഗണന നൽകിയിട്ടുള്ളത്.

പരാതികളും അപേക്ഷകളുമായി നിരവധിപേർ പഞ്ചായത്താഫീസുകളിൽ നിത്യവും എത്താറുണ്ട്. അതിൽ ചിലത് അപ്പോൾ തന്നെ പരിഹരിക്കുവാൻ കഴിയുന്നവയായിരിക്കും. മറ്റ് ചിലത് അന്വേഷണം നടത്തി വിവിധ നടപടിക്രമങ്ങളിലൂടെ മാത്രമേ പരിഹരിക്കപ്പെടുകയുള്ളു, ഇതിന് കാലതാമസം ഉണ്ടാകും. അത് ജനങ്ങളെ പറഞ്ഞു ബോദ്ധ്യപ്പെടുത്തിയാൽ മതിയാകും. സേവനം ലഭിക്കുന്നതിനായി എത്തുന്നവർക്ക് കൃത്യമായ പരിഗണനയും ആവശ്യമുള്ള സഹായവും സമയനിഷ്ഠയോടെയും നീതിപൂർവ്വമായും ലഭ്യമാക്കണം, അദ്ദേഹം പറഞ്ഞു.

കോട്ടയം, പത്തനംതിട്ട (വലത്ത്) ജില്ലകളിലെ ഫ്രണ്ട് ഓഫീസ് ജില്ലാതലപ്രഖ്യാപനത്തിന്റെ ഉത്ഘാടനം തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി പാലോളി മുഹമ്മദ്കുട്ടി നിർവ്വഹിക്കുന്നു.

ഉദ്യോഗസ്ഥരുമെന്ന് തെളിയിച്ചിരിക്കുകയാണെന്ന് തദവസരത്തിൽ സംസാരിക്കവെ മന്ത്രി പറഞ്ഞു. ആഗസ്റ്റ് മാസത്തിൽ തന്നെ വില്ലേജ് ഓഫീസുകളുടെയും താലൂക്ക് ഓഫീസുകളുടെയും പൗരാവകാശ രേഖ പ്രസിദ്ധീകരിക്കുമെന്നും റവന്യൂ വകുപ്പിലും കളക്ട്രേറ്റുകളിലും ശാസ്ത്രീയമായ ഫ്രണ്ട് ഓഫീസ് സംവിധാനം ഉടൻ കൊണ്ടുവരുമെന്നും ഇത് ഏറ്റവും ആദ്യം ആരംഭിക്കേണ്ടിയിരുന്ന സെക്രട്ടറിയറ്റിൽ ഏർപ്പെടുത്തുന്നതിന് ശ്രമിക്കുമെന്നും മന്ത്രി കൂട്ടിച്ചേർത്തു.

തേറമ്പിൽ രാമകൃഷ്ണൻ അദ്ധ്യക്ഷനായിരുന്നു. തദ്ദേശസ്വയം ഭരണ വകുപ്പു മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി പി.കെ. രവീന്ദ്രൻ മുഖ്യപ്രഭാഷണം നടത്തി. കില ഡയറക്ടർ പ്രൊഫ. എൻ രമാകാന്തൻ, കെ.ജി.പി.എ പ്രസിഡണ്ട് കെ.നാരായണൻ തുടങ്ങിയവർ സംസാരിച്ചു. ജില്ലയിലെ എല്ലാ ഗ്രാമ പഞ്ചായത്തുകളിലും നടന്ന പ്രവർത്തനങ്ങളുടെയും പുതുക്കിയ പൗരാവകാശ രേഖകളുടെയും പ്രത്യേക പ്രദർശനവും സംഘടിപ്പിച്ചിരുന്നു.

ഇടുക്കി

ഇടുക്കി ജില്ലയിലെ ഫ്രണ്ട് ഓഫീസ് പ്രഖ്യാപനം പൊതുമരാമത്ത് മന്ത്രി മോൻസ് ജോസഫ് ജൂലൈ 19 ന് നിർവ്വഹിച്ചു. കരിമണ്ണൂർ ഗ്രാമപഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ സംഘടിപ്പിച്ച പ്രഖ്യാപന സമ്മേളനത്തിൽ പി.ജെ ജോസഫ് എം.എൽ.എ അദ്ധ്യക്ഷത വഹിച്ചു. ഡി.ഡി.പി ഓഫീസ് പൗരാവകാശ രേഖയുടെ പ്രകാശനം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ലതാ രാജാജി, കെ.ജി.പി.എ. പ്രസിഡണ്ട് കെ.നാരായണന് നൽകിക്കൊണ്ട് നിർവഹിച്ചു. ഗ്രാമപഞ്ചായത്ത് അസോസിയേഷൻ സംസ്ഥാന എക്സിക്യൂട്ടീവ് അംഗം ജോർജ്ജ് തോമസ്, കില അസിസ്റ്റന്റ് ഡയറക്ടർ കെ. വിനോദ് കുമാർ തുടങ്ങിയവർ സംസാരിച്ചു.

പത്തനംതിട്ട

പത്തനംതിട്ടയിലെ ഫ്രണ്ട് ഓഫീസ് പ്രഖ്യാപനം തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി പാലോളി മുഹമ്മദ് കുട്ടിയാണ് നടത്തിയത്. അടൂർ പ്രകാശ് എം.എൽ.എ ചടങ്ങിൽ അദ്ധ്യക്ഷനായിരുന്നു. 2009 ജൂലൈ 28 ന് കോന്നി ഗ്രാമപഞ്ചായത്തിൽ സംഘടിപ്പിച്ച ചടങ്ങിൽ ഡി.ഡി.പി ഓഫീസ് പൗരാവകാശ രേഖ പ്രകാശനം രാജു എബ്രഹാം എം.എൽ.എ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അപ്പിനഴികത്ത് ശാന്തകുമാരിക്ക് നൽകിക്കൊണ്ട് നിർവ്വഹിച്ചു.

കോട്ടയം

2009 ജൂലൈ 29 ന് തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിൽ സംഘടിപ്പിച്ച കോട്ടയം ജില്ലാതല പ്രഖ്യാപനം അജിത് എം. എൽ .എ യുടെ അദ്ധ്യക്ഷതയിൽ മന്ത്രി പാലോളി മുഹമ്മദ് കുട്ടി നിർവഹിച്ചു. ഡി.ഡി.പി ഓഫീസ് പൗരാവകാശരേഖ കില അസിസ്റ്റന്റ് ഡയറക്ടർ കെ.വിനോദ് കുമാറിന് നൽകികൊണ്ട് മന്ത്രി പ്രകാശനം ചെയ്തു.

(പഞ്ചായത്ത് ന്യൂസ് സർവീസ്)

ഫ്രണ്ട് ആഫീസ് തൃശൂർ ജില്ലാതല പ്രഖ്യാപനം റവന്യൂവകുപ്പു മന്ത്രി കെ.പി. രാജേന്ദ്രൻ നിർവഹിക്കുന്നു. തേറമ്പിൽ രാമകൃഷ്ണൻ എം.എൽ.എ, കെ.ജി.പി.എ സംസ്ഥാന പ്രസിഡന്റ് കെ.നാരായണൻ, തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി പ്രൊഫ. പി.കെ. രവീന്ദ്രൻ, കില ഡയറക്ടർ പ്രൊഫ. എൻ. രമാകാന്തൻ തുടങ്ങിയവർ സമീപം.

ഡോ. പി.പി. ബാലൻ

വികസനത്തിന് ഒരുങ്ങുന്ന ജമ്മുകാശ്മീർ ഗ്രാമങ്ങൾ

ജമ്മുകാശ്മീരിലെ വടക്കുപടിഞ്ഞാറൻ പ്രദേശമാണ് പുഞ്ച്. പിന്നോക്കജില്ലകളിലൊന്നായ ഈ പ്രദേശം ഹിമാലയ മലനിരകളാൽ ചുറ്റപ്പെട്ടിരിക്കുന്നു. ജില്ലാ ആസ്ഥാനത്തുനിന്നും അൻപത് കിലോമീറ്റർ അകലെ നിയന്ത്രണ രേഖയ്ക്കു സമീപം 'ധാര' എന്ന ഗ്രാമമുണ്ട്. ഇതൊരു ഹൽഖാ പഞ്ചായത്തുകൂടിയാണ്. നിത്യവൃത്തിക്കായി പാടുപെടുന്ന ഒരു കൂട്ടം ഗ്രാമീണരെ അവിടെ കാണാം. പൊടുന്നനെ വിളിച്ചുചേർത്ത ഗ്രാമസഭയിൽ പങ്കെടുക്കാനെത്തിയതാണവർ. ഗ്രാമസഭ അവർക്ക് 'ഡെലി മ ജിലിസ്' (Deli magilis) ആണ്; പ്രശ്നങ്ങളും പരാതികളും ബോധിപ്പിക്കാൻ പറ്റുന്ന സ്ഥലം. അതുകൊണ്ടുതന്നെ അവർ ആവേശത്തോടെ അതിൽ പങ്കെടുക്കുന്നു. വികസനാവശ്യങ്ങളെകുറിച്ച് ചോദിച്ചപ്പോൾ അവർ പരാതികളുടെ കെട്ടഴിച്ചു. പൊതു വിതരണത്തിലെ അപാകതകൾ തൊട്ട് കുടിവെള്ള പ്രശ്നങ്ങളിൽവരെ അതെത്തി നില്ക്കുന്നു. മുഖ്യപ്രശ്നം ദാരിദ്ര്യമാണ്. എന്നാൽ പുറംലോകം ഇതറിയുന്നില്ല. ഇരുപത്തിയഞ്ച് കിലോമീറ്ററോളം നടന്ന് റേഷൻ ഷോപ്പിലെത്തുമ്പോഴേയ്ക്കും സാധനങ്ങൾ തീർന്നിരിക്കും. പിന്നെ മടങ്ങുന്നത് വെറും കയ്യോടെ. അദ്ധ്യാപകരില്ലാത്ത സ്ക്കൂളുകൾ, ഡോക്ടറില്ലാത്ത ആശുപത്രികൾ, ഇങ്ങനെ നീളുന്നു ഇല്ലായ്മയുടെ പട്ടിക. മലമുകളിലെത്താൻ അവർക്ക് ഊടുവഴികൾമാത്രം ശരണം. ഗതാഗതസൗകര്യം തീരെ ഇല്ല. വെള്ളവും വെളിച്ചവും അവർക്കന്യം. ഈ ഇല്ലായ്മകളിലും അവർക്ക് ചെറിയ പ്രതീക്ഷകളുണ്ട്. ഹൽഖാ പഞ്ചായത്തുകളിലൂടെ ലഭിക്കുന്ന ചെറിയ ആനുകൂല്യങ്ങൾ. എന്നാൽ ഇപ്പോൾ പഞ്ചായത്തുകൾ നിലവിലില്ലാത്തത് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. ദേശീയ തൊഴിലുറപ്പു പദ്ധതിയെക്കുറിച്ച് ചോദിച്ചപ്പോൾ അവർ വാചാലരായി. തൊഴിലുറപ്പു പദ്ധതിയിൽ അവർക്ക് പ്രതീക്ഷയുണ്ട്. തൊഴിലന്വേഷിച്ച് നടക്കേണ്ടതില്ല. വേതനം ബാങ്ക് അക്കൗണ്ടിൽ എത്തുന്നത് അവർക്ക് പുതുമയുള്ള കാര്യമാണ്. പട്ടിണി മാറ്റാൻ ഒരു പദ്ധതി എന്ന നിലയിൽ അവരതിനെ കാണുന്നു.

തൊഴിലുറപ്പു പദ്ധതി കാശ്മീർ മാതൃക

ദേശീയതൊഴിലുറപ്പു പദ്ധതി ജമ്മുകാശ്മീരിൽ ഒറ്റപ്പെട്ട നല്ല മാതൃകകൾ സൃഷ്ടിച്ചിട്ടുണ്ട്. എന്നാൽ സർക്കാർ റിപ്പോർട്ടുകളിൽ ഇതിനിടം കിട്ടിയിട്ടില്ല. ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് കുറഞ്ഞ കൂലി നിരക്കാണിവിടെ. 70 രൂപ മാത്രം. ധാര പഞ്ചായത്തിൽ മാത്രം 750 തൊഴിൽകാർഡുകൾ വിതരണം

ചെയ്തതിൽ 62% പേർ ജോലിക്കെത്തി. ശരാശരി 80 ദിവസം തൊഴിൽ നല്കിയെന്നാണ് കഴിഞ്ഞ വർഷത്തെ കണക്ക്. മറ്റൊരു പിന്നോക്ക ജില്ലയായ കുപ്വാരയിലെ ഹാൻസ്വാര ഗ്രാമപഞ്ചായത്തിൽ തൊഴിൽ കാർഡ് ലഭിച്ച 60 ശതമാനം പേരും ജോലിക്കെത്തി. ശരാശരി 85 തൊഴിൽ ദിനങ്ങൾ നല്കാൻ കഴിഞ്ഞതായാണ് റിപ്പോർട്ട് സൂചിപ്പിക്കുന്നത്. ഡോഡ ജില്ലയിലെ കല്യാണി പഞ്ചായത്തിലും ദേശീയ തൊഴിലുറപ്പു പദ്ധതിയിലൂടെ നല്ല മാതൃകകൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. ഇവിടെ പ്രവൃത്തികൾ ടൂറിസം വികസന പ്രവർത്തനവുമായി ഏകോപിപ്പിക്കാൻ കഴിഞ്ഞത് ശ്രദ്ധേയമാണ്. മിനിശ്രീനഗർ എന്നറിയപ്പെടുന്ന 'ബഭർവ' ടൂറിസം കേന്ദ്രത്തിലെ നിർമ്മാണ പ്രവർത്തനങ്ങളേറെയും തൊഴിലുറപ്പ് പദ്ധതിയിൽ സമന്വയിപ്പിച്ചു നടപ്പിലാക്കി. മണ്ണ് സംരക്ഷണ പ്രവർത്തനങ്ങളിലൂടെയും ജലസംഭരണികൾ തീർത്തും ഈ പ്രദേശം മനോഹരമാക്കിയിട്ടുണ്ട്. പുഞ്ച് ജില്ലയിലാകെ കാർഷികമേഖലയിൽ നവോന്മേഷം പ്രദാനം ചെയ്തിട്ടുണ്ട്. മാത്രമല്ല കൃഷിപൂർവ്വ ചെലവുകൾ കുറയ്ക്കാനും തൊഴിലുറപ്പു പദ്ധതി കാരണമായിട്ടുണ്ട്. വേതനവിതരണം ബാങ്കിലൂടെയായത് സമ്പാദ്യ ശീലത്തിന് വഴിയൊരുക്കുന്നു. എന്നാൽ ചില പരിമിതികളും ചൂണ്ടിക്കാണിക്കപ്പെടുന്നു. ബാങ്കുകളുടെ നിസ്സഹകരണമാണ് പ്രധാനത ടസ്സം. ബാങ്കുകൾ അക്കൗണ്ട് ആരംഭിക്കാൻ താല്പര്യം കാണിക്കാത്തത് ഉദ്യോഗസ്ഥരെയും ജനങ്ങളേയും ഒരുപോലെ വലയ്ക്കുന്നു. ബാങ്കുശാഖകളുടെ അപര്യാപ്തതയും വിഘാതം സൃഷ്ടിക്കുന്നു. 30 കിലോമീറ്ററെങ്കിലും നടന്നാൽ മാത്രമേ ധാര ഗ്രാമപഞ്ചായത്തുകാർക്ക് ബാങ്കു ശാഖയിലെത്താൻ കഴിയൂ എന്നാണ് സ്ഥിതി. ജമ്മുകാശ്മീരിൽ പ്രധാന പോരായ്മയായി ചൂണ്ടിക്കാട്ടുന്നത് സ്ത്രീ പങ്കാളിത്തത്തിലെ കുറവാണ്. തൊഴിൽ കാർഡ് ലഭിച്ച വനിതകളിൽ വെറും 6% പേർമാത്രമാണ് ജോലി ചെയ്യാൻ എത്തിയത്. ഇതൊരു വലിയ സാമൂഹ്യപ്രശ്നമായി നിലനിൽ ക്കുന്നു.

തീവ്രവാദ പ്രവർത്തനങ്ങളിൽ അയവ്

അടുത്തനാൾവരെ തീവ്രവാദ പ്രവർത്തനങ്ങൾക്ക് കുപ്രസിദ്ധിയാർജിച്ച പ്രദേശമാണ് പുഞ്ചിലെ ധാര ഗ്രാമപഞ്ചായത്ത് ഉൾപ്പെടുന്ന മേഖല. എന്നാൽ ഇതിൽ ഇന്ന് അയവ് വന്നിരിക്കുന്നു. യുവാക്കളും മദ്ധ്യവയസ്ക്കരും ഇന്ന് വികസനപ്രവർത്തനങ്ങളിൽ വ്യാപൃതരാണ്. തൊഴിൽ ചെയ്യാൻ സന്നദ്ധരായവർക്ക് ജോലി ലഭിക്കുമ്പോൾ മറ്റു വിഘടന, വിഭാഗീയ പ്രവർത്തനങ്ങൾക്ക് അവസരമില്ലാതാകുന്നു. അയൽരാജ്യത്തിന്റെ ഇടപെടൽ കുറയുന്നത് ഇതിനു സഹായകമായി. ഗ്രാമങ്ങളിൽ വികസനത്തിന്റെ കൂട്ടായ്മകൾ രൂപപ്പെട്ടുവരുന്നതും ശ്രദ്ധേയമാണ്. വികസനത്തിന് സ്വയം സംഘടിക്കുക എന്ന ചിന്താഗതിയും രൂഢമൂലമായിട്ടുണ്ട്. ഹൽഖാ പഞ്ചായത്തുകൾ നിലവിൽ വന്നാൽ സ്ഥിതിഗതികൾ കൂടുതൽ മെച്ചപ്പെടും.

സമാന്തര പഞ്ചായത്തുകൾ

2001 ലാണ് ആദ്യമായി പഞ്ചായത്ത് ഇലക്ഷൻ നടന്നത്. കാലാവധിക്കു ശേഷം വീണ്ടും തെരഞ്ഞെടുപ്പു നടന്നിട്ടില്ല. അധികാരവികേന്ദ്രീകരണം കാര്യമായി നടന്നിട്ടില്ലെങ്കിലും അഞ്ചുവർഷക്കാലത്തെ ഭരണം ഉണ്ടാക്കിയ പ്രാദേശികവികസന പ്രവർത്തനങ്ങൾകൊണ്ട് പഞ്ചായത്തുകളുടെ ആവശ്യകതയെപ്പറ്റി ജനങ്ങൾ തികച്ചും ബോധവാന്മാരാണ്. നിയമസഭയിലേയ്ക്കുള്ള തെരഞ്ഞെടുപ്പിന് സർക്കാർ നല്കുന്ന പ്രാധാന്യം പഞ്ചായത്തിന് നല്കുന്നില്ലെന്നാണ് അവരുടെ പരാതി. പഞ്ചായത്തിലക്ഷനുവേണ്ടി ഗ്രാമസഭകളിൽ ശബ്ദമുയർത്തുന്നുണ്ട്. ഹൽഖാ പഞ്ചായത്തുകൾ നിലവിൽ വന്നാൽ ചുരുങ്ങിയത് പരാതിപ്പെടാനെങ്കിലും ഒരിടമുണ്ടാകുമല്ലോ എന്നാണവരുടെ ചിന്താഗതി. എന്നാൽ തെരഞ്ഞെടുപ്പിന് കാത്തിരിക്കാൻ അവർക്ക് നേരമില്ല. ചില ഗ്രാമങ്ങളിൽ സമാന്തരമായി പഞ്ചായത്ത് കമ്മിറ്റികൾ നിലവിൽ വന്നിട്ടുണ്ട്. തികച്ചും അനൗപചാരികമായി രൂപംകൊണ്ട കമ്മിറ്റികൾ തെരഞ്ഞെടുപ്പിലൂടെയാണ് വാർഡ് മെമ്പർമാരെയും പ്രസിഡന്റിനേയും തെരഞ്ഞെടുത്തത്. ഒരു ശരിയായ പഞ്ചായത്ത് ഇലക്ഷന്റെ വീറും വാശിയുമുണ്ടായിരുന്ന ഗ്രാമസഭകൾ ചേരുന്നത് പ്രസ്തുത കമ്മിറ്റിയുടെ മേൽനോട്ടത്തിലാണ്. വികസന പ്രവർത്തനങ്ങളിൽ അനൗദ്യോഗിക ഇടപെടൽ നടത്താൻ സമാന്തര കമ്മറ്റികൾക്കു കഴിയുന്നുണ്ട്. പ്രാദേശിക ഉദ്യോഗസ്ഥരുടെ സഹായം വേണ്ടുവോളം ലഭിക്കുന്നത് പ്രവർത്തനങ്ങളെ കൂടുതൽ സുഗമമാക്കുന്നു. ഇത്തരം സംവിധാനം നിലവിലില്ലാത്ത പഞ്ചായത്തുകളിൽ പഴയ സമിതിക്കു ജനങ്ങൾ നല്കിയ അംഗീകാരമാണ് ശ്രദ്ധേയമായിട്ടുള്ളത്. മുൻ പഞ്ചായത്ത് പ്രസിഡന്റുമാരും വാർഡ് മെമ്പർമാരും സജീവമായി രംഗത്തുണ്ട്. ഗ്രാമസഭകളിൽ അദ്ധ്യക്ഷത വഹിക്കുന്നതും അവർ തന്നെ.

ത്രിതല പഞ്ചായത്ത് സംവിധാനം

ജമ്മുകാശ്മീരിൽ ത്രിതല പഞ്ചായത്തുകളെപ്പറ്റി ആക്ട് പറയുന്നുണ്ടെങ്കിലും ഹൽഖാ (ഗ്രാമ) പഞ്ചായത്തുകളിൽ മാത്രമാണ് നേരിട്ട് ഇലക്ഷൻ നടക്കുന്നത്. മദ്ധ്യതല സംവിധാനമായ ബ്ലോക്ക് ഡവലപ്മെന്റ് കൗൺസിൽ (BDC) നോമിനേഷനിലൂടെയാണ് രൂപീകരിക്കുന്നത്. ഇതിൽ MLAമാരും പഞ്ചായത്തു പ്രതിനിധികളും ഉദ്യോഗസ്ഥരും പെടും. ചെയർമാനെ കൗൺസിൽ തെരഞ്ഞെടുക്കുന്നു. ബ്ലോക്ക് ഡവലപ്മെന്റ് ആന്റ് പഞ്ചായത്ത് ഓഫീസർ (BDPO) കൺവീനറായി പ്രവർത്തിക്കുന്നു.

പുഞ്ച് ജില്ലയിലെ ധാരാ ഗ്രാമപഞ്ചായത്ത് ഗ്രാമസഭ.

ജില്ലാതലത്തിൽ ജില്ലാപ്ലാനിങ് ഡവലപ്മെന്റ് ബോർഡിൽ (DPDB) MPമാരും MLA മാരും ജില്ലാതല ഉദ്യോഗസ്ഥരും അംഗങ്ങളാണ്. നോമിനേറ്റഡ് അംഗം ചെയർ മാനായും ജില്ലാകളക്ടർ കൺവീനറായും പ്രവർത്തിക്കുന്നു. ഫലത്തിൽ ജില്ലാ ബ്ലോക്ക് തലങ്ങളിൽ ജനപ്രാതിനിധ്യം ഇല്ല എന്നുപറയാം. നേരിട്ടുള്ള ഇലക്ഷൻ ഇവിടേയും വേണമെന്ന ആവശ്യം ശക്തിപ്പെട്ടിട്ടുണ്ട്. 33% വനിത സംവരണം ഹൽഖാ പഞ്ചായത്ത് അംഗങ്ങളിൽ മാത്രമായി ചുരുക്കിയിരിക്കുന്നു. പഞ്ചായത്ത് അദ്ധ്യക്ഷ സ്ഥാനത്തേയ്ക്ക് വനിതകൾക്ക് പ്രത്യേക സംവരണമില്ല. വനിതകൾ പഞ്ചായത്തുകളിലേയ്ക്ക് മത്സരിക്കാൻ വിമുഖത കാണിക്കുന്നതായി കാണാം. ആകെയുള്ള 2700 ഗ്രാമപഞ്ചായത്തുകളിൽ 6 വനിതകൾ മാത്രമാണ് അദ്ധ്യക്ഷസ്ഥാനത്തുള്ളത്. പഞ്ചായത്ത് വനിത അംഗ സീറ്റ് പലതും നികത്താതെയുണ്ട്. മത്സരത്തിന് വനിതകൾ മുന്നോട്ടുവരാത്തതാണിതിനുകാരണം. 4016 വനിതാ സംവരണ സീറ്റിൽ കേവലം 667 അംഗങ്ങൾ മാത്രമാണുള്ളത്. ഇത് 2001 ൽ രൂപംകൊണ്ട പഞ്ചായത്തു സമിതിയുടെ ചരിത്രം. ഗ്രാമപഞ്ചായത്തുകളിൽ പഞ്ചായത്ത് അദാലത്തുകൾ പ്രവർത്തിക്കുന്നു. ഇതും തെരഞ്ഞെടുക്കപ്പെടുന്ന മറ്റൊരു സമിതിയാണ്. പഞ്ചായത്ത് പ്രസിഡന്റ് ഇതിൽ എക്സ് ഒഫീഷ്യോ അംഗമാണ്. പ്രാദേശികമായ വസ്തുതർക്കങ്ങൾ, വൈവാഹിക പ്രശ്നങ്ങൾ, കുടുംബപ്രശ്നങ്ങൾ എന്നിവയ്ക്കെല്ലാം തീർപ്പുകല്പിക്കുവാൻ പ്രസ്തുത സംവിധാനത്തിലൂടെ കഴിയുന്നു.

ഹൽഖാ പഞ്ചായത്തുകൾക്ക് 15 വികസന വിഷയങ്ങളിൽ ഇടപെടാം. എന്നാൽ ഉദ്യോഗസ്ഥരെ ഒരു ഡിപ്പാർട്ടുമെന്റും കൈമാറ്റം ചെയ്തിട്ടില്ല. പഞ്ചായത്ത് സെക്രട്ടറി മാത്രമാണ് ഇവിടുത്തെ ഏക ഉദ്യോഗസ്ഥൻ. അദ്ദേഹത്തിന് ചുരുങ്ങിയത് അഞ്ചു പഞ്ചായത്തുകളുടെ എങ്കിലും ചാർജ് വഹിക്കേണ്ടതായുണ്ട്. ഡെലിമജലിസ് എന്നറിയപ്പെടുന്ന ഗ്രാമസഭ വർഷത്തിൽ രണ്ടുപ്രാവശ്യം ചേരുന്നു. എന്നാൽ പാവപ്പെട്ടവർ മാത്രമാണ് ഇതിൽ പങ്കെടുക്കുന്നത്. അവരുടെ പങ്കാളിത്തം പൂർണമായും ഉണ്ടാകുമെന്നതാണ് പ്രത്യേകത. ഗ്രാമസഭ അവർക്ക് ആവേശമാണ്. ഉദ്യോഗസ്ഥരെ കാണാനും പരാതി ബോധിപ്പിക്കാനുമുള്ള അവസരമായി അവരതിനെ കാണുന്നു. സംസ്ഥാന ഗവണ്മെന്റ് ഗ്രാമസഭ ശക്തിപ്പെടുത്താനുള്ള ഒട്ടേറെ പരിപാടികൾ ആവിഷ്ക്കരിക്കുകയുണ്ടായി. ദേശീയതൊഴിലുറപ്പു പദ്ധതിയുടെ സോഷ്യൽ ഓഡിറ്റിംങ് ഗ്രാമസഭയോണ് നടത്തുന്നത്.

പ്രത്യേക ഭരണഘടനാപദവിയുള്ളതിനാൽ 73,74 ഭരണഘടന ഭേദഗതിക്കനുസരിച്ച് കാര്യങ്ങൾ മുന്നോട്ടുപോയിട്ടില്ല. കാർഗിൽ, ലെ എന്നീ ജില്ലകളിൽ ഹിൽ ഓട്ടോണമസ് കൗൺസിലാണ് നിലവിലുള്ളത്. ഈ പ്രദേശങ്ങളിൽ പട്ടികജാതി പട്ടികവർഗ്ഗക്കാരാണ് 90 ശതമാനത്തിലേറെയും. പ്രസ്തുത ജില്ലകളിലെ ഓട്ടോണമസ് കൗൺസിലിന്റെ താഴെയായി ഹൽഖാ പഞ്ചായത്തുകളും ഗ്രാമസഭകളുമുണ്ട്. പ്രാദേശികാസൂത്രണപ്രക്രിയ മെച്ചപ്പെട്ട തോതിൽ ഈ രണ്ടു ജില്ലകളിലും നടന്നുവരുന്നു. കേരള മാതൃകയിൽ അധികാരവികേന്ദ്രീകരണത്തിന് അനുയോജ്യമായ പ്രദേശമാണ് ജമ്മുകാശ്മീർ. പൂഞ്ച്, ഡോഡ, കിസ്ത്വാൻ, റാംബൻ, കുപ്വാര ജില്ലകളിൽ ജില്ലാ പദ്ധതി രൂപീകരണത്തിന് കേരള മാതൃകയാണ് അവർ സ്വീകരിച്ചിട്ടുള്ളത്. ■

ലേഖകൻ
ചണ്ഡിഗഡിലെ സെന്റർ ഫോർ റിസർച്ച് ഇൻ റൂറൽ & ഇൻഡസ്ട്രിയൽ ഡെവലപ്മെന്റിന്റെ ഡയറക്ടറാണ്

കേരള മാതൃകയിൽ അധികാരവികേന്ദ്രീകരണത്തിന് അനുയോജ്യമായ പ്രദേശമാണ് ജമ്മുകാശ്മീർ. പൂഞ്ച്, ഡോഡ, കിസ്ത്വാൻ, റാംബൻ, കുപ്വാര ജില്ലകളിൽ ജില്ലാപദ്ധതി രൂപീകരണത്തിന് കേരള മാതൃകയാണ് അവർ സ്വീകരിച്ചിട്ടുള്ളത്.

ഡോ.എം.എസ്. രാധാകൃഷ്ണപിള്ള

ഓണം

കാർഷിക കേരളത്തിന്റെ വിളവെടുപ്പ് ഉത്സവം

ഓണം കേരളീയ മനസുകളിൽ ഉണർവ്വും ഉത്സാഹവും ഉല്ലാസവും വാരിച്ചൊരിയുന്ന മഹോത്സവമാണ്. മറ്റു പല ആഘോഷങ്ങൾക്കും ജാതി-മത പരിവേഷങ്ങൾ ഉള്ളപ്പോൾ, ഓണത്തിന് എല്ലാ ജാതിമത ചിന്തകൾക്കും അതീത മായി ഒരു ദേശീയോത്സവത്തിന്റെ മാനമാണുള്ളത്. ഇത് കേരളത്തിന്റെ പഴയ പ്രതാപവും സമ്പൽസമൃദ്ധിയും സമത്വവും സാഹോദര്യവും വിളിച്ചോതുക കൂടി ചെയ്യുന്നു.

സുഖദശീതളമായ മൺസൂൺ കാല ത്ത് ഭൂമീദേവി പച്ചപ്പട്ടുടയാട അണിഞ്ഞ് നിൽക്കുന്ന അവസരത്തിലാണ് പൊന്നി ൻ ചിങ്ങമാസത്തിൽ ഓണം വരവാകു ന്നത്. ഭാദ്രപദമാസത്തിലെ ശുക്ലപക്ഷ ത്തിലെ ശ്രാവണദ്വാദശി ഭാരതമെങ്ങും വാമനാവതാരദിനമായി ആചരിക്കപ്പെ ടുന്നു. ഇതുതന്നെയാണ് കേരളീയരുടെ ഓണവും. ഓണത്തിന് മുൻപായി കേരള ത്തിൽ വിളവെടുപ്പു നടക്കുകയും കർഷ കരുടെ പത്തായപ്പുരകൾ ധനധാന്യാദി കളളക്കൊണ്ട് നിറയുകയും കർഷകർ ക്ക് കൃഷിപ്പണികളിൽനിന്നും അല്പം മോചനം ലഭിക്കുകയും ചെയ്യുന്നു. ഈ അവസരത്തിൽ കർഷക മനസ്സിൽ ആ ഘോഷങ്ങളുടെ മുളപൊട്ടുക സ്വാഭാ വികമാണ്. അങ്ങനെ ഓണം കാർഷിക കേരളത്തിന്റെ വിളവെടുപ്പ് മഹോത്സവം കൂടിയാണ്. നല്ല വിളവെടുപ്പു ലഭിച്ചതിന് ദൈവത്തോടുള്ള നന്ദി പ്രകടനമായും ഇതിനെ കാണാം. ഓണനിലാവ് ഈ ഉത്സവത്തിനുള്ള ക്ഷണപത്രികയാണ്.

അത്തപ്പൂക്കളം

തിരുവോണം അഥവാ ശ്രാവണ നക്ഷത്രത്തിന് പത്ത് ദിവസം മുൻപ് തന്നെ ഓണത്തിനുള്ള തയ്യാറെടുപ്പുകൾ തുടങ്ങുന്നു. ഇതിന് മുന്നോടിയായി ഗൃഹാങ്കണങ്ങളിൽ അത്തപ്പൂവ് ചമയ് ക്കാൻ തുടങ്ങുന്നു. അത്തം നക്ഷത്ര നാൾ വിട്ടുമുറ്റത്ത് പെൺകുട്ടികൾ വാമ നന്റെ ത്രികോണാകൃതിയുള്ള മൺ പ്രതിമ ഉണ്ടാക്കി അതിന് ചുറ്റും പൂവു കൾകൊണ്ട് അത്തപ്പൂക്കളം രചിച്ച് തൃക്കാക്കര അപ്പനെ പൂജിക്കുന്നു. ഓരോ ദിവസവും പഴയ പൂവുകൾ മാറ്റി പുതിയ പൂക്കളം തയ്യാറാക്കുന്നു. പത്താം ദിവസം തൃക്കാക്കര അപ്പനെ പൂജിച്ചശേഷം അത്തപ്പൂവ് നീക്കം ചെയ്യുന്നു. ഇന്നിപ്പോൾ ഈ പരമ്പരാഗത ശൈലിക്ക് മാറ്റം വന്നു കഴിഞ്ഞു. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കുട്ടികളും അധ്യാപകരും, സ്വകാര്യ -സർക്കാർ സ്ഥാപനങ്ങളിൽ അവിടുത്തെ ജീവനക്കാരും ഓണക്കാലത്ത് അത്തപ്പൂ വിടുകയും ഇതിനായി മത്സരങ്ങൾ സംഘ ടിപ്പിക്കുകയും ചെയ്തുവരുന്നു.

ഉത്രാടം മുതൽ ആറ് നാളുകളിലാണ് പ്രധാനമായും ഓണാഘോഷങ്ങൾ നട ക്കുന്നത്. ഉത്രട്ടാതി നാൾ സമാപനവും.

പൂക്കളവും പൂത്തുമ്പിയും

ഡോ. എഴുമറ്റൂർ രാജരാജവർമ്മ

"ഓണം വന്നിതും വന്നു"
മുറ്റത്തു നൃത്തം വയ്ക്കും
പൂത്തുമ്പിക്കൊപ്പം പാറി-
പ്പാടി ഞാൻ തിമർക്കുന്നു.

"ഓണത്തുമ്പിയെപ്പിടി-
ക്കരുതെന്നുണ്ണീ, വന്നേ
മാബലിക്കൊരുക്കേണം
തുമ്പപ്പൂവിറുക്കേണം"
തേക്കിലക്കുമ്പിൾ കാട്ടി-
ച്ചിരിപ്പൂ മുത്തശ്ശിയെ-
ന്നോർമ്മ വീണ്ടും പണ്ടത്തെ
മുറ്റത്തിന്നുലാത്തുന്നു.

ചാണകം മെഴുകി, ത്തേ-
ച്ചുണങ്ങും കളത്തിങ്ക-
ലാദ്യത്തെപ്പൂവും വച്ചു
മുത്തശ്ശി ചിരിക്കുന്നു

മുക്കുറ്റി, മന്ദാരം, ചെ-
ങ്കുറിഞ്ഞി, ചെമ്പരത്തി
പിച്ചകം, കോളാമ്പിപ്പൂ
കുമ്പളം, മത്തപ്പൂവും
പൂനിരയൊന്നൊന്നായി-
ക്കൂടി നാൾ ചെല്ലുന്തോറും
പൂക്കളം കുട ചൂടി, -
പ്പൂത്തുമ്പിയുലാത്തുന്നു.

അന്നന്നു വാടും പൂക്കൾ
വാരിമാറ്റുന്നു, പുത്തൻ
പൂക്കൾ പുഞ്ചിരിക്കുന്നു
മുറ്റത്തും മനസ്സിലും.

മൗനംവി,ട്ടെഴുന്നേറ്റു
മുത്തശ്ശി ചൊന്നു; "ഞാനും
വാടു,മീപ്പൂക്കൾ പോലെ
മാറണം കളം, പക്ഷേ-
പ്പോവില്ല, പൂത്തുമ്പിയായ്
നിന്നുള്ളിലുത്സാഹമായ്
നിറയും, പാറും വർണ-
ച്ചിറകാൽ, പ്പൊന്നോണമായ്"

ഈ ദിവസങ്ങളിൽ വിഭവസമൃദ്ധമായ സദ്യ ഓണത്തിന്റെ പ്രത്യേകതയാണ്. ഓണസദ്യയുണ്ണാൻ കുടുംബാംഗങ്ങൾ, അവർ എത്ര വിദൂരനാടുകളിലാണെങ്കിലും ഒത്തുചേരുക എന്നത് ഓണത്തിന്റെ സവിശേഷതയാണ്. വീട്ടിലെ കാരണവർ തിരുവോണനാളിൽ കുടുംബാംഗങ്ങൾക്കും വിശിഷ്യ കുട്ടികൾക്കും ആശ്രിതർക്കും ഓണപ്പുടവ എന്ന പുതുവസ്ത്രങ്ങൾ സമ്മാനിക്കുന്നത് ഓണത്തിന്റെ ഒരു അനിവാര്യ ചടങ്ങുതന്നെയാണ്.

പുതുവസ്ത്രങ്ങളും വിഭവസമൃദ്ധമായ സദ്യയും കേളീവിനോദങ്ങളും ഓണത്തിന്റെ മുഖമുദ്രയാണ്. ഊഞ്ഞാലാട്ടം, നാടൻപന്തുകളി, പുലി കളി, കുമ്മാട്ടിക്കളി തുടങ്ങിയവ വിനോദ പരിപാടികളിലെ പ്രമുഖ ഇനങ്ങളാണ്. തിരുവാതിരക്കളി സ്ത്രീകളുടെ പ്രധാന വിനോദയിനമാണ്. ജലാശയങ്ങളാൽ സമൃദ്ധമായ കേരളത്തിന്റെ പ്രധാന വിനോദ ഇനമാണ് ഓണക്കാലത്തെ ജലോത്സവങ്ങൾ. വള്ളംകളികൾ ഓണത്തിന്റെ ഒരു അവിഭാജ്യ ഘടകമായിത്തീർന്നിട്ടുണ്ട്.

എറണാകുളം നഗരത്തിൽ സ്ഥിതി ചെയ്യുന്ന തൃക്കാക്കരക്ഷേത്രവുമായി ഓണത്തിന് വളരെ അടുത്ത ബന്ധമാണുള്ളത്. ഇവിടെ വാമനനാണ് പ്രധാന പ്രതിഷ്ഠ. ഇവിടെ സ്വയംഭൂവായ ശിവപ്രതിഷ്ഠയെ മഹാബലി പൂജിച്ചിരുന്നു എന്ന് ഐതിഹ്യം. കേരളത്തിലെ പ്രസിദ്ധമായ പെരുമാൾ രാജവംശത്തിൽപ്പെട്ട ചേരമാൻ പെരുമാൾ ആണ് ഓണാഘോഷങ്ങൾക്ക് തുടക്കം കുറിച്ചതെന്ന് പറയപ്പെടുന്നു. മഹാബലി ഇദ്ദേഹത്തിന്റെ ഇഷ്ടപാത്രമായിരുന്നുവെന്നും തൃക്കാക്കരയിൽ വാമനപ്രതിഷ്ഠയുള്ളതുകൊണ്ട് എല്ലാ വർഷവും ഓണം ആഘോഷിക്കാൻ വേണ്ട ചിട്ടവട്ടങ്ങൾ നിശ്ചയിച്ചുകൊണ്ട് അദ്ദേഹമാണ് ഇതിന് ആരംഭമിട്ടത് എന്നും പറയപ്പെടുന്നു. അക്കാലത്ത് കർക്കടക മാസത്തിലെ തിരുവോണം നക്ഷത്രനാൾ തുടങ്ങി മഹാബലിക്ക് വാമനിൽനിന്നു മോക്ഷം ലഭിച്ച ചിങ്ങമാസത്തിലെ തിരുവോണനാൾവരെ ഒരു മാസം ദീർഘിക്കുന്ന ഓണാഘോഷ പരിപാടികൾ മലയാളദേശത്ത് ആർഭാടപൂർവ്വം നടത്തിയിരുന്നു.

ഓണത്തിന് വാമനനും മഹാബലിയുമായി അഭേദ്യമായ ബന്ധമാണ് സങ്കല്പിക്കപ്പെടുന്നത്. ആ പുരാണകഥയിൽ വാഗ്ദാനം ചെയ്യപ്പെട്ട ഭൂമിക്കുവേണ്ടി വിഷ്ണുവിന്റെ അവതാരമായ വാമനൻ മഹാബലിയെ പാതാളത്തിലേയ്ക്ക് ചവിട്ടി താഴ്ത്തിയതായും പാതാളത്തിലേയ്ക്ക് പോകുന്ന ബലി വർഷത്തിൽ ഒരു തവണ ചിങ്ങമാസത്തിലെ തിരുവോണത്തിന് തന്റെ പ്രജകളെ കാണുന്നതിനും അവരുടെ ക്ഷേമങ്ങൾ അന്വേഷിക്കുന്നതിനും ഉള്ള അനുവാദം ചോദിച്ചതായും വാമനൻ അത് നൽകിയതായും പുരാണം ഉദ്ഘോഷിക്കുന്നു. അങ്ങിനെ തങ്ങളുടെ പ്രജാവത്സലനായ രാജാവിനെ വരവേൽക്കാൻ അദ്ദേഹത്തിന്റെ കാലത്തേതു പോലെതന്നെ ഞങ്ങൾ പ്രജകൾ സന്തുഷ്ടരും സമ്പൽസമൃദ്ധരുമാണെന്ന് അദ്ദേഹത്തെ ബോദ്ധ്യപ്പെടുത്തുവാൻ പ്രജകൾ നടത്തുന്ന ഒരുക്കങ്ങളാണ് ഓണമെന്നും വിവക്ഷിക്കപ്പെടുന്നു.

എന്നാൽ ഇന്ന് ഓണത്തിന് പുതിയ മാനങ്ങൾ കൈവന്നിരിക്കുന്നു. ഇന്നത് ജാതിമതഭേദമെന്യേ കേരളീയർ ആഘോഷിക്കുന്ന അവരുടെ ദേശീയോത്സവമായി കഴിഞ്ഞിരിക്കുന്നു. സർക്കാർ തലത്തിൽത്തന്നെ ഓണക്കാലം ടൂറിസം വാരമായി ആഘോഷിക്കപ്പെടുകയും ദേശവിദേശങ്ങളിൽ നിന്നുള്ള ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനുള്ള വളരെ വിപുലമായ പരിപാടികൾ ആവിഷ്കരിക്കുകയും ചെയ്യുന്നു. ഓണക്കാലത്ത് കേരളം അതിന്റെ എല്ലാവിധ ശക്തി സൗന്ദര്യങ്ങളോടുംകൂടി പ്രത്യക്ഷപ്പെടുന്നു എന്നതാണ് വസ്തുത. കേരളത്തിലെ എല്ലാ പാരമ്പര്യകലാരൂപങ്ങളും ഉയർത്തെഴുന്നേറ്റ് രംഗപ്രവേശം ചെയ്യാനുള്ള അസുലഭ അവസരവും ഈ കാലത്ത് ലഭിക്കുന്നു.

ഈ വർഷം ഓണാഘോഷങ്ങൾ സെപ്തംബർ 1 മുതൽ (ചിങ്ങം 16 മുതൽ) 7 വരെ സംഘടിപ്പിക്കുന്നുണ്ട്. തലസ്ഥാന നഗരിയിൽ 15ൽപരം അരങ്ങുകളിൽ ഓണാഘോഷപരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. കേരളീയ പരമ്പരാഗത കലാരൂപങ്ങൾ കൂടാതെ നാടകം, ഗാനമേള, കഥാപ്രസംഗം, കുട്ടികൾക്കായുള്ള അത്തപ്പൂവ് മത്സരം, ചിത്രരചനാ മത്സരം തുടങ്ങിയ കാലികമായ ഇനങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. സമാപനദിവസം സംഘടിപ്പിക്കുന്ന ഘോഷയാത്രയിൽ നൂറിൽപരം നിശ്ചലദൃശ്യങ്ങൾ ആഘോഷങ്ങൾക്ക് മാറ്റ് കൂട്ടും. ഓണാഘോഷത്തിന് ജനകീയ സ്വഭാവം കൈവന്നതിന്റെ തെളിവാണ് തലസ്ഥാന നഗരിയിലെ ആഘോഷങ്ങൾക്കായി സർക്കാർ 1 കോടി രൂപയും മറ്റ് ജില്ലകളിലെ ആഘോഷങ്ങൾക്കായി 50 ലക്ഷം രൂപയും മാറ്റിവച്ചിരിക്കുന്നു എന്നത്.

ഏതായാലും പ്രൗഢഗംഭീരവും സുഖസമൃദ്ധവുമായ ഗതകാലസ്മരണകളെ അയവിറക്കിക്കൊണ്ട്, വർത്തമാനകാലത്തെ ഇല്ലായ്മകളെയും സ്വപ്നഭംഗങ്ങളെയും വിസ്മരിച്ചുകൊണ്ട് ഒരു നല്ല നാളയെ വാർത്തെടുക്കുന്നതിനുള്ള ഊർജ്ജം സംഭരിക്കുന്നതിനുള്ള കേരളീയ ജീവിത ദർശനമാണ് ഓണം എന്ന് പറയാം. ■

അധികാര വികേന്ദ്രീകരണ ചർച്ചാ വേദിയിൽ നിന്ന്

Solution eXchange
Wider Choices Smarter Development

ഐക്യരാഷ്ട്രസഭയുടെ ഇന്ത്യൻ വിഭാഗങ്ങളുടെ നേതൃത്വത്തിൽ ഒരുക്കുന്ന ചർച്ചാവേദിയാണ് സൊലൂഷൻ എക്സ്ചേഞ്ച് (Solution Exchange). വികസന പ്രശ്നങ്ങൾക്കുള്ള പരിഹാരം കൈമാറാനൊരു വേദി. അധികാര വികേന്ദ്രീകരണവും തദ്ദേശഭരണ സ്ഥാപനങ്ങളെയും ശക്തിപ്പെടുത്താനുതകുന്ന ഡീസെൻട്രലൈസേഷൻ കമ്മ്യൂണിറ്റി (Decentralization Community) ഈ ചർച്ചാവേദിയുടെ ഭാഗമാണ്. അധികാരവികേന്ദ്രീകരണം ശക്തിപ്പെടുത്താനായി പ്രവർത്തിക്കുന്നവരെ ഒന്നിച്ചുകൊണ്ടുവരുവാനും ആശയങ്ങളും അനുഭവങ്ങളും കൈമാറുവാനും ഇ-മെയിൽ സംവിധാനത്തിലൂടെയും യോഗങ്ങളിലൂടെയും പ്രവർത്തിക്കുന്ന വേദിയാണിത്. കഴിഞ്ഞ മാസം അധികാരവികേന്ദ്രീകരണ ചർച്ചാവേദിയിൽ നടന്ന ചർച്ചയുടെ സംക്ഷിപ്ത രൂപമാണ് ചുവടെ ചേർത്തിരിക്കുന്നത്.

വിഷയം : മോഡൽ പഞ്ചായത്തിന്റേയും ഗ്രാമസ്വരാജ് ആക്ടിന്റേയും പ്രതികരണങ്ങൾ

മോഡൽ പഞ്ചായത്തിന്റേയും ഗ്രാമസ്വരാജ് ആക്ടിന്റേയും കാര്യത്തിൽ പ്രതികരണം ക്ഷണിച്ചതിനെ അംഗങ്ങൾ സ്വാഗതം ചെയ്തു. വിവിധ സംസ്ഥാനങ്ങളിലെ ആക്ടിന്റെ പ്രസക്ത ഭാഗങ്ങൾ ഇതിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത് ആക്ടിനെ കൂടുതൽ യാഥാർത്ഥ്യ ബോധമുള്ളതാക്കിയെന്ന് അംഗങ്ങൾ അഭിപ്രായപ്പെട്ടു.

ഈ ആക്ടിനെ സംബന്ധിച്ച അംഗങ്ങളുടെ നിർദ്ദേശങ്ങളും പ്രതികരണങ്ങളും താഴെ കൊടുക്കുന്നു.

ഡി.പി.സിയും പ്ലാനിംഗും സംബന്ധിച്ച നിർദ്ദേശങ്ങൾ

- ജില്ലാ ആസൂത്രണ സമിതിയുടെ പ്രാഥമിക ചുമതലയാണ് അധികാര വികേന്ദ്രീകരണവുമായി ബന്ധപ്പെട്ട പരിശീലനം. ഇത് ആക്ടിൽ ഉൾക്കൊള്ളിക്കണം.
- 88 (1) ഭാഗത്തിൽ : ജില്ലാ ആസൂത്രണസമിതിക്ക് പൂർണ്ണ സേവനത്തോടുകൂടിയ ഒരു വൈസ് ചെയർമാൻ ഉണ്ടായിരിക്കണം.
- 88 (2) ഭാഗത്തിൽ : ജില്ലാപഞ്ചായത്തിലെ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ എന്നുള്ളതിൽ നിന്നും ബ്ലോക്ക് ഗ്രാമപഞ്ചായത്ത് അംഗം ഒഴിവാക്കുന്നതാണ്. അതുകൊണ്ട് ഇത് ജില്ലാതലത്തിലുള്ള പഞ്ചായത്ത് അംഗങ്ങൾ എന്നാക്കി മാറ്റാവുന്നതാണ്.
- 88 (3) ഭാഗത്തിൽ : എം.എൽ.എമാരും എം.പി.മാരും ജില്ലാആസൂത്രണ സമിതിയിലെ നോമിനേറ്റഡ് അംഗങ്ങൾ എന്നതിന് പകരം പ്രത്യേക ക്ഷണിതാക്കൾ എന്നാക്കി മാറ്റണം.
- ജില്ലാ ആസൂത്രണ സമിതിയിൽ സംസ്ഥാന സർക്കാരിന്റെ പ്രതിനിധി എന്നുള്ളത് ഒഴിവാക്കണം.
- 88 (8) ഭാഗത്തിൽ : ജില്ലാആസൂത്രണ സമിതിയെ സഹായിക്കുന്നതിനായി വൈസ് ചെയർമാന്റെ നേതൃത്വത്തിൽ ഒരു പ്ലാനിംഗ് ഓഫീസ് ഉണ്ടാവണം. വൈസ് ചെയർമാനെ ജില്ലാപഞ്ചായത്ത് നിയമിക്കും.
- 91 ഭാഗത്തിൽ : എല്ലാ ജില്ല ആസ്ഥാനങ്ങളിലും ആസൂത്രണ പ്രക്രിയയ്ക്കായി പഞ്ചായത്തുകളെ സഹായിക്കുന്നതിന് ഒരു സെന്റർ സ്ഥാപിക്കുന്നതാണ് എന്ന് പ്രതിപാദിച്ചിരിക്കുന്നത് വ്യക്തമല്ല. കാരണം ജില്ല ആസൂത്രണ സമിതിയുടെ ചുമതലതന്നെ ആസൂത്രണ പ്രക്രിയയിൽ പഞ്ചായത്തുകളെ സഹായിക്കുക എന്നുള്ളതാണല്ലോ. അതുപോലെ തന്നെ ജില്ല ആസൂത്രണ സമിതിക്ക് സാങ്കേതിക വൈദഗ്ധ്യമുള്ള സ്ഥാപനങ്ങളുടെയോ വ്യക്തികളുടെയോ സഹായം ഏത് സന്ദർഭത്തിലും സ്വീകരിക്കാം എന്നിരിക്കെ പ്രത്യേക സെന്റർ എന്നത് ഒഴിവാക്കണം.
- 88 (6) ഭാഗത്തിൽ: ജില്ല ആസൂത്രണ സമിതി ഡ്രാഫ്റ്റ് പ്ലാൻ തയ്യാറാക്കുന്നു എന്ന് പ്രതിപാദിച്ചിരിക്കുന്നു. എന്നാൽ ജില്ല ആസൂത്രണസമിതി പ്ലാനിന്റെ ക്രോഡീകരണമാണ് ചെയ്യുന്നത്
- വില്ലേജ് പഞ്ചായത്തുകൾക്ക് സെക്ഷൻ 33 (6) അനുസരിച്ച് മുകൾതട്ടിലുള്ള പഞ്ചായത്തിന്റെ പദ്ധതികൾ പങ്കുവയ്ക്കേണ്ടതില്ല. എന്നാൽ മദ്ധ്യതലത്തിലുള്ള പഞ്ചായത്തിനും ജില്ല പഞ്ചായത്തിന്റെ പദ്ധതികൾ പങ്കുവയ്ക്കേണ്ടതില്ല എന്നത് ഒഴിവാക്കണം.

ഗ്രാമസഭ/വാർഡ്സഭ

ഗ്രാമസഭ അല്ലെങ്കിൽ വാർഡ് സഭ സംബന്ധിച്ച് താഴെപ്പറയുന്ന നിർദ്ദേശങ്ങളാണ് പ്രധാനമായും ഉള്ളത്.

- സെക്ഷൻ 58 (A) അനുസരിച്ച് അംഗങ്ങളെ തിരിച്ച് വിളിക്കുന്നതിന് വകുപ്പ് ഉള്ളതുപോലെ തുടർച്ചയായി 2 തവണ ഗ്രാമസഭ വിളിച്ച് ചേർക്കാത്ത അംഗങ്ങളുടെ അംഗത്വം താനെ നഷ്ടപ്പെടുന്ന വകുപ്പ് കൂടി ഉൾപ്പെടുത്തണം.
- സെക്ഷൻ 67 (4) അനുസരിച്ച് ഗ്രാമസഭയിൽ പെർഫോമൻസ് ഓഡിറ്റ് റിപ്പോർട്ട് അവതരിപ്പിക്കേണ്ടതാണ്.
- ഗ്രാമസഭ/വാർഡ് സഭയ്ക്ക് ഭരണ ചുമതലയോ, ഉത്തരവാദിത്തങ്ങളോ ഇല്ല. ഇവ ഏകദേശം നിയമനിർമ്മാണ സഭയ്ക്ക് തത്തുല്യമായ ഒന്നാണ്. അതുകൊണ്ട് തന്നെ ഭരണ ഉത്തരവാദിത്തങ്ങളിൽ നിന്ന് മാറ്റി മറ്റ് ഭാഗത്താണ് ഇതിനെക്കുറിച്ച് വിശദാംശം നൽകേണ്ടത്.
- ആർട്ടിക്കിൾ 20,21 ൽ കൊടുത്തിരിക്കുന്ന ഒട്ടനവധി പ്രവർത്തനങ്ങൾ സംബന്ധിച്ച ലിസ്റ്റ് ചിന്താക്കുഴപ്പം ഉണ്ടാക്കുന്ന ഒന്നാണ്. അത് പോലെ തന്നെ ഗ്രാമസഭയുടെ അന്തഃസത്തയ്ക്ക് യോജിക്കുന്നതുമല്ല.
- ഗ്രാമസഭ വർഷത്തിൽ നിശ്ചിത തീയതികളിൽ 3 തവണ കൂടണം.

സുതാര്യതയും ജന പങ്കാളിത്തവും

- പൊതുജനത്തിന് നികുതി പിരിവ് റിക്കാർഡുകൾ, എം. ബുക്ക്, മസ്റ്റർ റോൾ എന്നിവ പരിശോധിക്കുന്നതി

നുള്ള അവകാശം നൽകണം.

- പൊതു ജനങ്ങൾക്ക് പഞ്ചായത്തിന്റെ നിയമപരമല്ലാത്ത തീരുമാനങ്ങൾക്കെതിരേ പരാതിപ്പെടുന്നതിന് ഒരു അപ്പലേറ്റ് ട്രിബ്യൂണൽ രൂപീകരിക്കുന്നതിനുള്ള വകുപ്പ് ഉൾക്കൊള്ളിക്കണം.
- സെക്ഷൻ 251 ൽ വില്ലേജ് പഞ്ചായത്തിന്റെ സോഷ്യൽ ഓഡിറ്റ് പരാമർശിക്കുന്നുണ്ട്. എന്നാൽ ബ്ലോക്ക് പഞ്ചായത്തിന്റെയോ, ജില്ലാപഞ്ചായത്തിന്റെയോ സോഷ്യൽ ഓഡിറ്റിനേക്കുറിച്ച് പരാമർശിക്കുന്നില്ല.
- സോഷ്യൽ ഓഡിറ്റും സിറ്റിസൺ റിപ്പോർട്ട് കാർഡും എല്ലാ പഞ്ചായത്തിനും ബാധകമാക്കണം.
- സെക്ഷൻ 254 ൽ ഓംബുഡ്സ്മാനെക്കുറിച്ച് പരാമർശിക്കുന്നു. ഇത് കുറഞ്ഞത് ഒരു ജില്ലയ്ക്ക് ഒരു ഓംബുഡ്സ്മാൻ എന്നാക്കണം. ഓംബുഡ്സ്മാന്റെ തിരഞ്ഞെടുപ്പിൽ മുഖ്യമന്ത്രി ഇടപെടുവാനും പാടില്ല.
- ഓംബുഡ്സ്മാൻ ഓഫീസിലെ ജീവനക്കാർ സർക്കാർ ജീവനക്കാർ ആയിരിക്കരുത്.

പൊതുനിർദ്ദേശങ്ങൾ

പൊതുവായിട്ടുള്ള പ്രധാന നിരീക്ഷണം പ്രാദേശിക സർക്കാർ എന്നതിന് പകരം ഈ ബില്ലും ഗ്രാമ-പട്ടണ ഭരണത്തെ വെവ്വേറെ തന്നെയാണ് കാണുന്നത്. അതുകൊണ്ട് തന്നെ സംസ്ഥാന കേന്ദ്രസർക്കാരുകൾ പോലെ പ്രാദേശിക സർക്കാർ എന്നതിന് തന്നെയാണ് ഊന്നൽ നൽകേണ്ടത്. ഭരണഘടനയുടെ 11-ാം ഷെഡ്യൂളിൽ പറഞ്ഞിരിക്കുന്നതുപോലെ ഈ മോഡൽ ആക്ടിൽ നിയമപരവും വികസനപരവുമായ ഉത്തരവാദിത്തങ്ങളും പരാമർശിക്കണം. സെക്രട്ടറി സംസ്ഥാനസർക്കാർ ജീവനക്കാരൻ ആണെന്നുള്ളത് അധികാരവികേന്ദ്രീകരണത്തിന് ഘടകവിരുദ്ധമാണ്.

പഞ്ചായത്ത് രാജ് മന്ത്രാലയത്തിന്റെ സംസ്ഥാനങ്ങൾക്കുള്ള മോഡൽ പഞ്ചായത്ത് രാജ് ആക്ടിനെ അംഗങ്ങൾ സർവ്വാത്മനാ സ്വാഗതം ചെയ്യുന്നു. ഇത് മൂലം രാജ്യത്താകമാനം പഞ്ചായത്തുകളുടെ പ്രവർത്തനവും അധികാരവികേന്ദ്രീകരണവും ഒരേ ദിശയിൽ കൊണ്ടുവരുന്നതിന് സാധിക്കും. പക്ഷേ ഇത് പ്രാവർത്തികമാക്കുന്നതിന് എല്ലാ സംസ്ഥാനങ്ങളും വേണ്ടത്ര രാഷ്ട്രീയ ഇച്ഛാശക്തി കാണിക്കേണ്ടതുണ്ട്.

ഈ ചർച്ചയുടെ വിശദാംശങ്ങൾ, സഹായകരമായ രേഖകൾ എന്നിവയ്ക്കോ അഭിപ്രായങ്ങൾ രേഖപ്പെടുത്തുന്നതിനോ, ഡീസെൻട്രലൈസേഷൻ കമ്മ്യൂണിറ്റിയിൽ അംഗമാകുന്നതിനോ ജോയ് ഇളമൺ (joyelamon@un.org.in), ടീനാ മാഥുർ (tina.mathur@un.org.in) എന്നിവർക്കെഴുതുകയോ www.solutionexchange_un.net.in എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ ചെയ്യുക. ■

തയ്യാറാക്കിയത്: ഡോ. ജോയ് ഇളമൺ
ഡീസെൻട്രലൈസേഷൻ കമ്മ്യൂണിറ്റി
സൊലൂഷൻ എക്സ്ചേഞ്ച്
യുണൈറ്റഡ് നേഷൻസ്

മഞ്ഞൾകൃഷി കേരളത്തിൽ അത്ര വ്യാപകമായ ഒന്നല്ല. മലനാടൻപ്രദേശങ്ങളിൽ കൃഷിചെയ്തുവരുന്ന മഞ്ഞളിന്റെ വിപണനസാധ്യത വളരെ കൂടുതലാണെങ്കിലും ഈ മേഖലയിൽ ഏർപ്പെട്ടിരിക്കുന്ന കർഷകർ പലപ്പോഴും നഷ്ടക്കണക്കുകളുമായാണ് ജീവിക്കുന്നത്. വർഷത്തിൽ ഒരിക്കൽ മാത്രം ലഭിക്കുന്ന ഈ വിളയെ ആശ്രയിച്ചുകഴിയുന്നവ

രുടെ സ്വപ്നങ്ങൾ കാറ്റിൽ പറത്തിക്കൊണ്ട് ഇടനിലക്കാർ ലാഭംകൊയ്യും. റബ്ബർക്കടകൾപോലെ മഞ്ഞളിന് കച്ചവടക്കാർ എല്ലായിടത്തുമില്ല എന്നതാണ് ഇതിനു കാരണം. കർഷകർക്ക് നേരിട്ട് കമ്പോളത്തിൽ എത്തിച്ച് വിൽക്കാനുള്ള സാങ്കേതികബുദ്ധിമുട്ട് നിലനിൽക്കുമ്പോൾ ഇടനിലക്കാർ ചൂഷണംചെയ്യുമെന്നത് സ്വാഭാവികം. ഇതൊക്കെ മൂലം മഞ്ഞൾകൃഷിയിൽനിന്ന് കർഷകർ പൊതുവെ മുഖംതിരിക്കുന്ന പ്രവണതയാണ് എവിടെയും കണ്ടുവരുന്നത്.

എന്നാൽ ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് പഞ്ചായത്തിലെ വിവിധ അയൽക്കൂട്ടങ്ങളിൽനിന്നുള്ള 60 വനിതകൾ ചേർന്ന് മഞ്ഞൾ കൃഷി ചെയ്യാൻ തീരുമാനിച്ചത് കേരളത്തിലെ പൊതുകമ്പോളങ്ങൾ കണ്ടിട്ടല്ല. ഇവരുടെ പ്രദേശത്ത് മഞ്ഞൾ പ്രസാദമായി ഉപയോഗിക്കുന്ന പ്രസിദ്ധമായ ഒരു ക്ഷേത്രമുണ്ട് -മണ്ണാറശാലക്ഷേത്രം. സ്ത്രീകൾ കാർമ്മികത്വം നടത്തിവരുന്നതും സ്ത്രീഭക്തജനങ്ങൾ കൂടുതൽ എത്താറുള്ളതുമായ മണ്ണാറശാല ക്ഷേത്രത്തിലെ പ്രതിഷ്ഠയായ നാഗർക്ക് പ്രിയപ്പെട്ട മഞ്ഞൾ പ്രസാദം ഉല്പാദിപ്പിച്ചു നൽകാനുള്ള ഒരു പ്രോജക്ട് ഇവർ വിജയത്തിലെത്തിച്ചിരിക്കുകയാണ്. കുടുംബശ്രീയുടെ പങ്കാളിത്തത്തോടെ പഞ്ചായത്ത് ഏറ്റെടുത്തു നടത്തുന്ന ഈ പദ്ധതിക്ക് 'സമഗ്ര-മഞ്ഞൾ പ്രസാദം' എന്നാണ് പേരു നൽകിയിരിക്കുന്നത്.

ഹരിപ്പാട് പഞ്ചായത്തിലെ 5 വാർഡുകളിൽ നിന്നുള്ള 60 വനിതകളിൽ 30 പേർ കൃഷി വ്യാപിപ്പിക്കുന്നതിലും 30 പേർ വിത്തുല്പാദനത്തിലും കേന്ദ്രീകരിച്ചാണ് പ്രവർത്തനം ആസൂത്രണം ചെയ്തിരിക്കുന്നത്. മാർക്കറ്റ് മുന്നിൽ കണ്ട് ഉല്പാദന-വിപണന ശൃംഖല വികസിപ്പിച്ചെടുക്കുന്ന സമഗ്ര പദ്ധതിയിൽ ഉൾപ്പെട്ട ഭാവനാപൂർണ്ണമായ ഒരു ആശയമായി 'മഞ്ഞൾ പ്രസാദം' മാറിയിരിക്കുന്നു.

നാഗർ (പാമ്പ്) പ്രതിഷ്ഠയായിട്ടുള്ള മണ്ണാറശാല ക്ഷേത്രത്തിൽ പ്രധാന



മണ്ണാറശ്ശാല ക്ഷേത്രം

പ്രസാദമായി ഉപയോഗിക്കുന്നത് മഞ്ഞളാണ്. ദിവസേന 50 കിലോ മഞ്ഞൾ ഉല്പാദിപ്പിച്ചുകൊടുക്കാമെന്നാണ് വില്പനക്കാരുമായുള്ള കരാർ. ക്ഷേത്രവുമായി നേരിട്ടല്ല, മറിച്ച് മഞ്ഞൾ വില്പന നടത്തുന്ന ഏജൻസിയുമായാണ് കരാർ. ഗുരുവായൂർ പൂജക്കദളിപോലെ ഉല്പാദനത്തിലും വിപണനത്തിനുമിടയിൽ ഒരു ഏജൻസി പ്രവർത്തിക്കുന്നു. സമഗ്രയുടെ എല്ലാ പരിപാടികളിലും ഇത്തരം ഏജൻസികളാണ് ഇടനിലക്കാരായി നിൽക്കുന്നത്. ഉല്പാദനത്തിൽ ഏർപ്പെട്ടിരിക്കുന്ന സ്ത്രീകൾക്ക് വിപണനം ഒരു തലവേദന സൃഷ്ടിക്കാതിരിക്കാനാണ്

'മഞ്ഞൾപ്രസാദ'വുമായി ഹരിപ്പാട്ടെ കുടുംബശ്രീക്കാർ

ജെസി നാരായണൻ

ഇത്തരത്തിൽ ഇടനിലക്കാരുമായി കണ്ണിചേർക്കപ്പെടുന്നത്. കാലക്രമത്തിൽ ഇവർ പ്രാപ്തരാകുന്നതോടെ ഈ കണ്ണിവിട്ട് സ്വതന്ത്രമായി ഉല്പാദന-വിപണന രംഗത്ത് നിലയുറപ്പിക്കാൻ കുടുംബശ്രീ വനിതകൾക്ക് കഴിയുമെന്ന് പ്രതീക്ഷിക്കാം.

മഞ്ഞൾക്കൃഷി വളരെ ലാഭകരമായ തൊഴിലാണ്. ഒട്ടും ആയാസകരമല്ലാത്ത കൃഷിയാണ് ഇത്. കീടബാധകൾ ഒന്നുംതന്നെ മഞ്ഞളിനെ ആക്രമിക്കാൻ

മുതിരാറില്ല. രോഗപ്രതിരോധശേഷിയുടെ കാര്യത്തിൽ ക്യാൻസറിനെ വരെ പ്രതിരോധിക്കാൻ ശേഷിയുള്ള മഞ്ഞൾ അമൂല്യമായ ഒരു ഔഷധവും കൂടിയാണ്. ചെറിയ രീതിയിലുള്ള വിഷബാധയ്ക്ക് പണ്ടുള്ളവർ മഞ്ഞൾ തിളപ്പിച്ച വെള്ളമാണ് കുടിച്ചിരുന്നത്. പച്ചിലക്കറികളിൽ മഞ്ഞൾ ധാരാളമായി ഉപയോഗിക്കുന്നവരുണ്ട്. ചുരുക്കത്തിൽ, മഞ്ഞൾ നമ്മുടെ ദൈനംദിന ജീവിതത്തിലെ ഒരു അനിഷേധ്യ ഘടകമാണ്.

കാലാവസ്ഥയുടെ കാര്യത്തിലും മഞ്ഞളിന് കടുംപിടുത്തങ്ങളില്ല. വിത്തു നടുന്ന കാലത്ത് അല്പം നനവു വേണമെന്നു മാത്രം. പിന്നെ വരണ്ട കാലാവസ്ഥയിലും ഈ സസ്യം വളരും. ഒരു കിലോ വിത്തിൽ നിന്ന് 10 കിലോ വിളവ് ലഭിക്കും. മഞ്ഞൾ കൃഷിക്കായി കണ്ടെത്തിയ സ്ഥലത്ത് വിത്ത് ലഭ്യമാകുന്നതുവരെയുള്ള ഇടവേളയിൽ ചേനയും ചേമ്പുമൊക്കെ സംരംഭകർ കൃഷി ചെയ്യുന്നുണ്ട്.

നല്ല സൂര്യപ്രകാശമുള്ള സ്ഥലമാണ് മഞ്ഞൾകൃഷിക്ക് തെരഞ്ഞെടുക്കേണ്ടത്. നിരപ്പുള്ള ചെറിയ മൺബെഡ്ഡുകൾ ഒരുക്കി അതിലാണ് വിത്തുനടുക. വിത്തു നടാനുള്ള പരിശീലനം കൃഷിഭവനിൽ നിന്ന് സംരംഭകർക്ക് ലഭ്യമാക്കിയിരുന്നു. 600 കിലോ വിത്താണ് ഇവർ മണ്ണിലിറക്കിയിരിക്കുന്നത്. കണക്കനു സരിച്ച് 6000 കിലോഗ്രാം വിളവ് ലഭിക്കണം. പത്തു മാസമാകുമ്പോൾ വിളവെടുക്കാം. രാസവളത്തിന്റെ ആവശ്യമേ വരുന്നില്ല. കീടബാധയേൽക്കാത്തതുകൊണ്ട് പൂർണ്ണമായും ജൈവവളത്തെയാണ് സംരംഭകർ ആശ്രയിക്കുന്നത്. വരുന്ന ഫെബ്രുവരി-മാർച്ച് മാസങ്ങളിൽ ഇവർ വിളവെടുപ്പ് ആരംഭിക്കും. ഗുരുവായൂരിലെ പൂജക്കദളിപോലെ ഇനി യും ഒട്ടേറെ സ്ത്രീകൾക്ക് തൊഴിലും വരുമാനവും ലഭ്യമാക്കാൻ 'മഞ്ഞൾ പ്രസാദ'ത്തിലൂടെ സാധിക്കുമെന്നുറപ്പാണ്. ■

ലേഖിക കുടുംബശ്രീ മിഷനിൽ അസിസ്റ്റന്റ് എഡിറ്ററാണ്

മംഗൽപാണ്ഡേ

ഇന്ത്യയുടെ ആദ്യ സ്വാതന്ത്ര്യസമരത്തിലെ **അറിയപ്പെടാത്ത നായകന്മാർ**

കെ.കെ.ഖുള്ളർ

1857ൽ നടന്ന ആദ്യ സ്വാതന്ത്ര്യ സമരത്തെക്കുറിച്ച് ആഴത്തിൽ പഠിക്കുമ്പോൾ മനസ്സിലാകുന്നത് ഇതിലെ അറിയപ്പെടുന്ന നായകന്മാർ വളരെ പ്രശസ്തി നേടിയെങ്കിലും അറിയപ്പെടാത്ത നായകന്മാർ തീരെ അറിയപ്പെടാത്തവരായും വളരെ കുറച്ച് അറിയപ്പെടുന്ന നായകന്മാർ ചരിത്ര പുസ്തകങ്ങളിൽ വല്ലപ്പോഴും മാത്രം ഓർമ്മിക്കപ്പെടുന്ന അടിക്കുറിപ്പുകളായും അവശേഷിച്ചു എന്നതാണ്. ഇന്ന് രാജ്യം ഒന്നാം സ്വാതന്ത്ര്യ സമരത്തിന്റെ 152-ാം വാർഷികം ആചരിക്കുമ്പോൾ അധികം ഓർമ്മിക്കപ്പെടാത്തവരെ ഓർക്കുകയും, ഇന്ത്യൻ മണ്ണിൽ നിന്ന് വിദേശ ഭരണം തൂത്തെറിയുക എന്ന പൊതു ലക്ഷ്യത്തിന് യത്നിച്ച പടയാളികൾക്കും, കർഷകർക്കും ഭൂഉടമകൾക്കും, ബുദ്ധിജീവികൾക്കും, കലാകാരന്മാർക്കും നമുക്ക് ആദരാഞ്ജലികൾ അർപ്പിക്കുകയും ചെയ്യാം.

സാധാരണക്കാരുടെ പങ്കാളിത്തമാണ് ഈ വിപ്ലവത്തിന് ജനകീയതയും ദേശസ്നേഹ പരിവേഷവും നൽകിയതും ഈ സമരത്തെ ലോകചരിത്രത്തിലെ തനതായ സംഭവമാക്കി മാറ്റിയതും. ഒരു ലക്ഷത്തിലധികം പടയാളികളാണ് വിവിധ സമര മുഖങ്ങളിൽ പങ്കെടുത്ത് രക്തസാക്ഷിത്വം വരിച്ചത്. ബ്രിട്ടീഷ് കാപാലികരിൽ നിന്ന് മാതൃരാജ്യത്തെ മോചിപ്പിക്കാൻ ശ്രമിച്ച് മരിച്ചവരുടെ എണ്ണം ഇന്നും കൃത്യമായി അറിയില്ല. ഡൽഹിയിലും, അലഹബാദിലും ചുറ്റുമുള്ള പ്രദേശങ്ങളായ ആവധ്, രോഹിൽഖണ്ഡ്, ബുന്ദേൽഖണ്ഡ്, ആഗ്ര, മീററ്റ്, പടിഞ്ഞാറൻ ബീഹാർ എന്നീ സ്ഥലങ്ങളിലും ഈ സമരം പടർന്നു പിടിച്ചു.

ഇന്ത്യൻ ജനതയുടെ ചരിത്രത്തിൽ ഒരു തിളക്കമാർന്ന അദ്ധ്യായം എഴുതി ചേർത്തുകൊണ്ട് ആവധിൽ മാത്രം 150,000 പേർ മരിച്ചതായാണ് കണക്കാക്കപ്പെടുന്നത്. മംഗൽ പാണ്ഡെ, ത്ധാൻസിറാണി, തന്തിയതോപ്പ്, നാനാസാഹിബ്, ലക്നൗവിലെ ബീഗം ഹസരത്ത് മഹൽ, ജഗദീഷ്പൂരിലെ കൺവർ സിംഗ് തുടങ്ങി നിരവധി ചരിത്രനായകന്മാരെ ഈ പ്രക്ഷോഭം സൃഷ്ടിച്ചിട്ടുണ്ട്. ഇവർ പിന്നീടുള്ള തലമുറയ്ക്ക് പ്രചോദനം നൽകിയവരാണ്. അതേ സമയം അപൂർവ്വ ധീരത കാണിച്ച എന്നാൽ അധികം പ്രശസ്തരല്ലാത്ത ഒട്ടേറെ വനിതകളേയും പുരുഷന്മാരേയും ഈ വിപ്ലവം സൃഷ്ടിച്ചിട്ടുണ്ട്. റബൽ ആർമിയുടെ കമാൻഡർ-ഇൻ-

ത്ധാൻസിറാണി

ചീഫായ ബക്കത്ത് ഖാൻ, റിവാരിയിലെ റാവു തുലാറാം, ബല്ലേഭ്ഗഢിലെ രാജാ ജജ്ജാറിലെ നവാബ് ഷാസാദ സഫിറോസ് ഷാ, ബദ്ലി അബ്ദുൽ സമദ്, ഇൻഡോറിൽ നിന്നുള്ള സദാത്ത് ഖാൻ, ത്ധാൻസി വനിതാ റജിമെന്റിൽ നിന്നുള്ള വീരംഗനി ജൽക്കരി, ജഗദിസ്പൂരിൽ നിന്നുള്ള അമർസിംഗ്, പാറ്റ്നയിലെ പീർ അലി, ഡൽഹിയിലെ ലിബാസ്പൂരിൽ നിന്നുള്ള ഉദ്മിറാം, ആയിരക്കണക്കിന് ഗുജാർമാർ, ജാട്ടുകൾ, രംഗാർസ്, റോഹത്തക്ക് ഹിസ്സാർ, ഗുർഗാവ് കർനൽ എന്നിവിടങ്ങളിലെ മേവോമാർ തുടങ്ങിയവർ തങ്ങളുടെ രാജ്യത്തെ ലോകചരിത്രത്തിലെ തന്നെയും ഏറ്റവും മനുഷ്യത്വരഹിതമായ ഭരണത്തിൽ നിന്നും മോചിപ്പിക്കാൻ സമരം ചെയ്ത അറിയപ്പെടാത്ത നായകന്മാരാണ്.

ഡൽഹിയും സമീപ പ്രദേശങ്ങളും

ഈ നായകന്മാരെ ചുറ്റിപ്പറ്റി നിരവധി ദേശഭക്തി ഗാനങ്ങളും കഥകളും ഉയർന്നുവന്നു. അസംഖ്യം ജനങ്ങൾ ജീവിത ചര്യയ്ക്കിടെയും പ്രത്യേക സന്ദർഭങ്ങളിലും ഈ ദേശഭക്തിഗാനങ്ങൾ പാടി. വിദേശ ശക്തിയെ ഇളക്കുന്നതിൽ മുന്നിട്ടിറങ്ങിയത് ഡൽഹി മേഖലയാണ്. 1857 മേയ് 11 ന് മീററ്റ് വിമതർക്കു മുമ്പിൽ ഡൽഹി കീഴടങ്ങിയതിനെ തുടർന്ന് സമീപ ഗ്രാമപ്രദേശങ്ങളിൽ കമ്പനിയുടെ ഭരണം തകർന്നു. ഇവിടങ്ങളിൽ ഗുജ്ജാർമാരും, രംഗാർസും ജാട്ടുകളുമാണ് കൂടുതൽ താമസിച്ചിരുന്നത്. രോഹ്ത്തക്ക്, ഹിസ്സാർ, സിരസാ തുടങ്ങിയ സ്ഥലങ്ങളിലും ഡൽഹി ഗ്രാമങ്ങളായ കിഫൻഗഡ്, മസൂദ്പർ, മഹിമാൽപുർ തുടങ്ങിയ സ്ഥലങ്ങളിലും ഭരണത്തിനായി നികുതി പിരിക്കുന്നതിന് പഞ്ചായത്തുകൾ സ്ഥാപിച്ചു. അഹിർ നേതാവായിരുന്ന റാവു തുലാറാം ബ്രിട്ടീഷുകാരുടെ പേടി സ്വപ്നമായിരുന്നു. അദ്ദേഹം റെവാരിയിൽ ഒരു സ്വതന്ത്ര ഗവൺമെന്റ് രൂപീകരിക്കുകയും മുഗൾ രാജാവിന്റെ പേരിൽ നികുതി പിരിക്കുകയും ചെയ്തു.

പുതിയ ഗവൺമെന്റ് സംവിധാനം വളരെ പഴക്കമുള്ള ഗ്രാമ റിപ്പബ്ലിക് അടിസ്ഥാനമാക്കിയാണ് സ്ഥാപിച്ചത്. ഈ ഗ്രാമ റിപ്പബ്ലിക്കുകളെക്കുറിച്ച് സി.ടി. മറ്റ്കാൾഫ് ഇങ്ങിനെ എഴുതി. "ഈ സമൂഹങ്ങൾ ചെറിയ റിപ്പബ്ലിക്കുകളാണ്. അവയ്ക്ക് ആവശ്യമായതെല്ലാം അവർക്ക് ഉണ്ട്. വിദേശ ബന്ധത്തിൽ നിന്നും അവർ മുക്തരാണ്". ഒന്നും നിലനിൽക്കാത്ത സാഹചര്യത്തിലും പഴയ ഈ ഗ്രാമ സമൂഹങ്ങൾ നിലനിൽക്കുന്നു. ജന്മിത്വം മറന്ന് പുതിയ സഹോദര സ്ഥാപനങ്ങൾ ഉയർന്നുവന്നു. സീർസയിൽ റെയ്നയിലെ ഭട്ടി നവാബ് എതിർപ്പിന്റെ നേതൃത്വം ഏറ്റെടുത്തു. ബ്രിട്ടീഷ് ഗവൺമെന്റിനും അതിന്റെ പ്രാദേശിക നേതാവായ മൊഹമ്മദ് അസിമിനും എതിരെ യുദ്ധം പ്രഖ്യാപിച്ചു. ഗുർഗാവ് ജില്ലയിലെ മേവാട്ടിൽ മിയോകൾ സ്വരാജ്യം പ്രഖ്യാപിച്ചത് ബ്രിട്ടീഷുകാരെ ബുദ്ധിമുട്ടിച്ചു. പക്ഷേ ഈ റിബൽ ശക്തികൾക്ക് ഒരു സ്വതന്ത്ര മേഖല സ്ഥാപിക്കാൻ കഴിയാത്തതാണ് പ്രധാന പ്രശ്നമായത്. റാവു തുലാം റാം കാബൂളിലേക്ക് രക്ഷപ്പെട്ടു. അവിടെവച്ച് താമസിയാതെ മരണമടയുകയും ചെയ്തു. ബല്ലഭ്ഗഢിലെ രാജയെ തൂക്കികൊന്നു. സാധാരണ ജനങ്ങളുടെ മനസ്സിൽ ഭീതി സൃഷ്ടിക്കുന്നതിനായി ജജ്ജാറിന്റെ നവാബിനെ 1857 ഡിസംബർ 23ന് താളമേളങ്ങളുടെ അകമ്പടിയോടെ റെഡ്ഫോർട്ടിന് മുന്നിൽ വച്ച് തൂക്കി കൊന്നു. ഡൽഹി ഒരു ശവപറമ്പായി മാറി. മരിച്ചവരെ മറവു ചെയ്യാൻപോലും ആളില്ലാതെയായി.

ഈ സമരത്തിലും കൂട്ടക്കൊലയ്ക്കും സാക്ഷ്യം വഹിച്ച മിർസാ അബ്ദുള്ള ഖാൻ ഗാലിബ് എന്ന പ്രശസ്ത ഉറുദു കവി ഇങ്ങനെ എഴുതി. മെയ് 11 മുതൽ സപ്തംബർ 14 വരെയുള്ള 4 മാസവും 4 ദിവസവും. നഗരം പിടിച്ചത് തിങ്കളാഴ്ചയായിരുന്നു. തിരിച്ചു പിടിച്ചതും ഒരു തിങ്കളാഴ്ചയായിരുന്നു. വിജയികൾ തെരുവിൽ കണ്ട എല്ലാവരെയും കൊന്നു. നിഷ്കളങ്കരായ ജനങ്ങൾ അവരുടെ മാനം രക്ഷിക്കാൻ ആഹാരവും, വെളിച്ചവും, വിളക്കും പ്രതീക്ഷയുമില്ലാതെ അടച്ചിട്ട വീടിനുള്ളിൽ കഴിഞ്ഞു."

പ്രക്ഷോഭത്തിന്റെ കഥ ദസ്താൻ-ഇ-ഖഡർ എന്ന പുസ്തകത്തിൽ സാഹിർ ദഹൽവി എഴുതി. "വഴിയിൽ കാണുന്ന വരെയൊക്കെ ബ്രിട്ടീഷ് പട്ടാളക്കാർ വെടിവച്ചു. നഗരത്തിൽ താമസിച്ചിരുന്ന എഴുത്തുകാരിൽ അതുല്യ പ്രതിഭയുള്ളവരുണ്ടായിരുന്നു. മിയൻ മുഹമ്മദ് അമീൻ പുംജാകുഷ് എന്ന മികച്ച എഴുത്തുകാരനെയും, മൗലവി ഇമാം ബക്ഷ് സബായിയേയും കച്ചാജെലാനിലെ 1400 പേരെയും രാജ്ഘട്ട് ഗേറ്റിലേക്ക് കൊണ്ടുപോയി വെടിവച്ചു കൊന്നതിനുശേഷം മൃതദേഹങ്ങൾ യമുനയിലേയ്ക്ക് വലിച്ചെറിഞ്ഞു. കച്ചാജെലാനിലുള്ള സ്ത്രീകളാകട്ടെ അവരവരുടെ കുട്ടികളെയുമെടുത്ത് കിണറ്റിൽ ചാടി മരണം വരിച്ചു. കച്ചാജെലാനിലെ എല്ലാ കിണറുകളും മൃതദേഹങ്ങൾ കൊണ്ടു നിറഞ്ഞു. ഇതിൽ കൂടുതൽ എഴുതാൻ എന്റെ പേനയ്ക്ക് ശക്തിയില്ല. ഡൽഹി കോട്ടയ്ക്കകത്തെ നഗരവാസികൾക്ക് ഇവരാണ് ഇപ്പോഴും 1857ലെ യഥാർത്ഥ വീരപുരുഷന്മാർ. മനസ്സാക്ഷിയില്ലാത്ത ജേതാവിന് അടിയറവ് പറയാതെ നിർഭ

നാനാസാഹിബ്

യമായി മരണത്തെ വരിച്ചവരാണ് അവർ. ദൈവവിശ്വാസികളായ പ്രൊഫസർ രാമചന്ദ്രയെയും പണ്ഡിറ്റ് കേദാർ നാഥിനെപ്പോലും ജീവകാരുണ്യ പ്രവർത്തനത്തിന്റെ പേരിൽ വെറുതെ വിട്ടില്ല."

മൗലാനാ ആസാദിന്റെ വാക്കുകളിൽ 1857 സംഭവത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട പ്രത്യേകത ഇന്ത്യൻ സമൂഹം ഒറ്റക്കെട്ടായി അതിനെ നേരിട്ടു എന്നതാണ്. 1857ലെ പ്രക്ഷോഭം ഒരു ദേശീയ വംശീയ വികാരം ഉണർത്തി. പക്ഷെ അത് ഒരിക്കലും വർഗ്ഗീയമായി മാറിയില്ല. ഹിന്ദുക്കളും മുസ്ലീങ്ങളും സ്വാതന്ത്ര്യത്തിനായുള്ള ഈ പോരാട്ടത്തിൽ തോളോട് തോൾ ചേർന്ന് പൊരുതി. നൂറ്റാണ്ടുകളായി ഒരുമിച്ച് ജീവിതം പങ്കിട്ട അവർ വിദേശ ശക്തിക്കെതിരായ പോരാട്ടത്തിലും ഒന്നിച്ചു പരിശ്രമിച്ചു. 1857ലെ ആദ്യ സ്വാതന്ത്ര്യ സമരരക്തസാക്ഷികൾ നൽകുന്ന സന്ദേശവും അതാണ്. ■

കടപ്പാട് : പ്രസ് ഇൻഫർമേഷൻ ബ്യൂറോ

അധികാര കൈമാറ്റ സൂചികയുടെ പരിമിതികൾ

പേജ് 8 ൽ നിന്ന്

റാങ്കിംഗിനു സ്വീകരിച്ച സൂചകങ്ങളിലെ 15 സാമ്പത്തിക മാനദണ്ഡങ്ങളിൽ ഏറ്റവും ഗൗരവാർഹമായ പോരായ്മകളുള്ള ചിലതിനെക്കുറിച്ചു മാത്രമേ ഞാൻ അഭിപ്രായം പറയുന്നുള്ളൂ. ആറാമത്തെ മാനദണ്ഡം - "നികുതികളും കരങ്ങളും ടോളും മറ്റും പിരിക്കാനുള്ള അധികാരം" - തികച്ചും അർത്ഥരഹിതമായ ഇനമാണ്. കാരണം ഭരണഘടനാ ഭേദഗതിക്കും വളരെ മുമ്പു തന്നെ ഇത്തരം അധികാരങ്ങൾ നൽകുന്നതിൽ സംസ്ഥാനങ്ങൾ വളരെ ഉദാരമായ സമീപനമാണ് സ്വീകരിച്ചു പോന്നത്. "വസ്തു/കെട്ടിട നികുതികൾ, തൊഴിൽ നികുതി, വിനോദ നികുതി തുടങ്ങിയവ നിശ്ചയിക്കുന്നതും പിരിച്ചെടുക്കുന്നതും ആര്" എന്നായിരുന്നു ചോദ്യമെങ്കിൽ കുറേക്കൂടി പ്രസക്തമായേനെ.

മാനദണ്ഡം 7 ലെ 'തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ചെലവിന്റെ എത്ര ശതമാനം തനതുവരുമാനത്തിലൂടെ കണ്ടെത്തുന്നു"വെന്ന അന്വേഷണം തെറ്റായ കണക്കുകളിലായിരിക്കും ചെന്നെത്തുക. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ചെലവ് കുറയുകയും തനതു വരുമാനം മാറ്റമില്ലാതിരിക്കുകയും ചെയ്താൽ (ചില സംസ്ഥാനങ്ങൾ മിച്ച ബജറ്റ് നിഷ്ക്കർഷിക്കുന്നുണ്ട്) ശതമാനക്കണക്ക് മാറും.

സംസ്ഥാന സർക്കാരിന്റെ തനതു വരുമാനവും പ്രാദേശികസർക്കാരുകളുടെ സ്വന്തം സ്രോതസ്സിൽ നിന്നുള്ള വരുമാനവും ചേർന്നുള്ള തുകയുടെ എത്രശതമാനംവരും പ്രാദേശികസർക്കാരുകളുടെ സ്വന്തവരുമാന സ്രോതസ്സ് എന്നതാണ് പരക്കെ സ്വീകാര്യമായ വിലയിരുത്തൽ മാനദണ്ഡം. അതുപോലെ തന്നെ സാമ്പത്തികവരുമാനവുമായി ബന്ധപ്പെട്ട മറ്റു പ്രധാന മാനദണ്ഡങ്ങളാണ് പ്രതിശീർഷ നികുതിയും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പ്രതിശീർഷ തനതു വരുമാനസ്രോതസ്സും. ഈ രണ്ടു കാര്യങ്ങളിലും കേരളത്തിലെ പഞ്ചായത്തീരാജ് സ്ഥാപനങ്ങൾ നിശ്ചയമായും മറ്റേതു സംസ്ഥാനങ്ങളെക്കാളും വളരെ മുന്നിലാണ്.

പഞ്ചായത്തീരാജ് മന്ത്രാലയം റാങ്കിംഗിന് പരിഗണിച്ച 2007-08 ൽ കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മൊത്തം തനതു വരുമാനം 302.23 കോടിരൂപയായിരുന്നു. സംസ്ഥാനത്തിന്റെ മൊത്തവരുമാനവും പ്രാദേശികസർക്കാരുകളുടെ തനതു വരുമാനവും കൂട്ടിച്ചേർത്ത് ശതമാനം കണക്കാക്കിയാൽ അത് രണ്ടു ശതമാനമാണെന്ന് കാണാം. പശ്ചിമബംഗാളിന്റെ കാര്യത്തിൽ ഇത് കേവലം 0.5 ശതമാനം ആണ്. ഗ്രാമപഞ്ചായത്തുകളിലെ പ്രതിശീർഷ നികുതിവരുമാനം കേരളത്തിൽ 2007-08ൽ 70 രൂപയായിരുന്നു; പ്രതിശീർഷ തനതു വരുമാനം 119 രൂപയും. പശ്ചിമബംഗാളിൽ ഇതേ കാലയളവിൽ അത് 7.6 രൂപ മാത്രമാണ്. മുൻകാല അനുഭവങ്ങൾ നോക്കിയാൽ മദ്ധ്യപ്രദേശും തമിഴ്നാടും ഇതിനെക്കാൾ ഭേദമാകാൻ സാദ്ധ്യതയില്ല. ''(ഉമ്മൻ 2006; ഈ സംസ്ഥാനങ്ങളിലെ 2006 ലെ രണ്ടാം സംസ്ഥാന ധനകമ്മീഷൻ റിപ്പോർട്ട് എന്നിവ കാണുക)"

സൂചിക 9 (തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു കൈമാറിയ ഉപാധിരഹിത (പ്ലാൻ) ഫണ്ടിന്റെ ശതമാനം), സൂചിക 10 (തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു കൈമാറിയ ഉപാധിരഹിത (നോൺപ്ലാൻ) ഫണ്ടിന്റെ ശതമാനം), സൂചിക 13 (അനുവാദം നൽകുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് പൂർണമായ അധികാരം ഉണ്ടോ?) എന്നീ അനുബന്ധചോദ്യങ്ങൾ അവ്യക്തത പരിഹരിക്കുംവിധം മാറ്റി എഴുതേണ്ടതുണ്ട്. ഏറ്റവും താഴെതട്ടിലുള്ള ഒരു ഗ്രാമപഞ്ചായത്തിന് ലഭ്യമാവുകയും കൈകാര്യം ചെയ്യുകയും ചെയ്യുന്ന ഫണ്ടിന്റെ വ്യാപ്തിയാണ് ഏറ്റവും നിർണായകമായ മാനദണ്ഡം. കേരളത്തിൽ പഞ്ചായത്തീരാജ് സ്ഥാപനങ്ങൾക്ക് നല്കുന്ന പ്ലാൻ ഫണ്ടിന്റെ 70 ശതമാനം ഗ്രാമപഞ്ചായത്തുകൾക്കാണ് കിട്ടുന്നത്. എന്നാൽ ഒരു സംസ്ഥാന സർക്കാർ ജില്ലാ പഞ്ചായത്തുകൾക്ക് കൈമാറിയ പദ്ധതിപ്പണത്തിന്റെ കണക്കുപറയുമ്പോൾ നമുക്ക് ലഭിക്കുന്നത് തെറ്റായ ഒരു ചിത്രമാണ്. ഉദാഹരണത്തിന് പശ്ചിമബംഗാൾ ഒന്നും രണ്ടും ധനകാര്യകമ്മീഷന്റെ ശുപാർശപ്രകാരം സംസ്ഥാനത്തിന്റെ സ്വന്തം വരുമാനത്തിന്റെ 16 ശതമാനം വരെ പദ്ധതിപ്പണമായി കൈമാറുമ്പോഴും തമിഴ്നാട് നിശ്ചിത പദ്ധതികൾക്കൊപ്പം പദ്ധതിപ്പണം കൈമാറുമ്പോഴും ശരിക്കും ആത്മാർത്ഥതയോടെ അവർ താഴെതട്ടിലുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ അഭിവൃദ്ധിപ്പെടുത്തുകയാണോ ചെയ്യുന്നത്? തമിഴ്നാട്ടിൽ നടക്കുന്നതുപോലെ സാമ്പത്തിക അധികാരം സ്വന്തം കൈപ്പിടിയിലൊതുക്കി 'സാമ്പത്തിക കൈമാറ്റം' വാക്കുകളിൽ ഒതുക്കുന്ന കാഴ്ചയാണ് മിക്ക സംസ്ഥാനങ്ങളിലും നാം കാണുന്നത്. തമിഴ്നാടിന്റെ കാര്യത്തിൽ പഞ്ചായത്തീരാജ് മന്ത്രാലയത്തിന്റെ തന്നെ വാക്കുകൾ ശ്രദ്ധിക്കുക.

> ഈ അധികാരകൈമാറ്റ സൂചിക നിരവധി പ്രശ്നങ്ങളുയർത്തുന്നു. പങ്കാളിത്ത ജനാധിപത്യത്തിൽ വിശ്വസിക്കുന്ന അക്കാദമിക സമൂഹത്തിന് ഇവയെ നിസ്സാരമായി കാണാനാവില്ല. പഞ്ചായത്തീരാജ് മന്ത്രാലയം ശരിക്കും അതിന്റെ ദൗത്യം ഉൾക്കൊള്ളുന്നുവെങ്കിൽ അടിസ്ഥാനപരമായ ഇത്തരം പ്രശ്നങ്ങളോട് നിസ്സംഗ മനോഭാവം പുലർത്താൻ പാടില്ല.

"പഞ്ചായത്തുകളുടെ കൈവശമെത്തുന്ന ഉപാധിരഹിത ഫണ്ടുകളുടെ കാര്യത്തിൽ കാര്യമായ പുരോഗതിയൊന്നുമില്ല.... ഉപാധിരഹിത ഫണ്ട് എന്ന രീതിയിൽ നൽകുന്ന ഫണ്ട് മിക്കതും സിമന്റ് റോഡ്, തെരുവുവിളക്കുകൾ തുടങ്ങിയ നിശ്ചിത പ്രവൃത്തികൾക്കുമാത്രമായി ചെലവാക്കണമെന്ന ഉപാധികളോടെ അനുവദിക്കുന്നതാണ്." *(പഞ്ചായത്തീരാജ് മന്ത്രാലയം 2006. വാല്യം : II 778)* ഇതിനുപുറമെ തമിഴ്നാട്ടിൽ ഗ്രാമപഞ്ചായത്തിന് രണ്ടു ലക്ഷത്തിലധികവും യൂണിയൻ പഞ്ചായത്തിന് 10 ലക്ഷത്തിലധികവും രൂപ വരുന്ന ഏതു ചെലവിനും ജില്ലാ കളക്ടറുടെ അനുവാദം നേടേണ്ടതുണ്ട്. (2007 ഡിസംബറിനുമുമ്പ് ഗ്രാമപഞ്ചായത്തിന്റെ ധനവിനിയോഗാധികാരപരിധി ഒരു ലക്ഷവും യൂണിയൻ പഞ്ചായത്തിന്റേത് 3 ലക്ഷവുമായിരുന്നു). എന്നാൽ കേരളത്തിൽ ജില്ലാ ആസൂത്രണ സമിതി ഒരു പദ്ധതിക്ക് ഒരിക്കൽ അംഗീകാരം നൽകിക്കഴിഞ്ഞാൽ അതിന് സ്വയമേവ ഭരണാനുമതിയും ഉണ്ടാകുന്നു. പഞ്ചായത്തീരാജ് മന്ത്രാലയം ഒരിക്കലും 'കളക്ടർ രാജി'നെ പ്രോത്സാഹിപ്പിക്കാൻ പാടില്ല; പഞ്ചായത്തീരാജിന്റെ മുന്നണിപ്പോരാളിയാകേണ്ടതാണ്.

സൂചിക 12 ൽപ്പറയുന്ന, 'അപ്പൊർഷൻമെന്റ് ഫോർമുല'യുടെ അടിസ്ഥാനത്തിൽ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന ഫണ്ടിന്റെ തോത്, അത്ര അസഹനീയമായ ഒരു മാനദണ്ഡമല്ല. എന്നാൽ നിശ്ചിത പദ്ധതികളോടെ താഴെതട്ടിലേയ്ക്ക് പദ്ധതി പണം കൈമാറുന്നതിൽ നിഷ്കർഷ പുലർത്തുന്ന തമിഴ്നാട് സർക്കാരിനെ ഏതു ഗണത്തിൽപെടുത്താനാകും? ഇത്തരത്തിൽ 2000-01ൽ 594.7 കോടി രൂപയാണ് കൈമാറിയതെങ്കിൽ 2004-05ൽ അത് 1,317.5 കോടിയായി വർദ്ധിച്ചു. 2006-07 ൽ പക്ഷേ അത് 1,005.26 കോടിയായി കുറഞ്ഞു. (മൂന്നാം സംസ്ഥാന ധനകമ്മീഷൻ റിപ്പോർട്ട്) നിശ്ചിത പദ്ധതികൾക്കായി അനുവദിക്കുന്ന ഫണ്ടിന്റെ പരിധി 20 ശതമാനമായി (തത്വത്തിൽ ഇത് തെറ്റാണ്) പരിമിതപ്പെടുത്തണമെന്ന് തമിഴ്നാടിന്റെ രണ്ടാം ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്തിരുന്നു. എന്നാൽ ആ ശുപാർശപോലും വിരുമ്മായി മാത്രമേ നടപ്പാക്കിയിട്ടുള്ളൂ. നിശ്ചിത പദ്ധതികൾക്കായി ധനം കൈമാറുന്ന രീതി വാസ്തവത്തിൽ സാമ്പത്തിക സ്വയംഭരണത്തിന് കടകവിരുദ്ധമാണ്.

സൂചിക 14 ഒരു ചോദ്യമാണ് - 2007-08ലെ സംസ്ഥാനബജറ്റിൽ തദ്ദേശസ്വയംഭരണ സ്ഥാനങ്ങൾക്കുവേണ്ടി ഒരു പ്രത്യേക ബജറ്റ് രേഖയുണ്ടോ?

അനുകൂലമായ ഒരു മറുപടി കൊണ്ട് അതിന്റെ യഥാർത്ഥചിത്രം വ്യക്തമാകുന്നില്ല. അങ്ങനെ ബജറ്റ് രേഖയിലുൾപ്പെടുത്തുന്ന തുകയുടെ സിംഹഭാഗവും ഡിപ്പാർട്ടുമെന്റുകൾ തങ്ങളുടെ പദ്ധതികൾക്കായി വകയിരുത്തുകയും തുച്ഛമായ വിഹിതം ഗ്രാമപഞ്ചായത്തുകൾക്ക് നൽകുകയും ചെയ്യുന്നിടത്തോളം ആ ചോദ്യത്തിന്റെ ഉത്തരം അപ്രസക്തമാണ്. പഞ്ചായത്തീരാജ് മന്ത്രാലയം റാങ്കിംഗിന് മാനദണ്ഡമായെടുത്ത 2007-08ൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറുന്ന മുഴുവൻ ഫണ്ടും ഓരോ തലത്തിലുമുള്ള പ്രാദേശിക സർക്കാരുകൾക്ക് വെവ്വേറെ അക്കൗണ്ട് ഹെഡിൽ പേരെടുത്തു പറഞ്ഞ് ഉൾപ്പെടുത്തി സംസ്ഥാന ബജറ്റ് രേഖയുടെ അനുബന്ധം 4 ആയി ചേർത്ത് വ്യക്തത വരുത്തിയ കേരള സർക്കാരിനെ സൂചികയുടെ ഏതു മാനദണ്ഡത്തിലാണ് ഉൾപ്പെടുത്തുക?

സൂചിക 15 മറ്റൊരു ചോദ്യം ഉയർത്തുന്നു: ചുമതലകൾക്കനുസൃതമായ ധനകൈമാറ്റം നടന്നിട്ടുണ്ടോ? ഓരോ തലത്തിലുമുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനരൂപരേഖയും അതിനനുസൃതമായ ബജറ്ററി ഹെഡ്സും ഫണ്ട് അലോട്ട്മെന്റും അടിസ്ഥാനമാക്കി ഫലം വിലയിരുത്തുന്നതിന് പഴുതുകളില്ലാത്ത മികച്ച ഒരു സംവിധാനം കൂടി എൻ.സി.എ.ഇ.ആർ വിദഗ്ദ്ധർ രൂപകല്പന ചെയ്തിരുന്നുവെങ്കിൽ ഈ ചോദ്യം അർത്ഥപൂർണമായേനെ.

സൂചിക 16, 17, 18 ഓരോ തലത്തിലുമുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഓഡിറ്റ് നടത്തിയവയുടെ ശതമാനം കണക്കാക്കുന്ന ചോദ്യങ്ങളാണ്. അവയൊന്നും തന്നെ ധനകൈമാറ്റം പരാമർശിക്കുന്നവയല്ല. 'അക്കൗണ്ടബിലിറ്റി' അംശം മാത്രമേ കണക്കിലെടുക്കുന്നുള്ളൂ. എന്നാൽ ജനങ്ങളുടെ തലത്തിൽ താഴേ തട്ടിലേയ്ക്കുള്ള അക്കൗണ്ടബിലിറ്റിയുടെ വേദിയായ സോഷ്യൽ ഓഡിറ്റിന്റെ സ്ഥിതി എന്താണ്?

സൂചിക 19, 20 എന്നിവ തീരെ അർത്ഥരഹിതമായ ചോദ്യങ്ങളാണ് ഉന്നയിക്കുന്നത്; വിശേഷിച്ചും ഒരു സംസ്ഥാനത്തിന്റെ മികവ് വിലയിരുത്തുന്ന റാങ്കിംഗ് പ്രക്രിയയിൽ. നല്ലതും ചീത്തയും വ്യർത്ഥവുമായ കാര്യങ്ങൾ വേർതിരിച്ച് വിലയിരുത്തി വ്യക്തമായ മാനദണ്ഡങ്ങളോടെ കാര്യങ്ങൾ വിലയിരുത്തിയാൽ മാത്രമേ യഥാർഥ മികവ് തിരിച്ചറിയാൻ കഴിയൂ. എന്തു തന്നെയായാലും എന്തായാലും ശരിക്കും ആത്മാർത്ഥതയോടെ അവർ താഴെതട്ടിലുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ അഭിവൃദ്ധിപ്പെടുത്തുകയാണോ ചെയ്യുന്നത്? തമിഴ്നാട്ടിൽ നടക്കുന്നതുപോലെ സാമ്പത്തിക അധികാരം സ്വന്തം കൈപ്പിടിയിലൊതുക്കി 'സാമ്പത്തിക കൈമാറ്റം' വാക്കുകളിൽ ഒതുക്കുന്ന കാഴ്ചയാണ് മിക്ക സംസ്ഥാനങ്ങളിലും നാം കാണുന്നത്. തമിഴ്നാടിന്റെ കാര്യത്തിൽ പഞ്ചായത്തീരാജ് മന്ത്രാലയം ശരിക്കും അതിന്റെ ദൗത്യം ഉൾക്കൊള്ളുന്നുവെങ്കിൽ അടിസ്ഥാനപരമായ ഇത്തരം പ്രശ്നങ്ങളോട് നിസ്സംഗ മനോഭാവം പുലർത്താൻ പാടില്ല. ■

(ലേഖകൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസസിൽ പ്രൊഫസറാണ്.)

ഗ്രാമപഞ്ചായത്തുകളിലെ അക്കൗണ്ടന്റ്

പേജ് 18 ൽ നിന്ന്

ട്ടറിക്കും ഉചിതമായ സമയത്ത്, ധനകാര്യവിഷയങ്ങളിൽ, കൃത്യമായ ഉപദേശം നൽകുവാൻ അക്കൗണ്ടന്റിന് കഴിയണം. പണം ചെലവു ചെയ്തു കഴിഞ്ഞാൽ, ആവശ്യത്തിൽ കവിഞ്ഞ് ഒരു ദിവസംപോലും അക്കാര്യം അക്കൗണ്ടിൽ രേഖപ്പെടുത്താൻ താമസിക്കരുത്. ആ ചെലവിന് ശരിയായ അനുമതി ഇല്ലെങ്കിൽപോലും ഈ നിർദ്ദേശത്തിന് മാറ്റമില്ല. കേരള ഫിനാൻഷ്യൽ കോഡ്, വാല്യം ഒന്ന്, 40(സി)(2)-ാം അനുഛേദത്തിൽ ഇക്കാര്യം വ്യക്തമായി നിർദ്ദേശിച്ചിട്ടുണ്ട്.

ഓഡിറ്റ്, ധനകാര്യ വിവരങ്ങൾ തുടങ്ങിയവ

ഓഡിറ്റ് കുറിപ്പുകൾക്കും ഓഡിറ്റ് റിപ്പോർട്ടിനും മറുപടി നൽകാൻ വേണ്ട വിവരങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്ന് ശേഖരിക്കണം. അവയുടെ അടിസ്ഥാനത്തിൽ കൃത്യമായ മറുപടി തയ്യാറാക്കി ഓഡിറ്റിന് നൽകണം.

പ്രതിമാസ ഡി.സി.ബി. സ്റ്റേറ്റുമെന്റും ചെലവ് സ്റ്റേറ്റുമെന്റും തയ്യാറാക്കി ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിക്ക് നൽകണം.

സെക്രട്ടറി ഏൽപ്പിച്ചു തന്ന രേഖകൾ ഭദ്രമായി സൂക്ഷിക്കണം.സെക്രട്ടറി, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, പഞ്ചായത്ത് ഡയറക്ടർ, ഡപ്യൂട്ടി ഡയറക്ടർ എന്നിവർ ഏൽപ്പിക്കുന്ന ചുമതലകൾ നിറവേറ്റണം. ധനകാര്യ ഡാറ്റാ ബേസ് സൂക്ഷിക്കണം.

കേന്ദ്രാവിഷ്കൃത ഫണ്ടുകളും മറ്റു ഏജൻസികളിൽ നിന്ന് ലഭിക്കുന്ന ഫണ്ടുകളും കൃത്യമായി സൂക്ഷിക്കുന്നുവെന്നും വിനിയോഗിക്കുന്നുവെന്നും ഉറപ്പുവരുത്തണം.

വികസനവിഭാഗം ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ജനറൽ പർപസ് ഫണ്ട് എന്നിവയ്ക്കുള്ള ലറ്റർ ഓഫ് അതോറിറ്റി ലഭിക്കുമ്പോൾ വരവ് വയ്ക്കണം. അലോട്ട്മെന്റ് സംബന്ധിച്ച കാര്യങ്ങളിൽ നടപടിക്രമങ്ങൾ പാലിക്കണം. നിർവഹണ ഉദ്യോഗസ്ഥരുടെ ചെലവ് സ്റ്റേറ്റുമെന്റ് വാങ്ങി അക്കൗണ്ടിൽ ഉൾപ്പെടുത്തണം.

ധനകാര്യ വിഷയങ്ങളിലെ ചട്ടങ്ങളും ഉത്തരവുകളും ലംഘിക്കപ്പെടുകയാണെങ്കിൽ അക്കൗണ്ടന്റ് വ്യക്തിപരമായി ഉത്തരവാദി ആയിരിക്കും.ഗ്രാമപഞ്ചായത്തുകളിൽ നിയമിക്കപ്പെടുന്ന അക്കൗണ്ടന്റുമാർ പൊതുവായി അറിഞ്ഞിരിക്കേണ്ട കാര്യങ്ങളാണ് ലേഖനത്തിൽ പരാമർശിച്ചിട്ടുള്ളത്. ഇത് സംബന്ധിച്ച ആധികാരിക രേഖ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളും സർക്കുലറുകളുമായിരിക്കും. ■

(ലേഖകൻ ഏജീസ് ഓഫീസിൽ നിന്നും സീനിയർ ഓഡിറ്റ് ഓഫീസറായി വിരമിച്ചു. ഇപ്പോൾ ഓഡിറ്റ് കൺസൾട്ടന്റാണ്. മൊബൈൽ: 9447454221)

മുരളീധരൻ തഴക്കര

ഗ്രാമ നന്മകളിലേയ്ക്കുള്ള തിരിച്ചുപോക്ക് ഇന്ന് ആഗോളാടിസ്ഥാനത്തിൽ ചിന്താവിഷയമാണ്. അത് പ്രകൃതിയിലേയ്ക്കും മനുഷ്യനിലേയ്ക്കുമുള്ള യാത്ര കൂടിയാണ്. കാലത്തിന്റെ പ്രവാഹത്തിൽ ഉപഭോഗ തൃഷ്ണയുടേയും പ്രകൃതി ചൂഷണത്തിന്റെയും വഴിയിലാണ് മനുഷ്യൻ മുന്നേറ്റം അധികവും നടത്തിയത്. അത് സർവ്വ നാശത്തിന്റെ പടിവാതിലിൽ നമ്മെ എത്തിച്ചു. ലോകത്തിന്റെ പല കോണുകളിൽ അന്ധകാരത്തിൽ ചെറിയ ചില ദീപങ്ങൾ പോലെ, പരിശ്രമങ്ങൾ തുടങ്ങി – തിരിച്ചു വരവിനായി. അതിന്റെ പരിണതഫലമായിരുന്നു ഗ്രാമീണ കാർഷിക വിജ്ഞാനത്തിന്റെ തിരിച്ചുവരവ്. കേരളത്തിലും പല കോണുകളിലായി അതിനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ട്. അത്തരമൊരു അബോധ പ്രവർത്തനത്തിന്റെ ഫലമാണ് ഗ്രാമീണവും കാർഷികവുമായ സംജ്ഞകളുടെ സമാഹരണത്തിനായുള്ള ശ്രമം. ഇതൊരു തുടക്കം മാത്രമാണ് – എങ്കിലും സാർത്ഥകമായ തുടക്കം.

തേഞ്ഞു മാഞ്ഞു പോകുന്ന ഗ്രാമീണ മൊഴിമുത്തുകൾ

കോഴിയും കുഞ്ഞുങ്ങളും വീടിന്റെ പരിസരത്ത് ചിക്കിയും ചികഞ്ഞും നടക്കുന്നത് പണ്ട് കാലത്തെ ഹൃദ്യമായ ദൃശ്യമായിരുന്നു. പരുന്തിന്റെ നിഴലെങ്ങാനും വീഴുമ്പോൾ കുഞ്ഞുങ്ങൾ വിഹ്വലരായി ഓടി തള്ളപ്പിടിയുടെ ചിറകിൻ കീഴിൽ ഒളിക്കുന്നതിന്റെ മാതൃവാത്സല്യവും ആവോളം ആസ്വദിച്ചിട്ടുണ്ട് പഴമക്കാർ. അടവെച്ച കോഴിയുടെ ചിനപ്പും സീൽക്കാരവും കൊക്കരയും കുറുകലും അപ്പോൾ തിരിച്ചറിഞ്ഞു പോന്ന ഒരു കാലം നമുക്കുണ്ടായിരുന്നു. ഉഗ്രശാസനനായ കാരണവരെപ്പോലും കൂസാതെ അങ്കവാലും പൂവുമായി തലയെടുപ്പോടെ മുറ്റത്ത് ഉലാത്തുന്ന പൂവൻകോഴി ഗ്രാമഭംഗിയുടെ നിദർശനമായിരുന്നു. മലയാളിയുടെ സൗന്ദര്യബോധത്തിന്റെയും പ്രൗഢിയുടെയും പ്രതീകമായിരുന്ന കോഴിയും കോഴിവളർത്തലുമായൊക്കെ ബന്ധപ്പെട്ട് ധാരാളം ഗ്രാമ്യപദങ്ങളുണ്ട്. നാടൻ പ്രയോഗങ്ങളുണ്ട്. അവയിൽ ചിലത് ഓർത്തെടുക്കുകയാണ്.

അടവെയ്ക്കുക

വീട്ടുവളപ്പിൽ അഴിച്ചുവിട്ട് കോഴിയെ വളർത്തുന്ന ഗ്രാമീണനാടൻ സമ്പ്രദായം വ്യാപകമായി നിലനിന്നിരുന്ന കാലത്ത് വർഷത്തിൽ മൂന്നും നാലും പ്രാവശ്യം മുട്ട അടവെച്ച് കോഴിക്കുഞ്ഞിനെ വിരിയിച്ചിറക്കുന്ന ഒരു രീതിയാണ് നിലനിന്നിരുന്നത്. ഇന്നത്തെപ്പോലെ ആയിരക്കണക്കിന് കോഴിയെ വിരിയിച്ചിറക്കാൻ കഴിയുന്ന ഇൻകുബേറ്റർ പോലെയുള്ള യന്ത്ര സംവിധാനങ്ങളും, വാണിജ്യാടിസ്ഥാനത്തിലുള്ള കോഴിവളർത്തലും വ്യാപകമാകുന്നതിന് മുമ്പ് മുട്ട അടവെച്ച് കോഴിയെ വിരിയിച്ചിറക്കുന്ന സാമ്പ്രദായിക രീതി മാത്രമേയുണ്ടായിരുന്നുള്ളു.

ഒറ്റാൽ

മുട്ട അടവെച്ച് വിരിഞ്ഞിറങ്ങുന്ന കോഴിക്കുഞ്ഞുങ്ങളെ കാക്കയും, പരുന്തും, കിളിറാനും റാഞ്ചികൊണ്ടു പോകാതിരിക്കുന്നതിന് ഒറ്റാലിനടിയിൽ അടച്ചിട്ടാണ് വളർത്തുന്നത്. ഈറപ്പൊളി, ചൂരൽ എന്നിവകൊണ്ട് അടിഭാഗം നല്ല വായുട്ടത്തിലും മുകൾഭാഗത്ത് കൈ അകത്തേയ്ക്ക് കടക്കാൻ പാകത്തിൽ ചെറിയൊരു ദ്വാരത്തോടും കൂടി കയറുകൊണ്ട് വരിഞ്ഞുണ്ടാക്കുന്ന ചോർപ്പിന്റെ അഥവാ ഷട്ടിൽകോക്കിന്റെ ആകൃതിയിലുള്ള ഈ ഒറ്റാൽ കോഴിക്കുഞ്ഞുങ്ങളെ അടച്ചിടുന്നതിന് കണക്കാക്കിയാണ് ഉണ്ടാക്കുന്നത്. വെള്ളം വറ്റുന്ന അവസരത്തിൽ വയലിൽ നിന്നും തോടുകളിൽ നിന്നും മീൻ പിടിക്കുന്നതിനും ഒറ്റാൽ ഉപയോഗിക്കുന്നു.

കാക്കകേട്

മുട്ട അടവെച്ച് വിരിയിച്ചിറക്കുന്ന കോഴിക്കുഞ്ഞുങ്ങളെ കാക്കയും പരുന്തും റാഞ്ചുന്ന പ്രായം കഴിഞ്ഞ് അവയെ അഴിച്ചുവിട്ട് വളർത്താൻ തുടങ്ങുമ്പോൾ 'കാക്കക്കേട്' പരുവം കഴിഞ്ഞു എന്ന് പൊതുവേ പറയാറുണ്ട്.

കിണ്ണംകൊടുക്കുക

കോഴിക്കുഞ്ഞുങ്ങളെ കാക്കയോ പരുന്തോ റാഞ്ചിയാൽ ചില സമയത്ത് അവയുടെ പിടിയിൽ നിന്നും ഭാഗ്യത്തിന് ഇവ രക്ഷപ്പെടും. പക്ഷെ നല്ല ക്ഷതമേറ്റിട്ടുണ്ടാകും. മൃതപ്രായമായ ഈ കോഴിക്കുഞ്ഞുങ്ങളെ ഒരു കിണ്ണത്തിനടിയിലാക്കി ഉച്ചത്തിൽ ശബ്ദം കേൾക്കും വിധം കൊട്ടുന്നു. തുടർച്ചയായി ഇങ്ങനെ കൊട്ടുമ്പോൾ കോഴിക്കുഞ്ഞിന് ജീവൻ വെയ്ക്കുകയും അവ രക്ഷപ്പെടുകയും ചെയ്യുന്നു.

കോഴിക്കൂട്

ഓരോ വീട്ടിലും വീടിന്റെ ഒരു ഒഴിഞ്ഞഭാഗത്ത് നാലുകാലിൽ ഉയർത്തിവെച്ച ഒരു കോഴിക്കൂടുണ്ടാകുമായിരുന്നു. പത്തോ പന്ത്രണ്ടോ കോഴിക്ക് കഴിയാൻ പാകത്തിൽ തയ്യാറാക്കുന്ന ഒരു സംവിധാനം. ഉരുപ്പടിയായി ഉപയോഗിക്കാൻ കഴിയാത്ത തടി അറുത്തെടുത്ത പട്ടിക കഷ്ണങ്ങളും മറ്റും കൊണ്ട് ഒരു പ്രത്യേക ആകൃതിയിലാണ് കോഴിക്കൂടിന്റെ നിർമ്മാണം. വൈകുന്നേരമായാൽ കോഴികൾ കൂടിനുള്ളിൽ പ്രവേശിക്കും. അതിനു ശേഷം കൂട് അടയ്ക്കും. രാവിലെ ഇവയെ തുറന്നുവിടുന്നു. വേണ്ടത്ര വായു സഞ്ചാരവും വെളിച്ചവും കടക്കത്തക്ക നിലയിലാണ് കോഴിക്കൂടുകൾ രൂപകല്പന ചെയ്തിരിക്കുന്നത്. പണ്ടുകാലത്ത് തടി അറപ്പുമില്ലുകളിൽ കോഴിക്കൂടുണ്ടാക്കി വില്ക്കുന്ന രീതിയുണ്ടായിരുന്നു.

കൊക്കുക

"എല്ലാ പക്ഷികളും മുട്ടയിടും, പക്ഷെ കോഴി മുട്ടയിട്ടാൽ നാലുപേരറിയും". സാധാരണ നാട്ടിൻപുറത്ത് പറഞ്ഞു കേൾക്കാറുള്ള ഒരു ചൊല്ലാണിത്. മുട്ടയിട്ടാൽ ഉടൻതന്നെ കോഴി ഉച്ചത്തിൽ കൊക്കി ശബ്ദമുണ്ടാക്കും. മറ്റ് പക്ഷികളൊന്നും മുട്ടയിട്ടു കഴിഞ്ഞാൽ ഇതുപോലെ കൊക്കി വിളിച്ചറിയിക്കാറില്ല.

പനറ്റുക

കൊക്കുന്നത്ര ഉച്ചത്തിലല്ലാതെ ചെറിയതോതിൽ ശബ്ദമുണ്ടാക്കുക എന്നത് കോഴികളുടെ സഹജമായ രീതിയാണ്. ഇതിനെയാണ് പനറ്റുക എന്ന് പറയുന്നത്.

ചികയുക

മണ്ണിൽ ചികഞ്ഞ് കൊത്തിപെറുക്കി തിന്നുക കോഴികളുടെ പൊതുസ്വഭാവമാണ്. കാച്ചിലും ചേനയും ചേമ്പും മറ്റും നട്ടുകഴിഞ്ഞാൽ അതിന്റെ ചുവട് ചികഞ്ഞ് വളവും കരിയിലയും ചവറുമെല്ലാം നാലുപാടും മാറ്റി അതിനുള്ളിലുള്ള ചിതലോ മറ്റ് ജീവികളേയോ ഒക്കെ ആഹരിക്കുക എന്നത് ഒരു രീതിയാണ്. കോഴിയും കൃഷിയും ഒന്നിച്ചു പോകില്ലെന്ന് പഴയ കർഷകർ പറയുന്നതിന്റെ സാരവും ഇതാണ്.

ചീമുട്ട

കേടായ മുട്ടയെയാണ് ഇങ്ങനെ പറയുന്നത്. ഇതിന് വല്ലാത്ത ദുർഗന്ധമായിരിക്കും. വേനൽക്കാലത്ത് മുട്ട യഥാസമയം ഉപയോഗിക്കാതിരുന്നാൽ അത് ചീമുട്ടയാകുന്നതിനുള്ള സാദ്ധ്യത വളരെയാണ്. 'ചീമുട്ട എറിയുക' എന്നത് ഒട്ടും ആശാസ്യമല്ലാത്ത ഒരു രീതിയാണല്ലോ.

പോരുകോഴി

പോരുകോഴി, പൊരുന്ന കോഴി, കോഴിപ്പോര് ഇതെല്ലാം നാം സാധാരണ കോൾക്കാറുള്ളതാണ്. പരസ്പരം മല്ലടിച്ച് ആക്രമിക്കുന്നതിന് കോഴികളെ പരിശീലിപ്പിച്ച് വളർത്തിയെടുക്കുന്ന ഒരു സമ്പ്രദായം തന്നെയുണ്ട്. തമിഴ്നാട്ടിൽ ഇത് ഏറെ പ്രചുരപ്രചാരമുള്ള ഒരു വിനോദമാണ്. പ്രത്യേകം തീറ്റ നൽകി, പരിശീലനം നൽകി വളർത്തിയെടുക്കുന്ന ഈ കോഴികൾക്ക് വലിയ വിലയും ഡിമാന്റുമുണ്ട്. പന്തയംവെച്ച് കോഴിപ്പോരു നടത്തി പണം സമ്പാദിക്കുന്ന ഏർപ്പാടും നിലവിലുണ്ട്. ■ *(തുടരും)*

ലേഖകൻ
തിരുവനന്തപുരം ആകാശവാണിയിൽ പ്രോഗ്രാം എക്സിക്യൂട്ടീവാണ്.

ഭാനുമതി മേനോൻ പള്ളിയാളി

ഗ്രാമമൊഴികൾ

വല്ലി

പണ്ട് കൂലിപ്പണി എടുക്കുന്നവർക്ക് നെല്ല് കൂലിയായി കൊടുത്തിരുന്നു. പണിക്കാർ മുറ്റത്തുവന്നു നിൽക്കുമ്പോൾ അവർക്കു മുൻപാകെ നെല്ല് അളന്നു കൊടുക്കുന്ന രീതിയെ വല്ലിയളക്കുക എന്നാണ് പറഞ്ഞു വന്നിരുന്നത്.

പടിക്കൽ

ജന്മികളുടെ വീട്ടിലേയ്ക്ക് പോവുന്നതിനെ പണിയാളുകൾ പറയുക പടിക്കലേയ്ക്ക് പോവുക എന്നാണ്. പടിക്കലെ തമ്പ്രാൻ-പടിക്കലെ തമ്പിറ്റി എന്ന വാക്കുകൾ അന്ന് ഉപയോഗിച്ചിരുന്നു.

തടുക്ക് നെല്ല്

ചിങ്ങം, കന്നി മാസങ്ങളിൽ നെല്ലിന്റെ തലഭാഗം മാത്രം കൊയ്തെടുക്കുന്ന രീതിയാണ് പണ്ടുണ്ടായിരുന്നത്. കയ്യിലൊതുങ്ങാതാവുമ്പോൾ അത് വെയ്ക്കുന്ന, മുള കീറി മെടഞ്ഞുണ്ടാക്കുന്ന, ട്രേയുടെ ആകൃതിയുള്ള പാത്രത്തിനാണ് തടുക്ക് എന്നു പറയുക. ഒരു ചുരുട്ടിനായാൽ അത് കെട്ടിയിടും. അങ്ങിനെ വരുമ്പോൾ മുറിഞ്ഞടരുന്ന നെൽമണികൾ കൂട്ടയിൽ സംഭരിക്കും. തടുക്കിലെ നെല്ലിന് തടുക്ക് നെല്ല് എന്നു പറയുന്നു.

ക്ടായ

മുള ഒരു പുട്ടുകുറ്റിയുടെ നീളത്തിൽ മുറിച്ച് അറ്റം ചെരിച്ചു ചെത്തി കുഴൽ രൂപത്തിലുണ്ടാക്കും. ഇതിൽ പച്ചിലച്ചാറുകളാക്കി കാളയ്ക്കും പശുവിനുമൊക്കെ വായ്ക്കുള്ളിലേയ്ക്ക് മരുന്ന് ഒഴിച്ചുകൊടുക്കും. ഈ പാത്രത്തിനു പറയുന്ന പേരാണ് ക്ടായ.

ആറ്റിൻ കടവായ്

നെൽക്കണ്ടത്തിൽ വെള്ളം നിറയുമ്പോൾ അടുത്ത കണ്ടത്തിലേയ്ക്ക് തുറന്നുവിടാൻ വരമ്പു കീറിയുണ്ടാക്കുന്ന ചാലിനാണ് ആറ്റിൻകടവായ് എന്നു പറയുന്നത്. കണ്ടത്തിൽനിന്ന് കണ്ടത്തിലേയ്ക്കൊഴുകി അവസാനം വെള്ളം ആറ്റിലെത്തും. അതിനാലാണ് ആറ്റിൻകടവായ് എന്ന പേരുവന്നത്.

പുഴുമിന്നൽ

നെല്ല് വളർന്നുവരുമ്പോൾ പുഴുക്കൾ നെല്ലിന്റെ ഓല തിന്നും. ഓലയുടെ അറ്റത്തുതന്നെ ചുരുണ്ടുറങ്ങുകയും ചെയ്യും. സൂര്യൻ ഉദിച്ച് മഞ്ഞടർന്നു കഴിഞ്ഞാൽ പുഴുക്കൾ പുറത്തിറങ്ങും. അതുകൊണ്ട് മഞ്ഞുരുകുന്നതിനു മുൻപ് കണ്ടത്തിലിറങ്ങി മുറം കൊണ്ട് വീശുമ്പോൾ ഓലത്തല മുറിഞ്ഞ് മുറത്തിൽ വീഴും. കുട്ടയിലാക്കിക്കൊണ്ടുവന്ന് മുറ്റത്തെ വെയിലിലിടും. പച്ചനിറത്തിലുള്ള ചെറു ട്യൂബിന്റെ കഷ്ണം ഇളകുന്നതുപോലെ പുഴുക്കൾ ഇളകും. വെയിൽ കൊണ്ട് അവ ചാകുകയും ചെയ്യും. മുറം വീശി പുഴുക്കളെ പിടിക്കുന്ന രീതിക്കാണ് പുഴുമിന്നൽ എന്നു പറയുന്നത്.

കുമ്പിരി തുള്ളൽ

ചെറു കന്നുകുട്ടികൾ തുള്ളിക്കളിച്ച് വാലുയർത്തി ഓടുന്നതിനെ പൈക്കുടി കുമ്പിരി തുള്ളുന്നുവെന്നു പറയും. ചില സ്ഥലങ്ങളിൽ ഇതിനെ കൂത്താടുക എന്നും പറയും.

പേറ്റുകഞ്ഞി

പശുക്കൾക്ക് ഗർഭകാലം ഏഴുമാസം കഴിഞ്ഞാൽ ആഴ്ചയിലൊരിക്കൽ ഉഴിഞ്ഞ ഇടിച്ചു പിഴിഞ്ഞ നീരിൽ ഉണക്കലരിക്കഞ്ഞി ഉണ്ടാക്കി കൊടുക്കും. പ്രസവിക്കുന്നതുവരെ ഇതു തുടരും. സുഖപ്രസവത്തിന് ഉത്തമ മരുന്നാണ് ഉഴിഞ്ഞക്കഞ്ഞി.

വെകിളി

നാൽക്കാലികൾ ഭ്രാന്തുപിടിച്ചപോലെ ചാടുകയും വട്ടംകറങ്ങി വാൽ പൊന്തിച്ച് എങ്ങോട്ടെന്നില്ലാതെ ഓടുകയും ചെയ്യുന്നതിനെ വെകിളിപിടിക്കുക എന്നുപറയുന്നു.

വെറളി

കൃഷിയിടങ്ങളിലും പുത്തൻ വീടുവെയ്ക്കുമ്പോഴുമെല്ലാം കണ്ണു പറ്റാതിരിക്കാൻ വൈക്കോൽകൊണ്ട് മനുഷ്യരൂപമുണ്ടാക്കി വേഷവിധാനം ചെയ്ത് കുത്തി നിറുത്തുന്നതിനെയാണ് വെറളി എന്നു പറയുന്നത്.

കട്ടമുട്ടി

പാടത്ത് വേനൽക്കാലത്തു പൂട്ടിയാൽ കട്ടകളായി അടർന്നു വരും. ആ കട്ടകളെ മുട്ടിയുടയ്ക്കാൻ മരക്കട്ടകളിൽ വടിപിടിപ്പിക്കും. വടിയിൽ പിടിച്ച് മുട്ടികൊണ്ട് കട്ട ഉടയ്ക്കുന്ന ഉപകരണമാണ് കട്ടമുട്ടി.

അമിക്കയർ

കാളകളെ ഉപയോഗിച്ച് നിലം ഉഴുമ്പോൾ നുകത്തിൽ രണ്ടറ്റവും രണ്ടുകോലുണ്ടാവും. ഈ കോലുകൾക്കുള്ളിൽ കാളയുടെ കഴുത്ത് വെയ്ക്കും. നുകവും കോലും ചേർത്ത് കാളയുടെ കഴുത്തിൽ കെട്ടുന്ന കയറിനെയാണ് അമിക്കയർ എന്നു പറയുന്നത്. ■

തൊഴിലുറപ്പ് പദ്ധതിയിലെ കേരള മാതൃകകൾ



വടക്കഞ്ചേരി
മുന്നൊരുക്ക പ്രവർത്തനങ്ങളിലെ അനുകരണീയ മാതൃക

അജിത് വെണ്ണിയൂർ

ഭാരതത്തിലെ ഗ്രാമീണ ജനങ്ങളിൽ ഭൂരിപക്ഷത്തെയും ഗ്രസിച്ചിരുന്ന ദാരിദ്ര്യം എന്ന നിസ്സഹായാവസ്ഥ നിർമാർജ്ജനം ചെയ്യുന്നതിനായി സ്വാതന്ത്ര്യ പ്രാപ്തിക്കുശേഷം സർക്കാർ രൂപം നൽകിയ അനേകം വികസന പദ്ധതികളിൽ എറെ വ്യത്യസ്തവും ശക്തവുമാണ് പുതിയ ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി. തൊഴിലെടുക്കാൻ തയ്യാറുള്ള ഏതൊരു പൗരന്റേയും അവകാശമായി തൊഴിൽ മാറുകയും ആവശ്യപ്പെടുമ്പോൾ ലഭിക്കും എന്നുറപ്പുള്ള അവസ്ഥയിലേയ്ക്ക് എത്തുകയും ചെയ്യുന്നു എന്നതാണ് അതിൽ മുഖ്യം. എന്നാൽ എത്രയൊക്കെ പ്രയോജനപ്രദമാണെങ്കിലും ഗുണഭോക്താക്കൾക്ക് പദ്ധതിയെപ്പറ്റി പൂർണമായ അറിവ് ലഭിക്കാത്ത കാലത്തോളം ഇത്തരം ഒരു പദ്ധതി ലക്ഷ്യം കൈവരിക്കില്ല. അതിനാൽ പദ്ധതി നടപ്പാക്കിത്തുടങ്ങും മുൻപു തന്നെ അതെക്കുറിച്ച് കൃത്യവും ശരിയുമായ അറിവ് ഗുണഭോക്താക്കൾക്കും ഓരോ തട്ടിലും പദ്ധതി നടപ്പാക്കുന്നവർക്കും വിവിധതലങ്ങളിലുള്ള പ്രാദേശിക സർക്കാരുകൾക്കും ലഭിക്കുന്നതരത്തിൽ പ്രചാരണവും ബോധവൽക്കരണവും പരിശീലന പ്രവർത്തനങ്ങളും നടത്തേണ്ടതുണ്ട്. ഇക്കാര്യത്തിൽ പാലക്കാട് ജില്ലയിലെ വടക്കഞ്ചേരി ഗ്രാമപഞ്ചായത്ത് നടത്തിയ മുന്നൊരുക്ക പ്രവർത്തനങ്ങൾ ശ്രദ്ധേയവും അനുകരണീയവുമാണ്.

തൊഴിൽ ചെയ്യാൻ സന്നദ്ധതയുള്ളവർക്കെല്ലാം 'ഉറപ്പുള്ള തൊഴിലും വേതനവും' നൽകാൻ പ്രതിബദ്ധമായ തൊഴിലുറപ്പുപദ്ധതിയുടെ വിജയം പ്രധാനമായും, അതിന്റെ സന്ദേശം എത്ര പേരിൽ എത്തിച്ചേർന്നു എന്നതിനെ ആശ്രയിച്ചിരിക്കുന്നു. സമാനമായ പല മുൻ പദ്ധതികളും ഫലവത്താകാത്തതിനുള്ള കാരണം അവയെക്കുറിച്ചുള്ള അറിവ് അവ ആസൂത്രണം ചെയ്യുന്നവരിലും നടപ്പാക്കുന്നവരിലും ഒതുങ്ങി നിന്നു എന്നതാണ്. ഈ പദ്ധതിക്കും ആ ഗതി വരാതിരിക്കാനുള്ള മുൻകരുതലായി വടക്കഞ്ചേരി ഗ്രാമ പഞ്ചായത്ത് നടത്തിയ പ്രചാരണ പ്രവർത്തനങ്ങൾ വർദ്ധിച്ച ജനപങ്കാളിത്തത്തിനും സുതാര്യമായ പദ്ധതി പ്രക്രിയയ്ക്കും വഴിയൊരുക്കി.

വടക്കഞ്ചേരി ഗ്രാമപഞ്ചായത്ത്

പാലക്കാട് ജില്ലയിൽ, തൃശ്ശൂർ പട്ടണത്തിനും പാലക്കാട് മുൻസിപ്പൽ പ്രദേശത്തിനും മദ്ധ്യേ ദേശീയപാതയുടെ ഇരുവശങ്ങളിലുമായി സ്ഥിതി ചെയ്യുന്ന പ്രദേശമാണ് വടക്കഞ്ചേരി ഗ്രാമപഞ്ചായത്ത്. പഞ്ചായത്ത് പ്രദേശത്തെ ഏതാണ്ട് രണ്ടായി പകുത്ത് മംഗലംപുഴ. നല്ലൊരു വ്യാപാരകേന്ദ്രമായി അതിവേഗത്തിൽ രൂപപ്പെട്ടുവരുന്ന പ്രദേശം.

വണ്ടാഴി, കിഴക്കഞ്ചേരി, കണ്ണമ്പ്ര തുടങ്ങിയ സമീപ ഗ്രാമപഞ്ചായത്തുകളിലെ മലയോരപ്രദേശങ്ങളിൽ നിന്നെത്തുന്ന കാർഷിക വിളകളുടെ ഏറ്റവുമടുത്ത കമ്പോളം കൂടിയാണ് വടക്കഞ്ചേരി. ഉൾപ്രദേശങ്ങൾ കാർഷിക പ്രധാനമാണ്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾ ജില്ലയിലെ ശരാശരിയിലും താഴെയാണ്. 2,370 കുടുംബങ്ങൾ. ആകെ കുടുംബങ്ങൾ 6,991. ജനസംഖ്യ: 33,878. വിസ്തീർണ്ണം: 37.88 ചതുരശ്ര കി.മീ. നിയോജക മണ്ഡലങ്ങൾ: 19.

ആസൂത്രണ പ്രക്രിയ

മുൻപ് നടപ്പാക്കിയ പദ്ധതികൾക്കുണ്ടായ ദുർഗതി ഗ്രാമീണ തൊഴിലുറപ്പു പദ്ധതിക്കുണ്ടാകരുത് എന്ന ഉറച്ച തീരുമാനത്തോടെയാണ് പദ്ധതിപ്രവർത്തനം ഗ്രാമപഞ്ചായത്തിൽ ആരംഭിച്ചത്. ഈ തീരുമാനം പ്രാവർത്തികമാക്കുന്നതിന് കൃത്യമായ ലക്ഷ്യങ്ങൾ, നയം, മുൻഗണനകൾ, തന്ത്രങ്ങൾ, നിർവഹണസമീപനം എന്നിവ നിശ്ചയിച്ചുകൊണ്ടുള്ള രീതി സമ്പ്രദായം ഭരണസമിതി സ്വീകരിച്ചു.

ലക്ഷ്യങ്ങൾ

- തൊഴിലെടുക്കാൻ സന്നദ്ധതയും ആരോഗ്യവുമുള്ള 18 വയസ്സ് പൂർത്തിയായ എല്ലാവർക്കും നിയമാനുസൃതം തൊഴിൽ ലഭിക്കാനുള്ള സാഹചര്യം ഉണ്ടാക്കുക.
- പദ്ധതി പ്രവർത്തനം എല്ലാ പ്രത്യേകതകളും പൂർണ്ണമായി ഉൾക്കൊണ്ടും തൊഴിലിനുള്ള അവകാശം അംഗീകരിച്ചു കൊണ്ടും നടപ്പാക്കുക.
- സ്ത്രീകൾ, പട്ടികവിഭാഗക്കാർ, മറ്റു ദുർബല വിഭാഗക്കാർ എന്നിവർക്ക് പൂർണ്ണ പരിരക്ഷ നൽകുക.
- സ്ഥായിയായ വികസനത്തിന് അനുയോജ്യമായ പദ്ധതികൾക്ക് രൂപം നൽകുക.

നയം, മുൻഗണനകൾ, തന്ത്രങ്ങൾ

- മണ്ണ് – ജല സംരക്ഷണ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം
- ജലസംരക്ഷണം, മഴവെള്ള സംഭരണം എന്നീ പ്രവർത്തനങ്ങൾക്ക് ഉയർന്ന മുൻഗണന
- തളരുന്ന കാർഷിക മേഖലയ്ക്ക് പരമാവധി സഹായം
- പദ്ധതി ആസൂത്രണം, നിർവഹണം, സോഷ്യൽ ഓഡിറ്റ് എന്നിവയിൽ പരമാവധി ജനപങ്കാളിത്തം
- തൊഴിൽ മേഖലകളിൽ വനിതകൾക്ക് മുൻഗണന
- ഗർഭിണികൾ, വൃദ്ധർ, വികലാംഗർ എന്നിവർക്ക് തൊഴിൽ പരിരക്ഷ
- എല്ലാ പ്രവർത്തനങ്ങളിലും സുതാര്യത, അഴിമതിരഹിത സമീപനം
- തൊഴിലാളികൾക്കാവശ്യമായ പരിശീലനം നൽകി കാർഷിക മേഖല ഉൾപ്പെടെ എല്ലാ ഗ്രാമീണ മേഖലകൾക്കും പ്രയോജനപ്രദമായ തൊഴിൽസേന രൂപപ്പെടുത്തൽ
- പ്രകൃതി സംരക്ഷണം, നശിപ്പിക്കപ്പെട്ട പ്രകൃതിയുടെ പുന:സ്ഥാപനം

നിർവ്വഹണ സമീപനം

- തൊഴിൽ ആവശ്യപ്പെടുന്ന എല്ലാവർക്കും വർഷത്തിൽ ഏതു സമയത്തും തൊഴിൽ നൽകാൻ കഴിയുന്ന വിധത്തിൽ ഏതുകാലാവസ്ഥയ്ക്കും അനുയോജ്യമായ ഒട്ടനവധി പദ്ധതികൾ രൂപപ്പെടുത്തി വയ്ക്കുക.
- ഗ്രാമസഭ നിർദ്ദേശിക്കുന്നതും അംഗീകരിക്കുന്നതുമായ പദ്ധതികൾ മാത്രം നടപ്പാക്കുക.
- ഭരണാനുമതിയും സാങ്കേതികാനുമതിയും അനായാസം ലഭ്യമാക്കുക.
- നിർവ്വഹണ ഘട്ടത്തിൽ സുതാര്യത ഉറപ്പു വരുത്താനായി വ്യാപകമായ പ്രചാരണം നൽകുക.
- പ്രവർത്തനങ്ങളുടെ മേൽനോട്ടചുമതല വഹിക്കുന്ന എ.ഡി.എസ്. വൊളന്റിയർമാർക്ക് കാര്യപ്രാപ്തി വർദ്ധനവിനുവേണ്ട പരിശീലനം നൽകുക.
- വൻകിട യന്ത്രങ്ങളുടെ ഉപയോഗവും കരാർപണികളും പൂർണ്ണമായി ഒഴിവാക്കുക.
- തൊഴിലാളികൾക്ക് കൃത്യ സമയത്ത് വേതനം നൽകുക.
- തൊഴിൽ സ്ഥലത്ത് പ്രത്യേക പരിരക്ഷകൾ ഉറപ്പാക്കുക.
- കൃത്യമായ ഇടവേളകളിൽ സോഷ്യൽ ഓഡിറ്റ് നടത്തി റിപ്പോർട്ട് ഗ്രാമസഭകളെ ബോധ്യപ്പെടുത്തുക.

പ്രവർത്തനങ്ങൾ

പദ്ധതിയുടെ പ്രത്യേകതകളെക്കുറിച്ച് ജനങ്ങൾക്ക് ശരിയായ ധാരണ നൽകുന്നതിനും തെറ്റിദ്ധാരണകൾ ഒഴിവാക്കുന്നതിനും ആവശ്യമായ പ്രവർത്തനങ്ങളാണ് ആദ്യഘട്ടത്തിൽ ആസൂത്രണം ചെയ്തത്. കായികാദ്ധ്വാനത്തിന് സന്നദ്ധരായ തൊഴിലാളികളെ ആകർഷിച്ച് രജിസ്റ്റർ ചെയ്യിപ്പിക്കുന്നതിനുള്ള വിപുലമായ പ്രചാരണ പ്രവർത്തനങ്ങളായിരുന്നു അതിൽ മുഖ്യം.

പഞ്ചായത്ത് അടിസ്ഥാനത്തിൽ കുടുംബശ്രീ പ്രവർത്തകരുടെ യോഗം വിളിച്ചു ചേർത്ത് ഇക്കാര്യം ചർച്ച ചെയ്തു. തുടർന്ന് വാർഡ് അടിസ്ഥാനത്തിൽ എ.ഡി.എസ്. യോഗവും കുടുംബശ്രീ യൂണിറ്റ്തലയോഗവും സംഘടിപ്പിച്ചു. വാർഡുതലത്തിലുള്ള എ.ഡി.എസ്. പ്രവർത്തക യോഗത്തിൽവെച്ച് വാർഡ് തലത്തിലുള്ള കുടുംബശ്രീ യൂണിറ്റുകളുടെ യോഗത്തിന് ചുമതല തീരുമാനിക്കുകയും ജനപ്രതിനിധികളുടെ സാന്നിദ്ധ്യം ഉറപ്പുവരുത്തുകയും ചെയ്തു.

സംഘാടക സമിതി

എല്ലാ വാർഡുകളിലും ജനപ്രതിനിധികളുടെ നേതൃത്വത്തിൽ സംഘാടകസമിതി രൂപീകരിച്ചു. സംഘാടക സമിതികളിലെ തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾക്ക് പഞ്ചായത്തു തലത്തിൽ പരിശീലനം നൽകി. പാടശേഖര സമിതി ഭാരവാഹികൾ, കർഷകർ, കർഷകതൊഴിലാളി സംഘടനാപ്രതിനിധികൾ, യുവജന സംഘടനകൾ, രാഷ്ട്രീയ പാർട്ടികൾ, സാംസ്കാരിക സംഘടനകൾ, എ.ഡി.എസ../സി.ഡി.എസ്. മെമ്പർമാർ, പി.ടി.എ. ഭാരവാഹികൾ എന്നിവരുടെ പ്രാതിനിധ്യം സംഘാടക സമിതികളിൽ ഉറപ്പാക്കി.

ഈ സംഘാടക സമിതിയുടെ സഹായത്തോടെ എല്ലാ കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്കും ബോധവൽകരണം നൽകുകയായിരുന്നു തുടർന്നുള്ള പ്രവർത്തനം. നോട്ടീസുകൾ, ബാനറുകൾ, വർണ്ണ പോസ്റ്ററുകൾ എന്നിവ പ്രചാരണ പ്രവർത്തനങ്ങൾക്ക് ഉപയോഗിച്ചു. ഗ്രാമ

സഭാ നോട്ടീസ് ബോർഡുകളിൽ പോസ്റ്ററുകൾ എഴുതി ഒട്ടിച്ചു. പ്രത്യേക ഗ്രാമസഭായോഗം വിളിച്ചു ചേർത്ത് തൊഴിലുറപ്പു പദ്ധതി വിശദീകരിച്ചു. തൊഴിലിനു വേണ്ടിയുള്ള വിവരങ്ങൾ പോസ്റ്ററുകൾ മുഖേന പ്രചരിപ്പിച്ചു.

രജിസ്ട്രേഷൻ നടപടിക്രമങ്ങൾ ബിറ്റ് നോട്ടീസ് മുഖേന എല്ലാ അയൽക്കൂട്ട കുടുംബങ്ങളിലും എത്തിച്ചു. അദ്ധ്യാപക-രക്ഷാകർതൃ സംഘടനകൾ മുഖേന വിദ്യാലയ അസംബ്ലികളിലും തൊഴിലുറപ്പു പദ്ധതികളെപ്പറ്റി പ്രസക്തമായ വിവരങ്ങൾ വിശദീകരിക്കുന്നതിന് അവസരമുണ്ടാക്കി.

രജിസ്ട്രേഷൻ

രജിസ്ട്രേഷൻ എപ്പോൾ വേണമെങ്കിലും നടത്താമെങ്കിലും ചുരുങ്ങിയ സമയത്തിനകത്ത് പരമാവധി തൊഴിലാളികളെ രജിസ്റ്റർ ചെയ്യിക്കുന്നതിന് ഇത്തരം പ്രചാരണ പ്രവർത്തനങ്ങൾ സഹായിച്ചു. ഗ്രാമ പ്രദേശങ്ങളിൽ നിന്നും ധാരാളം തൊഴിലാളികൾ രജിസ്ട്രേഷന് തയ്യാറായി. പ്രചാരണ സമയത്ത് തെറ്റായ പല ധാരണകളും കടന്നു കൂടുന്നതിന് ഇടവന്നിട്ടുണ്ടെങ്കിലും പിന്നീട് അവ തിരുത്താൻ കഴിഞ്ഞു.

സ്ത്രീ പുരുഷ വ്യത്യാസമില്ലാതെ തുല്യ വേതനം എന്ന വ്യവസ്ഥ സ്ത്രീ തൊഴിലാളികളിൽ കൂടുതൽ താല്പര്യമുളവാക്കി. എന്നാൽ പുരുഷ തൊഴിലാളികൾക്ക് നിലവിൽ കൂടുതൽ കൂലി ലഭിച്ചിരുന്നതിനാൽ പ്രതീക്ഷിച്ചത്ര പുരുഷൻമാർ രജിസ്ട്രേഷന് തയ്യാറായില്ല.

വാർഡുതലത്തിൽ രജിസ്ട്രേഷന് അപേക്ഷ സമർപ്പിച്ചിട്ടുള്ള തൊഴിലാളികളുടെ യോഗം വിളിച്ചുചേർത്ത് പരിശോധന നടത്തി. ഈ യോഗത്തിൽ വച്ച് തൊഴിലാളികൾക്ക് പദ്ധതിയിലുള്ള ആശങ്കകളും സംശയങ്ങളും ദൂരീകരിച്ചു. അതിനു ശേഷമാണ് തൊഴിൽ കാർഡ് തയ്യാറാക്കുന്ന പ്രവൃത്തി ആരംഭിച്ചത്.

തൊഴിൽ കാർഡ് വിതരണം

തൊഴിൽ കാർഡ് വിതരണത്തിന്റെ പാലക്കാട് ജില്ലാതല ഉദ്ഘാടനം വടക്കഞ്ചേരിയിൽ വൈദ്യുതി, പട്ടികജാതി-പട്ടികവർഗ്ഗ പിന്നാക്ക വിഭാഗ ക്ഷേമകാര്യ വകുപ്പു മന്ത്രി എ.കെ. ബാലൻ നിർവ്വഹിച്ചു. തുടർന്ന് വാർഡുതലത്തിൽ തൊഴിൽ കാർഡ് വിതരണം ചെയ്യുന്നതിന് പ്രത്യേക യോഗങ്ങൾ വിളിച്ചു ചേർത്തു. ഈ രണ്ടു യോഗങ്ങൾക്കും വേണ്ടിയുള്ള പ്രചരണത്തിന്റെ ഫലമായി, അവശേഷിച്ചിരുന്ന തത്പരരായ വ്യക്തികളും രജിസ്ട്രേഷനു വേണ്ടി സമീപിക്കുന്ന സ്ഥിതിയുണ്ടായി. അങ്ങനെ പദ്ധതി സംബന്ധിച്ച സംശയങ്ങൾ പരമാവധി കുറച്ചുകൊണ്ടുവരാനും രജിസ്റ്റർ ചെയ്തവർക്കെല്ലാം തൊഴിൽ കാർഡ് വിതരണം ചെയ്യാനും സാധിച്ചു.

പരിശീലനം, ഗ്രാമസഭ സംഘാടനം

ജനപ്രതിനിധികൾ, ഗ്രാമപഞ്ചായത്തു സെക്രട്ടറി, സാങ്കേതികവിഭാഗം ജീവനക്കാർ, കൃഷി ഭവൻ ഉദ്യോഗസ്ഥർ, വി.ഇ.ഒ.മാർ, കുടുംബശ്രീ സി.ഡി.എസ് ചെയർപേഴ്സൺ എന്നിവർക്കുള്ള വിപുലമായ പരിശീലനം ആയിരുന്നു അടുത്ത ഘട്ടം. തുടർന്ന് ഗ്രാമസഭാ സംഘാടന പ്രവർത്തനം. അതിനുവേണ്ടി വാർഡുതലത്തിൽ തിരഞ്ഞെടുക്കപ്പെട്ട ഫെസിലിറ്റേറ്റർമാരെ പരിശീലിപ്പിക്കുകയാണ് ആദ്യമായി ചെയ്തത്.

ഗ്രാമപഞ്ചായത്തിലേയും കൈമാറ്റം ചെയ്ത വകുപ്പുകളിലേയും ഉദ്യോഗസ്ഥർ, റിട്ടയർ ചെയ്ത സാങ്കേതിക വിദഗ്ദ്ധർ, ജനകീയാസൂത്രണത്തിലെ റിസോഴ്സ് പേഴ്സൺസ്, അദ്ധ്യാപകർ, സാക്ഷരതാ പ്രവർത്തകർ, പാടശേഖര സമിതി ഭാരവാഹികൾ, മറ്റു സന്നദ്ധ സംഘടനകൾ എന്നീ വിഭാഗങ്ങളിൽ നിന്നാണ് ഓരോ വാർഡുകളിലേക്കും ആവശ്യമായ ഫെസിലിറ്റേറ്റർമാരെ കണ്ടെത്തിയത്. ഗ്രാമസഭാ സംഘാടനത്തിൽ മുഖ്യ സഹായികളായി പ്രവർത്തിക്കുന്നതിന് പ്രാപ്തമാകും വിധം ഇവർക്ക് ഒരു മുഴുവൻ ദിവസ പരിശീലനം നൽകി. ഗ്രാമസഭാ സംഘാടനത്തിന് തൊട്ടു മുൻപ് സംഘാടക സമിതി അംഗങ്ങൾക്ക് ഫെസിലിറ്റേറ്റർമാരുടെ സഹായത്തോടെ പദ്ധതിയുടെ പുതിയ പ്രവർത്തന രീതികളെക്കുറിച്ച് ബോധവത്കരണം നടത്തി.

പ്രധാന പങ്കാളികൾ

തുടക്കം മുതൽ പ്രചാരണ പരിപാടികളിൽ മുഖ്യ പങ്കാളിത്തം വഹിച്ചത് കുടുംബശ്രീ അയൽക്കൂട്ടങ്ങളും നേതൃത്വം നൽകിയത് എ.ഡി.എസ്/സി.ഡി.എസ് അംഗങ്ങളുമാണ്. ശക്തമായ ഒരു പ്രവർത്തക ശൃംഖല ഉള്ളതിനാലും ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട ഏതാണ്ട് മുഴുവൻ കുടുംബങ്ങളും ഈ ശ്രേണിയിൽ ഉൾപ്പെട്ടതിനാലും വിവരങ്ങൾ അനായാസം മറ്റുള്ളവരിലേക്കെത്തിക്കാനായി. ഗുണഭോക്താക്കളിൽ ഏറിയ പങ്കും ഈ വിഭാഗത്തിൽ ഉൾപ്പെട്ടവരായത് അവരുടെ വർദ്ധിച്ച ഉത്സാഹത്തിനും പങ്കാളിത്തത്തിനും കാരണമായി.

അയൽക്കൂട്ടങ്ങൾക്ക് പുറത്തുള്ള മേഖലകളിൽ ബോധവൽക്കരണം നടത്തുന്നതിലും വിവരങ്ങൾ യഥാസമയം എത്തിക്കുന്നതിലും പ്രധാന പങ്ക് വഹിച്ചത് വാർഡ്തല സംഘാടക സമിതികളാണ്. അംഗൻവാടികളിലൂടെയും സാക്ഷരതാ കേന്ദ്രങ്ങളിലൂടെയും നടത്തിയ അറിയിപ്പുകളും നല്ല ഫലം ചെയ്തു.

ഗ്രാമസഭാസംഘാടനത്തിലും തുടർപ്രവർത്തനങ്ങളിലും മുഖ്യ പങ്ക് വഹിച്ചത് പരിശീലനം ലഭിച്ച ഫെസിലിറ്റേറ്റർമാരാണ്.

മാതൃകാ പ്രവർത്തനങ്ങൾ

തൊഴിലുറപ്പുപദ്ധതിയുടെ ആരംഭഘട്ടത്തിൽ പൈലറ്റ് വർക്കായി നടപ്പാക്കിയ പരുവാശ്ശേരി കനാൽ നവീകരണ പ്രവൃത്തി 50,000 രൂപയുടെ അടങ്കലോടെ തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരമാണ് തുടങ്ങിയത്. ഗ്രാമസഭയിൽ പ്രധാനമായി ഉയർന്നുവന്ന ആവശ്യങ്ങളിൽ ഒന്ന് ഈ കനാലിന്റെ നവീകരണ പ്രവൃത്തിയാണ്. ഇതിന്റെ വെളിച്ചത്തിൽ കനാൽ നവീകരണം നടത്തിയാൽ ലഭിക്കാവുന്ന ഗുണഫലം അനുഭവിക്കുന്ന കൃഷിക്കാരും പാടശേഖര പ്രതിനിധികൾ, കുടുംബശ്രീ എ.ഡി.എസ്., പാടശേഖരസമിതി, ഗ്രാമസഭാ ഫെസിലിറ്റേറ്റർമാരായി പ്രവർത്തിച്ചവർ, കൃഷി ഉദ്യോഗസ്ഥൻമാർ തുടങ്ങിയവരുമായി ചർച്ച നടത്തുകയുണ്ടായി. കൃഷിക്കാരുടെ മുഖ്യ ആവശ്യമായി ഉയർന്നുവന്ന ഈ പ്രവൃത്തി ആരംഭിക്കുന്നതിനു മുൻപ് എസ്റ്റിമേറ്റിന്റെ വിശദാംശങ്ങൾ രേഖപ്പെടുത്തിയ പരസ്യ ബോർഡ് പ്രവൃത്തി സ്ഥലത്ത് പ്രദർശിപ്പിച്ചു. തുടർന്ന്, രജിസ്റ്റർ ചെയ്ത തൊഴിലാളികളേയും എ.ഡി.എസ്. അംഗങ്ങളേയും വിളിച്ചു ചേർത്ത് ചെയ്യേണ്ട പ്രവൃത്തിയെക്കുറിച്ച് വിശദീകരിക്കുകയും ചർച്ച ചെയ്ത് സംശയങ്ങൾ ദൂരീകരിക്കുകയും ചെയ്തു. പ്രവൃത്തി ആരംഭിക്കുന്ന ദിവസം കൃഷിക്കാർ, കുടുംബശ്രീ പ്രവർത്തകർ, പ്രദേശവാസികൾ എന്നിവരെ പങ്കെടുപ്പിച്ച് ഉദ്ഘാടനചടങ്ങ് നടത്തുകയും പദ്ധതി വിശദീകരിക്കുകയും ചെയ്തു.

ഓരോരുത്തരും ചെയ്യേണ്ട ജോലിയെ സംബന്ധിച്ച് സാങ്കേതിക വിഭാഗം ജീവനക്കാർ തിട്ടപ്പെടുത്തിക്കൊടുത്തിരുന്നു. പാടശേഖര സമിതി പ്രവർത്തകരുടെ വിദഗ്ദ്ധോപദേശവും പങ്കാളിത്ത പ്രോത്സാഹനവും പ്രവൃത്തി കുറ്റമറ്റതാക്കുന്നതിന് സഹായിച്ചു. 15 വർഷമായി മതിയായ ജലസേചന സൗകര്യമില്ലാത്തതിനാൽ രണ്ടാം വിളകാര്യമായി നടത്താൻ കഴിയാത്ത 25 ഹെക്ടർ പാടം നെൽകൃഷിക്ക് ഉപയോഗപ്രദമായി എന്നത് കർഷകരിൽ ആഹ്ലാദം പകർന്നു. ■

(കില പഠനം ആസ്പദമാക്കി തയ്യാറാക്കിയത്)
ലേഖകൻ കേരള സംസ്ഥാന സുസ്ഥിര നഗരവികസന പദ്ധതിയുടെ ഐ.ഇ.സി. എക്സ്പർട്ടാണ്

ലേഖന പരമ്പര 20

തമിഴ്നാട്ടിലെ ഗ്രാമക്കാഴ്ചകൾ



റോയ് ചാക്കോ ഇളമണ്ണൂർ

തമിഴ്നാട്ടിൽ നിന്ന് മടക്കയാത്ര തുടങ്ങുന്നത് തെക്കൻമേഖലയിലെ പ്രസിദ്ധങ്ങളായ 2 ക്ഷേത്രങ്ങളെപ്പറ്റി പരാമർശിച്ചുകൊണ്ടാകാം. രാമേശ്വരം ഇന്ത്യയിലെ പ്രസിദ്ധമായ തീർത്ഥാടനകേന്ദ്രമാണ്. രാമനാഥപുരം ജില്ലയിലെ രാമേശ്വരത്ത് എത്താൻ 3 കിലോമീറ്ററോളം നീളമുള്ള പാമ്പൻ പാലത്തിലൂടെ സഞ്ചരിക്കണം. രാമേശ്വരം ദ്വീപിനെ വൻകരയോട് ബന്ധിപ്പിക്കുന്നത് ഈ പാലമാണ്. ശ്രീരാമന്റെ ചരിത്രവുമായി ബന്ധപ്പെട്ട് കിടക്കുന്ന രാമേശ്വരം തെക്കൻ കാശി എന്നറിയപ്പെടുന്നു. കാശിയാത്ര പൂർണമാവണമെങ്കിൽ രാമേശ്വരത്തു വന്ന് കർമ്മങ്ങൾ ചെയ്യണമെന്നാണ് വിശ്വാസം. രാമനാഥസ്വാമി ക്ഷേത്രത്തിൽ മൂന്നര മീറ്റർ ഉയരമുള്ള അലംകൃതമായ 1219 തൂണുകൾ ഉണ്ട്. രാമനാഥപുരത്തുനിന്നും 18 കിലോമീറ്റർ അകലെയാണ് ധനുഷ്കോടി. 1964ൽ ധനുഷ്കോടിയിൽ ആഞ്ഞടിച്ച കടൽകൊടുങ്കാറ്റ് (ഇപ്പോൾ നമുക്ക് തിനെ സുനാമി എന്ന് വിശേഷിപ്പിക്കാം) ആ പട്ടണത്തെ തകർത്ത് തരിപ്പണമാക്കി. 40 കി.മീറ്റർ സമീപത്താണ് ശ്രീലങ്ക. അന്ന് ശ്രീലങ്കയിലേയ്ക്ക് ധനുഷ്കോടിയിൽ നിന്ന് കപ്പലുണ്ടായിരുന്നു.

1964 ഡിസംബർ 24 ന് ആഞ്ഞടിച്ച കൊടുങ്കാറ്റിലും പേമാരിയിലും പാമ്പൻ പാലം തകർന്നുവീണു. പാമ്പനിൽ നിന്ന് ധനുഷ്കോടിയിലേയ്ക്ക് വരികയായിരുന്ന പാസഞ്ചർ ട്രയിൻ കടലിൽ വീണു. സ്ക്കൂൾ കുട്ടികൾ ഉൾപ്പെടെ ഇരുന്നൂറോളം പേർ ആ ട്രയിൻ ദുരന്തത്തിൽ മരിച്ചു. ധനുഷ്കോടിയിൽ മരിച്ചവരുടെ എണ്ണം രണ്ടായിരത്തോളം വരുമെന്നും പറയുന്നു. തമിഴ്നാട്ടിലെ ഏറ്റവും ദുരിതപൂർണ്ണമായ റോഡിലൂടെ യാത്രചെയ്യണമെങ്കിൽ തൂത്തുക്കുടി-രാമനാഥപുരം റോഡ് തെരഞ്ഞെടുക്കുക. തരിശ്ഭൂമിയിലൂടെ, പൊടിക്കാറ്റിനിടയിലൂടെ നല്ല ചൂടേറ്റ് വലിയ ഗട്ടറുകളുള്ള ഭൂരിഭാഗവും തകർന്നുകിടക്കുന്ന റോഡിലൂടെ ആടിയുലഞ്ഞ് പതുക്കെ യാത്രചെയ്യാം. പരമാവധി 20 കിലോമീറ്റർ വേഗതയിലായിരിക്കും ചിലയിടങ്ങളിൽ. മുൻപ് ഇവിടെ റോഡ് ഉണ്ടായിരുന്നോ എന്ന് തോന്നിപ്പോകും. സമനിരപ്പ് ഭൂമി ആയതിനാൽ വളരെ മോശമായ ഇടങ്ങളിൽ റോഡ് വിട്ട് തോന്നുന്ന വഴിയേ ഡ്രൈവർ വണ്ടി ഓടിച്ചുകൊള്ളും. വെള്ളത്തിന് വളരെയേറെ ദൗർലഭ്യമുള്ള വരണ്ട ജില്ലയാണ് രാമനാഥപുരം. ബസ്സിൽ യാത്രചെയ്യുമ്പോൾ മുള്ള് ചെടികളും പനകളും മാത്രം പച്ചനൽകുന്ന കാഴ്ചകൾ. ഒരു പക്ഷിയെപോലും കാണാൻ സാധിക്കാത്ത പ്രദേശങ്ങളിലൂടെ യാത്ര ചെയ്ത് ബസ് രാമനാഥപുരത്ത് എത്തുമ്പോൾ ബസിന്റെ എല്ലാ നട്ടും ബോൾട്ടും നഷ്ടപ്പെട്ടിട്ടുണ്ടായിരിക്കാം എന്ന് തോന്നിപ്പോകും എന്നാൽ മധുരയിൽ നിന്ന് രാമനാഥപു

മധുര മീനാക്ഷി ക്ഷേത്രം

തോവാളയിലെ പൂചന്ത

രത്തേയ്ക്കുള്ള റോഡ് സാധാരണ തമിഴ്നാട് റോഡ്പോലെ അതീവസുന്ദരം തന്നെ. രാമനാഥപുരം ജില്ലയിലേയ്ക്ക് സ്ഥലമാറ്റം ലഭിക്കുന്നത് ഒരു ശിക്ഷയായി ഉദ്യോഗസ്ഥർ കാണുന്നതിന് പ്രധാനകാരണം കഠിനമായ ചൂടും ജലദൗർലഭ്യവും തന്നെ.

തെക്കൻ തമിഴ്നാട്ടിൽ പ്രസിദ്ധമായ മറ്റൊരു ക്ഷേത്രമാണ് മധുര മീനാക്ഷി ക്ഷേത്രം. വൈഗനദിയുടെ തീരത്തുള്ള മധുര നഗരം തമിഴ്നാട്ടിലെ വലിയൊരു വാണിജ്യകേന്ദ്രം കൂടിയാണ്. ക്ഷേത്രത്തിന് ചുറ്റുമുള്ള ഗോപുരങ്ങളിലെ ചിത്രപ്പണികൾ പൗരാണിക ക്ഷേത്രകലയ്ക്ക് ഉത്തമനിദാനമാണ്. 16-ാം നൂറ്റാണ്ടിൽ നിർമ്മിക്കപ്പെട്ട ഒരു ഗോപുരത്തിന് 160 അടി ഉയരമുണ്ട്. തമിഴ്നാട്ടിലെ എല്ലാ പ്രധാന ക്ഷേത്രങ്ങൾക്കും വലിയ ഗോപുരങ്ങളുണ്ട് എന്നത് ഒരു പ്രത്യേകതയാണ്.

നിരവധി കാര്യങ്ങളിൽ കേരളവും തമിഴ്നാടും വ്യത്യസ്തത പുലർത്തുന്നുണ്ടെങ്കിലും ചില പ്രധാന കാര്യങ്ങളിൽ സമാനതകളും നിലനിർത്തുന്നു. കേരളത്തിലെ പ്രധാന ഉത്സവമായ ശബരിമല മകരവിളക്ക് നാളിലാണ് തമിഴ്നാട്ടിലെ സംസ്ഥാന ഉത്സവമായ പൊങ്കൽ. കേരളത്തിൽ കർക്കിടമാസത്തെ പഞ്ഞമാസമായിട്ടാണല്ലോ അറിയപ്പെടുന്നത്. പഴയകാലത്ത് കർക്കിടകത്തിൽ തോരാത്ത മഴ. തൊഴിലാളികൾക്ക് പണിയില്ല. നിർമ്മാണ പ്രവർത്തനങ്ങളില്ല. തണുപ്പും കാറ്റും മഴയും വെള്ളപ്പൊക്കവും അസുഖങ്ങളും സാമ്പത്തികബുദ്ധിമുട്ടും പട്ടിണിയും എല്ലാം കൂടി കർക്കിടകത്തെ പഞ്ഞമാസമാക്കുന്നു. ഈ സമയത്താണ് തമിഴ്നാട്ടിൽ ആടിമാസം. ശുഭകാര്യങ്ങൾ ആടിമാസത്തിൽ അവിടെ നടക്കാറില്ല. കച്ചവടം മോശമാകുന്ന ഈ സീസണിൽ ആടിമാസക്കിഴിവ് പ്രഖ്യാപിച്ച് കച്ചവടം ഒരുമാതിരി നിലനിർത്തുവാൻ കടയുടമസ്ഥർ ശ്രമിക്കുന്നു.

മിക്കവാറും എല്ലാസ്ഥലങ്ങളിലും തമിഴ്നാട്ടിൽ അമ്പലങ്ങളുണ്ട്. ഓരോ റെസിഡൻഷ്യൽ കോളനികളിലും കൊച്ചുകൊച്ച് അമ്പലങ്ങൾ കാണാം. പളനി, മധുര, തിരുച്ചെന്തൂർ, തിരുനെൽവേലി, തെങ്കാശി, ശങ്കരൻ കോവിൽ എന്നിവിടങ്ങളിലെ വലിയ അമ്പലങ്ങൾ പോലെയുള്ള വയല്ല ഗ്രാമങ്ങളിൽ. ഒരല്പം സ്ഥലത്ത് തീരെ ചെറിയ ക്ഷേത്രങ്ങൾ കാണാം. എന്നാൽ ഇവിടങ്ങളിലെല്ലാം വർഷത്തിലൊരിക്കൽ, അവിടത്തുകാരെല്ലാം ചേർന്ന് ഉത്സവങ്ങൾ നടത്താറുണ്ട്. തമിഴ്നാടിന്റെ സാമൂഹ്യജീവിതത്തിന് അമ്പലങ്ങളുമായി വളരെ അടുപ്പമുള്ളതുകൊണ്ടാകാം തമിഴ്നാട് ഗവൺമെന്റിന്റെ ഔദ്യോഗിക മുദ്ര അമ്പലത്തിന്റെ ഗോപുരമാണ്.

തെക്കൻ തമിഴ്നാട്ടിൽനിന്നും കേരളത്തിലേയ്ക്ക് 2 റൂട്ടിലൂടെ ട്രയിൻ മാർഗ്ഗവും ബസ്സിലും എത്താം. തെങ്കാശി, ചെങ്കോട്ട, ആര്യങ്കാവ്, തെന്മല വഴി കൊല്ലം ജില്ലയിലെ പുനലൂർ പട്ടണത്തിൽ എത്താം. മീറ്റർഗേജ് ട്രയിൻ സർവ്വീസുമുണ്ട്. തിരുനെൽവേലി - നാഗർകോവിൽ, മാർത്താണ്ടം, പാറശ്ശാല വഴി തിരുവനന്തപുരത്ത് എത്താവുന്നത് മറ്റൊരു മാർഗ്ഗം. ഈ റൂട്ടിൽ ട്രയിൻ സർവ്വീസുണ്ട്.

തിരുനെൽവേലിയിൽനിന്ന് കന്യാകുമാരി ജില്ല വഴി (നാഗർകോവിൽ വഴി) കേരളത്തിലേയ്ക്ക് യാത്ര ചെയ്യുമ്പോൾ നമ്മൾ കണ്ടുമുട്ടുന്ന 'തോവാള' എന്ന ഗ്രാമത്തെ മലയാളികൾക്ക് എങ്ങനെ മറക്കാനാകും? തമിഴ്നാട്ടിലെ ഒരു പൂകൃഷിമേഖലയാണ് തോവാള. പൂക്കൾ വിറ്റഴിക്കുന്നത് കേരളത്തിലും. 260 ഹെക്ടറോളം സ്ഥലത്താണ് തോവാളയിൽ പൂകൃഷി നടക്കുന്നത്. ചിങ്ങമാസമാണ് തോവാളയുടെ പൂക്കാലം. കർക്കിടകത്തിൽ ധാരാളം പൂക്കൾ ഉണ്ടാകുമെങ്കിലും വിലകുറയുക പതിവാണ്. ഈ ഗ്രാമത്തിൽ ഒരു ദിവസം ശരാശരി 5 ലക്ഷം രൂപയ്ക്ക് വരെ പൂവില്പന നടക്കുന്നുണ്ട്. അതിന്റെ നാലും അഞ്ചും ഇരട്ടിവിലയാണ് ആ പൂക്കൾ കേരളത്തിൽ എത്തുമ്പോൾ. എന്നും രാവിലെ ആരംഭിക്കുന്ന തോവാളച്ചന്തയിൽ വിവിധയിനം പൂക്കൾ കൊട്ടക്കണക്കിന് വില്പനയ്ക്ക് എത്തും. പൂ കൃഷിക്കാർ നേരിട്ട് വില്പന നടത്തുന്നതുകൊണ്ടാണ് ഇവരിൽനിന്ന് വളരെ വിലക്കുറവിൽ പൂക്കൾ വാങ്ങാൻ കിട്ടുന്നത്.

തോവാള എന്ന ഗ്രാമം അടുത്തുവരികയാണെന്ന് യാത്രക്കാർക്ക് എളുപ്പം മനസ്സിലാക്കാം. റോഡിന്റെ സൈഡിൽ പൂക്കൾ പ്രദർശിപ്പിച്ചുകൊണ്ട് കച്ചവടക്കാർ നിൽക്കും. വണ്ടിക്ക് കൈകാണിക്കുന്നതുപോലെ കൈയിൽ പൂവ് പ്രദർശിപ്പിച്ച് കുട്ടികളെയും കാണാം. കർഷകർ നേരിട്ട് പൂവ് ചില്ലറ വില്പന നടത്തുകയാണ്. 8 മുഴം മല്ലികപ്പൂവിന് ഞാൻ വില ചോദിച്ചു. പയ്യൻ ആദ്യം 12 രൂപ പറഞ്ഞു. പിന്നെ 5 രൂപയ്ക്ക് തരാൻ തയ്യാറായി. ഇത്രയും പൂവിന് തൊട്ടടുത്ത നാഗർകോവിലിൽ പോലും (6 വർഷം മുമ്പ്) 15 രൂപ വില ഉണ്ടായിരുന്നു. തമിഴ്നാട്ടിലെ പെൺകുട്ടികളും യുവതികളും മാത്രമല്ല വൃദ്ധകളും തലയിൽ പൂചൂടുക പതിവായതിനാൽ ചില്ലറ വില്പന തമിഴ്നാട്ടിലും യഥേഷ്ടം നടക്കുന്നു. തലമുടി പിന്നിയിട്ട് പൂചൂടുക എന്നത് പുറത്തുപോകുന്ന സ്ത്രീകളുടെ മാത്രമല്ല വീട്ടിനുള്ളിൽ കഴിയുന്നവരുടേയും ജീവിതരീതിയുടെ ഭാഗമാണ്. അവിടുത്തെ സ്ത്രീകളും പെൺകുട്ടികളും തലമുടി അഴിച്ചിട്ട് നടക്കുന്നവരല്ല. വളരെ ഒതുക്കത്തോടെ തലമുടി പിന്നി പൂചൂടി നടക്കുന്നതിൽ അവർ താല്പര്യം കാണിക്കുന്നു. ബസിലായാലും സിനിമാതീയേറ്ററിലായാലും തെരുവിലായാലും തന്മൂലം മുല്ലപ്പൂവിന്റെയും പിച്ചിപ്പൂവിന്റെയും മണമുണ്ടാകും. അത് തമിഴ്നാടിന്റെ മണമാണ്. തമിഴ്നാട്ടിലെ എല്ലാ നഗരങ്ങളിലും നല്ല പൂചന്തകളുണ്ട്. തിരുനെൽവേലി നഗരത്തിലെ പൂ ചന്തയിൽ ഇരുപതോളം പൂകടകളുണ്ട്. ഇവിടെ അർദ്ധരാത്രിവരെ കച്ചവടമുണ്ടാകും. തമിഴ്നാട്ടിൽ മൃതശരീരത്തിൽ പൂമാലകൊണ്ടു വയ്ക്കുക പതിവാണ്. കേരളത്തിൽ റീത്ത്, ബൊക്കെ വയ്ക്കുന്നതുപോലെ. നാലടി ഉയരവും നല്ല വണ്ണവും നിറയെ പൂക്കളുമുണ്ടായിരുന്ന ഒരു വലിയ മാലയ്ക്ക് അന്ന് 50 രൂപയായിരുന്നു വില. അന്നതിന് കേരളത്തിൽ 300 രൂപയിൽ കൂടുതലായിരുന്നു വില.

കേരളത്തിന് ഓണം പോലെയാണ് തമിഴ്നാടിന് പൊങ്കൽ. പൊങ്കൽ ഉത്സവത്തോടനുബന്ധിച്ച് തമിഴ്നാട്ടിൽ ഒരാഴ്ച വിദ്യാഭ്യാസ സ്ഥാപനങ്ങളും 4 നാൾ ഗവൺമെന്റ് സ്ഥാപനങ്ങളും അടഞ്ഞ് കിടക്കും. പൊങ്കൽ കാർഷിക ഉത്സവമാണ്. പൊങ്കലിന് കരിമ്പ് വില്പനയ്ക്ക് എത്തും. കേരളത്തിൽ ഓണത്തിന് ഏത്തക്കുല എത്തുന്നതുപോലെ. കൂടുതൽ തുണിക്കച്ചവടം നടക്കുന്നത് പൊങ്കലിനല്ല. അത് ദീപാവലിക്കാണ്.

തമിഴന് വരിക്കച്ചക്ക വലിയ ഇഷ്ടമാണ്. ഒരു ചുളയ്ക്ക് ഒരു രൂപയാണ വിടെ വില. കേരളത്തിൽ പത്തോ പതിനഞ്ചോ രൂപ വിലയുള്ള ഒരു ചക്കയ്ക്ക് തമിഴ്നാട്ടിലെ നഗരങ്ങളിൽ 100 രൂപ വരെ വിലയുണ്ട്. പുനലൂർ കഴിഞ്ഞുള്ള ഇടമൺ റയിൽവേ സ്റ്റേഷനിൽ കേരളത്തിലെ മറ്റൊരു സ്റ്റേഷനിലും കാണാൻ പറ്റാത്ത ഒരു കാഴ്ച കാണാം. തമിഴ്നാട്ടിലേയ്ക്കുള്ള ട്രെയിൻ ഇവിടെ എത്തുമ്പോൾ വരിക്കച്ചക്ക വില്പന പൊടിപൊടിക്കും. ക്രോസിങ്ങിനായി ട്രെയിൻ 20 മിനിട്ട് നേരം ഇവിടെ നിർത്തിയിടുക പതിവാണ്. തമിഴർ നാല്പതും അൻപതും രൂപയ്ക്ക് വരിക്കച്ചക്ക വീട്ടിലേയ്ക്ക് വാങ്ങിച്ചുകൊണ്ടുപോകുക പതിവാണ്. പഴുത്തചക്ക ചെറിയ തുണ്ടുകളാക്കിയുള്ള വില്പനയും പൊടിപൊടിക്കും. 3 രൂപ നിരക്കിൽ നൽകുന്ന ഒരു തുണ്ടിൽ 10 ചുള കണ്ടേയ്ക്കാം. 'പിലാപ്പഴം' എന്ന് വിളിക്കുന്ന വരിക്കച്ചക്കപ്പഴം തമിഴന് ജീവനാണ് എന്നാണ് പറച്ചിൽ. എന്നാൽ കൂഴച്ചക്കയ്ക്ക് ഒരു ഡിമാന്റുമില്ലതാനും. കേരളീയർ തമിഴർക്ക് 'പിലാപ്പഴം' മാത്രം സംഭാവന ചെയ്യുന്നു. എന്നാൽ തമിഴർ കേരളീയർക്ക് അരി, പച്ചക്കറികൾ, പഴങ്ങൾ, പൂക്കൾ, പാൽ, മുട്ട, മീൻ, മാട്ടിറച്ചി, കോഴിയിറച്ചി എന്നിവയെല്ലാം നൽകുന്നു. തീപ്പെട്ടി മുതൽ സിമന്റ് വരെ കേരളത്തിലെത്തുന്നത് തമിഴ്നാട്ടിൽ നിന്നാണ്. തമിഴ്നാട്ടിൽനിന്ന് ഒരാഴ്ച ചരക്കുലോറികൾ കേരളത്തിലെത്തിയില്ലെങ്കിൽ കേരളം പട്ടിണിയിലായതുതന്നെ. കേരളത്തിന്റെ കുത്തകയായിരുന്ന തെങ്ങിന്റെ കൃഷി തമിഴ്നാട്ടിൽ വ്യാപിച്ചുവരുന്നു. കുറഞ്ഞ വർഷങ്ങൾക്കുള്ളിൽ തന്നെ നാളികേരത്തിനായി കേരളീയൻ തമിഴ്നാട്ടിൽ നിന്നും ലോഡ് വരുന്നതുകാത്ത് മാർക്കറ്റുകളിൽ നിൽക്കും. ഇപ്പോൾ പച്ചക്കറി ലോഡുകളുമായി ലോറികൾ വരുന്നതുകാത്തു നില്ക്കുന്നതുപോലെ. തമിഴ്നാടിനെ കേരളത്തിന്റെ 'അന്നദാതാവ്' എന്ന് ആത്മാർത്ഥതയോടെ തന്നെ വിശേഷിപ്പിക്കാം. ആവശ്യത്തിന് ജലം ലഭിക്കുകയാണെങ്കിൽ കാർഷികമേഖലയിൽ തമിഴ്നാട് ദക്ഷിണ ഇന്ത്യയുടെ 'കുട്ടനാട്' ആകും. ഇന്ത്യയുടെ പഞ്ചാബ് ആകും.

ധനുഷ്കോടി

ജൂണിൽ കേരളത്തിൽ മഴക്കാലമാണല്ലോ. എന്നാൽ തമിഴ്നാട്ടിൽ ഈ സമയം കടുത്ത വേനലാണ്. ആര്യങ്കാവ്, കുളത്തൂപ്പുഴ, നെടുമങ്ങാട് ഭാഗങ്ങളിൽ നല്ല മഴ ലഭിക്കുമ്പോൾ അത് ആര്യങ്കാവിനു സമീപമുള്ള കുറ്റാലത്തെ പ്രസിദ്ധമായ വെള്ളച്ചാട്ടത്തിന് സഹായകമാകുന്നു. വനത്തിലൂടെ ഒഴുകിയെത്തുന്ന വെള്ളമായതിനാൽ കുറ്റാലത്തെ വെള്ളത്തിന് ഔഷധഗുണമുണ്ടെന്ന് കരുതുന്നു. ജൂണിൽ 'കുറ്റാലം ടൂറിസ്റ്റ് സീസൺ' ആരംഭിക്കുമ്പോൾ തമിഴ്നാടിന്റെ പല ഭാഗങ്ങളിൽ നിന്നും എന്നും നൂറുകണക്കിന് വാഹനങ്ങളിൽ ജനങ്ങൾ, കുറ്റാലത്തെ തണുപ്പും കുളിയും ഒക്കെ ആസ്വദിക്കാനായി എത്തും. അങ്ങനെ കുറ്റാലത്തിനും സമീപസ്ഥലങ്ങളായ ചെങ്കോട്ടയ്ക്കും തെങ്കാശിക്കുമെല്ലാം കുറ്റാലം സീസണിൽ ഉത്സവഛായ ലഭിക്കുന്നു. തമിഴ്നാട്ടിന്റെ പ്രസിദ്ധമായ ഒരു ടൂറിസ്റ്റ് കേന്ദ്രമാണ് കുറ്റാലം.

തുടക്കത്തിലേയ്ക്ക് തിരിച്ചുപോകാം. 2007 ഡിസംബറിൽ ഈ പരമ്പരയുടെ ആദ്യലക്കത്തിന്റെ ആദ്യഭാഗത്ത് എഴുതിയതുപോലെ നമ്മുടെ അയൽക്കാരിയാണ് തമിഴ്നാട് എങ്കിലും ജീവിത രീതിയിലും, ആചാരത്തിലും, പ്രകൃതി കാഴ്ചകളിൽ പോലും വളരെയേറെ വ്യത്യസ്തത പുലർത്തുന്നു ഇരു സംസ്ഥാനങ്ങളും. ചരിത്രം പരിശോധിച്ചാൽ തമിഴ്നാടുമായി കേരളത്തിന് വളരെയടുത്ത ബന്ധമുണ്ട്. നമ്മുടെ മാതൃഭാഷയുടെ മാതാവ് തമിഴാണ് എന്ന കാര്യം മാറക്കരുത്. ■

അവസാനിച്ചു.

(ലേഖകൻ തമിഴ്നാട്ടിൽ ഫീൽഡ് പബ്ലിസിറ്റി ആഫീസറായിരുന്നു. ഇപ്പോൾ തിരുവനന്തപുരം ആകാശവാണിയിൽ ന്യൂസ് എഡിറ്ററാണ്. മൊബൈൽ: 9446529577)

വാർത്തകളും വിശേഷങ്ങളും

തദ്ദേശ സ്ഥാപനങ്ങൾ ആരോഗ്യവകുപ്പ് ജീവനക്കാരെ പൊതുജനാരോഗ്യ പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കണം.

തദ്ദേശ സ്ഥാപനങ്ങൾക്ക് വിട്ടുകൊടുത്ത ആരോഗ്യവകുപ്പ് ജീവനക്കാരെ രോഗ പ്രതിരോധ-നിയന്ത്രണ പ്രവർത്തനങ്ങൾക്ക് തന്നെ വിനിയോഗിക്കണമെന്ന് നിർദ്ദേശിച്ച് ചീഫ് സെക്രട്ടറി സർക്കുലർ പുറപ്പെടുവിച്ചു. പൊതുജനാരോഗ്യ പ്രവർത്തനങ്ങൾക്ക് വിഘാതമാവും വിധം മറ്റ് പ്രവർത്തനങ്ങൾക്ക് വേണ്ടി നിയോഗിക്കരുതെന്നും സർക്കുലറിൽ വ്യക്തമാക്കി. കാലവർഷം ശക്തിപ്പെട്ടതിനെത്തുടർന്ന് ചില ജില്ലകളിൽ ഡെങ്കിപ്പനി, ചിക്കുൻഗുനിയ തുടങ്ങിയ രോഗങ്ങൾ പടരുന്നുണ്ട്. ഇത് തടയുവാൻ ആരോഗ്യ വകുപ്പും തദ്ദേശഭരണ സ്ഥാപനങ്ങളും ജില്ലാ ഭരണകൂടവും സാധ്യമായ എല്ലാ പ്രവർത്തനങ്ങളും നടത്തണമെന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് വിട്ടുകൊടുത്ത ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, ഹെൽത്ത് ഇൻസ്പെക്ടർ, ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ്, പബ്ലിക് ഹെൽത്ത് നഴ്സ് (ലേഡി ഹെൽത്ത് ഇൻസ്പെക്ടർ) തുടങ്ങിയ ആരോഗ്യവകുപ്പ് ജീവനക്കാർക്ക് രോഗ പ്രതിരോധ പ്രവർത്തനങ്ങളിൽ നിർണ്ണായക പങ്ക് വഹിക്കുവാനുണ്ട്. ഈ സാഹചര്യത്തിലാണ് സർക്കുലർ പുറപ്പെടുവിച്ചത്.

ഇ.എം.എസ്. സമ്പൂർണ്ണ ഭവന പദ്ധതി – ധനസഹായ തുക വർദ്ധിപ്പിച്ചു

ഇ.എം.എസ് സമ്പൂർണ്ണ ഭവന പദ്ധതിയിൽ അനുവദിക്കുന്ന ധനസഹായത്തിന്റെ നിരക്കുകൾ വർദ്ധിപ്പിച്ചു. പുതുക്കിയ നിരക്കുകൾക്ക് 2009 ഏപ്രിൽ ഒന്ന് മുതൽ പ്രാബല്യമുണ്ടായിരിക്കും. ആ തീയതി മുതൽ കരാറിൽ ഏർപ്പെട്ട ഗുണഭോക്താക്കൾക്ക് പുതുക്കിയ നിരക്കിൽ ധനസഹായം അനുവദിക്കാം. ഇതനുസരിച്ച് ഭവനനിർമ്മാണത്തിന് നിരക്ക് ഇപ്രകാരമാണ്. പൊതുവിഭാഗം – 75,000 രൂപ, പട്ടികജാതി – 1,00,000 രൂപ, പട്ടികവർഗ്ഗം – 1,25,000 രൂപ, ശാരീരിക – മാനസിക വെല്ലുവിളികൾ നേരിടുന്നവർ അംഗങ്ങളായുള്ള പൊതുവിഭാഗം കുടുംബം – 1,00,000 രൂപ, ആശ്രയ കുടുംബം – 1,25,000 രൂപ. എം.എൻ.ലക്ഷം വീട് പുനർ നിർമ്മാണ പദ്ധതി, ഇന്ദിരാ ഭവന പരിപാടി (ഐ.എ.വൈ) എന്നിവ ഉൾപ്പെടെ തദ്ദേശ ഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്ന എല്ലാ ഭവന പരിപാടികൾക്കും വർദ്ധിപ്പിച്ച നിരക്കുകൾ ബാധകമാണ്. സംസ്ഥാന/കേന്ദ്ര വിഹിതത്തിന് ഉപരിയായി നൽകേണ്ട തുക (അധിക വിഹിതം) തദ്ദേശഭരണ സ്ഥാപനങ്ങൾ വഹിക്കണം. ഐ.എ.വൈ പദ്ധതിയുടെ അധികവിഹിതം ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ 25:50:25 എന്ന അനുപാതത്തിൽ വകയിരുത്തണം. നഗരപ്രദേശങ്ങളിൽ നടപ്പാക്കുന്ന (ഐ.എച്ച്.എസ്.ഡി.പി.), (ബി.എസ്.യു.പി) എന്നിവയ്ക്ക് ആ പരിപാടികൾക്ക് നിശ്ചയിച്ചിട്ടുള്ള യൂണിറ്റ് കോസ്റ്റ് ബാധകമായിരിക്കും. ഭവനനിർമ്മാണത്തിനായി ഗുണഭോക്താവ് ഭൂമി നേരിട്ട് കണ്ടെത്തി വിലയ്ക്ക് വാങ്ങിയാൽ അനുവദിക്കാവുന്ന ധനസഹായത്തിന്റെ വർദ്ധിപ്പിച്ച നിരക്കുകൾ ഇനിപ്പറയുന്നു. പട്ടികജാതിക്കാർ, പട്ടികവർഗ്ഗക്കാർ, ആശ്രയ കുടുംബങ്ങൾ, റെയിൽവേ, റോഡ് പുറമ്പോക്കുകളിൽ താമസിക്കുന്നവർ മുതലായവർക്ക് ഗ്രാമപഞ്ചായത്ത് – 75,000 രൂപ, മുനിസിപ്പാലിറ്റി – 90,000 രൂപ, കോർപ്പറേഷൻ – 1,00,000 രൂപ ക്രമത്തിലും മറ്റുള്ളവർക്ക് ഗ്രാമപഞ്ചായത്ത് – 37,500 രൂപ, മുനിസിപ്പാലിറ്റി – 45,000 രൂപ, കോർപ്പറേഷൻ – 50,000 രൂപ ക്രമത്തിലുമാണ്. തുക ഭൂമി വിൽക്കുന്ന ആളിന്റെ പേരിൽ ഡിമാന്റ് ഡ്രാഫ്റ്റായി നൽകണം. വാങ്ങുന്ന ഭൂമിയുടെ വിസ്തൃതി ഗ്രാമപഞ്ചായത്ത് പ്രദേശത്ത് കുറഞ്ഞത് മൂന്ന് സെന്റും നഗരപ്രദേശത്ത് കുറഞ്ഞത് ഒന്നര സെന്റും ആയിരിക്കണം. ആശ്രയ പദ്ധതിയുടെ ഗുണഭോക്താക്കൾ ഈ രീതിയിൽ വിലയ്ക്ക് വാങ്ങുന്ന ഭൂമിയുടെ രജിസ്ട്രേഷൻ ചെലവുകൾ, ധനസഹായ തുകയ്ക്ക് ഉപരിയായി പ്രോജക്ട് വിഹിതത്തിൽ ഉൾപ്പെടുത്താം. തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ വാങ്ങുന്ന ഭൂമി കൈമാറ്റം ചെയ്യാതിരിക്കുന്നതിന് ബന്ധപ്പെട്ട വ്യവസ്ഥകൾ ആധാരത്തിൽ ഉൾക്കൊള്ളിക്കണം. 12 വർഷത്തേക്ക് ആധാരം തദ്ദേശഭരണ സ്ഥാപനത്തിൽ സൂക്ഷിക്കണം.

മഴവെള്ള സംഭരണി : നിലവിലുള്ള വ്യവസ്ഥകളിൽ ഇളവ്

പുതിയ കെട്ടിട നിർമ്മാണത്തിന് മഴവെള്ള സംഭരണി നിർബന്ധമാക്കുന്ന വ്യവസ്ഥകളിൽ ഇളവ് അനുവദിക്കുമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി പാലോളി മുഹമ്മദ്കുട്ടി അറിയിച്ചു. നിലവിലുള്ള വ്യവസ്ഥകൾ നടപ്പാക്കുന്നതിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുണ്ടാകുന്ന പെരുമാറ്റം ജനങ്ങൾക്ക് വളരെയേറെ ബുദ്ധിമുട്ടുണ്ടാക്കുന്നതായി ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിനാൽ എട്ട് സെന്റ് (320 m^2) ന് മീതെ വിസ്തൃതിയുള്ള പുരയിടത്തിൽ പണിയുന്ന 1650 ചതുരശ്ര അടി (150 m^2) യിൽ കൂടുതൽ തറവിസ്തീർണ്ണമുള്ള വാസഗൃഹങ്ങൾക്ക് മാത്രം മഴവെള്ളസംഭരണം ബാധകമായിരിക്കും. വാസഗൃഹങ്ങളുടെ കാര്യത്തിൽ മഴവെള്ളം ഭൂഗർഭത്തിലേയ്ക്ക് ഒഴുക്കി വിടുന്നതിന് ആവശ്യമായ സംവിധാനങ്ങളോ മഴവെള്ളം ശേഖരിക്കുന്നതിന് ഉപയുക്തമാകുന്ന കുളങ്ങളോ കിണറുകളോ ഇല്ലാത്തയിടങ്ങളിൽ മാത്രം മഴവെള്ള സംഭരണ സംവിധാനം ഏർപ്പെടുത്തിയാൽ മതിയാകും. വെള്ളക്കെട്ടുള്ള പ്രദേശങ്ങളിൽ ഇത്തരം സംവിധാനങ്ങൾ നിർബന്ധമാക്കേണ്ടതില്ല. ഇ.എം.എസ് ഭവനപദ്ധതി അടക്കമുള്ള പാവപ്പെട്ടവർക്കു വേണ്ടിയുള്ള പാർപ്പിട പദ്ധതികൾക്ക് ഒന്നും മഴവെള്ള സംഭരണി നിർബന്ധമല്ല. ഇ.എം.എസ് ഭവന പദ്ധതിയിൽപ്പെട്ട വീടുകൾക്ക് ജലസംഭരണി സ്ഥാപിക്കണമെങ്കിൽ അതിനുള്ള തുക പൂർണ്ണമായും സബ്സിഡിയായി നൽകും. മഴവെള്ള സംഭരണവുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്കുണ്ടാകുന്ന ആശങ്ക ദൂരീകരിക്കാനാണ് ഇക്കാര്യത്തിൽ പരിഷ്കാരങ്ങൾ വരുത്താൻ തീരുമാനിച്ചത്.

വസ്തുനികുതി പരിഷ്ക്കരണം നിറുത്തിവച്ചു

സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഗാർഹിക- ഗാർഹികേതര കെട്ടിടങ്ങളുടെയും മൊബൈൽ ടവറുകളുടെയും വസ്തുനികുതി പരിഷ്ക്കരിച്ചുകൊണ്ട് പുറപ്പെടുവിച്ചിരുന്ന ഉത്തരവുകൾ പ്രകാരമുള്ള എല്ലാ നടപടികളും ഇനിയൊരു അറിയിപ്പ് ഉണ്ടാകുന്നതുവരെ നിറുത്തിവച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. എന്നാൽ പഴയ നിരക്കിൽ നികുതി ഈടാക്കുന്ന നടപടി തുടരേണ്ടതാണ് (സ.ഉ.(എം.എസ്)നം.140/09/തസ്വഭവ.തീയതി. 22.07.2009).

Edited and Published by Dr. V.M. Gopala Menon IAS, Director of Panchayats, Govt. of Kerala, Thiruvananthapuram - 695 033
and Printed for GLM at Akshara Offset, Thiruvananthapuram.



ഗ്രാമ നഗര ഭരണത്തിന്റെ
നേർക്കാഴ്ചകളുമായി

പഞ്ചായത്ത് രാജ്

- ലേഖനങ്ങൾ
- മാതൃകകൾ
- അനുഭവങ്ങൾ
- ഫീച്ചറുകൾ
- അവലോകനങ്ങൾ
- വാർത്തകൾ

വായിക്കുക വരിക്കാരാകുക

പരസ്യ നിരക്ക്

		തുക (രൂപയിൽ)
കവർ (അവസാനപുറം) കളർ	:	12000/-
കവർ (ഉൾവശം) കളർ	:	10000/-
കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ്	:	8000/-
മറ്റു പേജുകൾ (കളർ)	:	8000/-
മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്)	:	6000/-
അര പേജ് (കളർ)	:	5000/-
അര പേജ് (ബ്ലാക്ക് & വൈറ്റ്)	:	3000/-

വാർഷിക വരിസംഖ്യ : 120 രൂപ
ഡിമാന്റ് ഡ്രാഫ്റ്റായോ,
മണിഓർഡറായോ അയയ്ക്കുക.

വിലാസം:
എഡിറ്റർ / പഞ്ചായത്ത് ഡയറക്ടർ,
പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്,
മ്യൂസിയം പി.ഒ., തിരുവനന്തപുരം-695033